# സി.എം. മടവൂർ മഖാം

## അമീർ ഒതുക്കുങ്ങൽ

**കോ**ഴിക്കോട് ജില്ലയിലെ മടവൂർ എന്ന കൊച്ചുഗ്രാമത്തിൽ കുഞ്ഞിമാഹിൻകോയ മുസ്ലിയാരുടെയും ആയിശ ഹജ്ജുമ്മയുടേയും മകനായി 1929ലാണ് സി.എം. അബൂബക്കർ മുസ്ലിയാർ ജനിക്കുന്നത്. ഈ അബൂബക്കർ മുസ്ലിയാർ ഇന്ന് ''സി.എം. വലിയുല്ലാഹി'' എന്ന സ്ഥാനപ്പേരിൽ എത്തിനിൽക്കുമ്പോൾ അതിനിടയിലുള്ള ചരിത്രങ്ങൾ കെട്ടുകഥകളും അതിശയോക്തിയും അനിസ്ലാമികതയും നിറഞ്ഞതാണ്. അല്ലാഹുവിന്റെ ഔലിയാക്കൾ അല്ലാഹുവിനെ ഭയപ്പെട്ടും ഇസ്ലാമിക ശരീഅത്ത് മുറുകെപ്പിടിച്ചും ഇബാദത്ത് ചെയ്തു ജീവിക്കുന്നവരാണ്. എന്നാൽ അങ്ങനെ ജീവിച്ച ഒരു കാലഘട്ടം അബൂബക്കർ മുസ്ലിയാരുടെ ജീവിതത്തിൽ കടന്നു പോയിട്ടുണ്ട്. പക്ഷെ വിചിത്രമെന്ന് പറയട്ടെ ആ കാലഘട്ടത്തിലൊന്നും അബൂബക്കർ മുസ്ലിയാർ ഒരു ഔലിയ ആയി അവതരിക്കപ്പെട്ടിട്ടില്ല. ഏതെങ്കിലുമൊരു ഇസ്ലാമിക നിയമത്തിന്റെ മേൽ കരിവാരിത്തേച്ചിട്ട് വേണമല്ലോ സമസ്തക്കാരുടെ ഔലിയക്ക് വിലായത്തിലേക്ക് പിച്ചവെച്ച് നടന്ന് തുടങ്ങാൻ. അബൂബക്കർ മുസ്ലിയാരും ആ പതിവ് തെറ്റിച്ചിട്ടില്ല. തികച്ചും ഒരു ഇസ്ലാമിക വിരുദ്ധ പ്രവർത്തനം നടത്തിക്കൊണ്ട് തന്നെയാണ് ടിയാനും വിലായത്തിലേക്ക് കാല് കുത്തിയത്.

മാന്യമായ രീതിയിൽ ഇദ്ദേഹം നടത്തിയിരുന്ന ദർസ് പൊടുന്നനെ പിരിച്ചുവിടുകയും കുടുംബ കാര്യങ്ങൾ അവഗണിക്കുകയും ചെയ്ത് കൊണ്ട് അബൂബക്കർ മുസ്ലിയാർ കുറേശ്ശെയായി വിലായത്ത് പ്രകടിപ്പിക്കാൻ തുടങ്ങി. യഥാർത്ഥത്തിൽ അബൂബക്കർ മുസ്ലിയാരിൽ ഈ മാറ്റം കണ്ടുതുടങ്ങിയത് പുലി മൊയ്തീൻ എന്ന ഒരു രാക്ഷസരൂപിയെ കണ്ടതിന് ശേഷമാണ്. ഉണ്ടക്കണ്ണും കപ്പടാമീശയും പുലിത്തോലും ധരിച്ച് കോഴിക്കോട് പ്രത്യക്ഷപ്പെടാറുണ്ടായിരുന്ന പുലിമൊയ്തീന്റെ ജീവിതപശ്ചാത്തലം ആർക്കും അറിയില്ലായിരുന്നു. സമസ്ത മതക്കാരെ സംബന്ധിച്ച് അത് അറിയേണ്ടതുമില്ല. ഏതായാലും പുലിമൊയ്തീനുമായി ബന്ധം സ്ഥാപിച്ചതിന് ശേഷമായിരുന്നു അബൂബക്കർ മുസ്ലിയാർ വഷളായത് അഥവാ ഔലിയായത്. പിന്നീടങ്ങോട്ടുള്ള ജീവിതത്തിൽ ഇസ്ലാം കൽപിച്ച എല്ലാ കാര്യങ്ങളും സി.എം. ഉപേക്ഷിക്കാൻ തുടങ്ങി എന്നത് ചരിത്രം. നമസ്കരിക്കുക, നോമ്പ് നോൽക്കുക, സൽകർമ്മം ചെയ്യുക ഇതൊന്നും സി.എ. എമ്മിന്റെ ജീവിതത്തിൽ ഇല്ലായിരുന്നു എന്ന് അദ്ദേഹത്തിന്റെ കറാമത്ത് പുസ്തകം തന്നെ പറയട്ടെ:

''മമ്മൂട്ടി മൂപ്പന്റെ വീട്ടിലെ മൂന്ന് വർഷക്കാലത്തിനിടയിൽ ഒരുദിവസം മഗ്രിബും ഇശായും മാത്രമാണ് മൊയ്തീൻ സാഹിബ് നിസ്കരിച്ചത്..................ശൈഖുനയും (സി.എം) ഹാജ്യാരും ബാവു എന്ന അഹമ്മദ് കോയയും സാഹിബിനെ തുടർന്ന് നമസ്കരിക്കുകയും ചെയ്തു.'' *(മടവൂർ സി.എം. വലിയുല്ലാഹി പേജ്: 78)*

''ശൈഖുന നോമ്പ് നോറ്റിരുന്നില്ലെന്നതിന് പുറമെ പകൽ സമയത്ത് ചിലർക്ക് ബാക്കിയുള്ള ഭക്ഷണവും മറ്റും കൊടുത്ത് നോമ്പ് മുറിപ്പിക്കുകയും ചെയ്തിരുന്നു.'' *(അതേ പുസ്തകം പേജ്. 100)*

''ക്രമേണ ശൈഖുനക്ക് കുടുംബ ജീവിതത്തോട് വിരക്തി തോന്നിത്തുടങ്ങി. ഉമ്മയോടും ഭാര്യയോടും സംസാരിക്കാതെയായി'' *(അതേപുസ്തകം. പേജ് 60)*

‘‘അതിനിടയിൽ ശൈഖുന മലയമ്മ അബൂബക്കർ മുസ്‌ലിയാരെ കാണുവാൻ പോയി. തിരിച്ച് വന്നപ്പോഴേക്കും അവസ്ഥ ആകെ മാറി. സ്വശരീരത്തെ ഇരുമ്പ് കൊണ്ട് മർദ്ദിക്കുവാനും കിണറ്റിൽ ചാടുവാനും മറ്റും ശ്രമിച്ചു.’’ *(അതേ പുസ്തകം. പേജ്: 79)*

ഇങ്ങനെയിങ്ങനെ പോയാൽ സി.എമ്മിന്റെ കറാമത്ത് നിരവധിയാണ്. അല്ലാഹു കൽപിച്ച കാര്യങ്ങൾ ഉപേക്ഷിക്കുകയും അല്ലാഹു വിരോധിച്ച കാര്യങ്ങൾ നടപ്പാക്കുകയും ചെയ്യുന്നവനാരോ അവനാണ് സമസ്തക്കാരന്റെ ഭാഷയിൽ ‘വലിയ്യ്.’ ഈ ‘ഗുണ’ങ്ങളെല്ലാം സി.എമ്മിലും ഉണ്ടായിരുന്നു എന്നത് നമ്മുടെ വാദമല്ല. അദ്ദേഹത്തിന്റെ പേരിൽ രചിക്കപ്പെട്ട കറാമത്ത് പുസ്തകത്തിലെ വരികളിൽ ഉള്ളതാണ്. സി. എം. മൂത്രമൊഴിച്ചാൽ ശുദ്ധീകരിക്കാറില്ലായിരുന്നുവെന്നും താടിയും മീശയും വടിക്കാറുണ്ടായിരുന്നുവെന്നും സ്വർണ്ണത്തിന്റെ ആഭരണങ്ങൾ ധരിക്കാറുണ്ടായിരുന്നുവെന്നും വലിയ ആദരവോടെ തന്നെ ഇതിൽ എഴുതിവിട്ടിട്ടുണ്ട്. എത്രത്തോളം അനിസ്‌ലാമിക പ്രവർത്തനങ്ങൾ ചെയ്യുന്നുവോ അത്രത്തോളം ദറജ സമസ്തക്കാരന്റെ വലിയ്യിന്കൂടും എന്നതിന് ഈ പുസ്തകം സാക്ഷിയാണ്. യഥാർത്ഥത്തിൽ ആരാണ് അല്ലാഹുവിന്റെ വലിയ്യ് എന്നും വലിയ്യിനുണ്ടാവേണ്ട യോഗ്യത എന്തെന്നും ഇതേ പുസ്തകത്തിന്റെ അവതാരികയിൽ പറയുന്നുണ്ട്. അത് ഇങ്ങനെ വായിക്കാം:

‘‘അല്ലാഹുവിന്റെ കൽപ്പനകൾ പരമാവധി പാലിക്കുകയും നിരോധനങ്ങൾ പൂർണ്ണമായും വെടിയുകയും അനുവദനീയമായ സുഖാഡംബരങ്ങളിൽ നിന്നെല്ലാം മുക്തമായ സൂക്ഷ്മ ജീവിതം നയിക്കുകയും ചെയ്യുന്നത് മൂലം അല്ലാഹുവിന്റെ ഇഷ്ടവും സാമീപ്യവും സിദ്ധിച്ച വ്യക്തികളാണ് അല്ലാഹുവിന്റെ ഔലിയാക്കൾ’’ *(മടവൂർ സി.എം. വലിയുള്ളാഹി പേജ്: 7)*

പക്ഷെ ഈ പറഞ്ഞ ഒരു സ്വഭാവവും സി.എമ്മിന്റെ വിലായത്ത് ജീവിതത്തിൽ ഇല്ലായിരുന്നുവെന്ന് ഇതേ പുസ്തകം തന്നെയാണ് പിന്നീട് പറയുന്നത്. അല്ലാഹുവിന്റെ റസൂൽ പഠിപ്പിച്ചതിനപ്പുറം വലിയ്യിനും കറാമത്തിനും പുതിയ നിർവ്വചനം നൽകിയവരാണ് സമസ്തക്കാർ. അതു കൊണ്ടു തന്നെ ഇവരുടെ ഔലിയക്ക് വേണ്ട മിനിമം യോഗ്യത അരപ്പിരി ലൂസുണ്ടായിരിക്കണം എന്നാണ്. മാത്രമല്ല ശരീഅത്തിന്റെ നിയമ നിർദ്ദേശങ്ങൾ പരമാവധി ലംഘിക്കുകയും വേണം. അത്തരത്തിലുള്ള ഭ്രാന്തന്മാർക്ക് മാത്രമേ സമസ്തക്കാർ വിലായത്ത് പട്ടം നൽകുകയുള്ളൂ. അല്ലാത്തവൻ എത്ര തഖ്‌വയുള്ളവനായാലും അവനെ ഔലിയയാക്കാൻ സമസ്തക്കാർക്ക് മടിയാണ്. സമസ്തക്കാരുടെ പണ്ഡിത നേതൃത്വത്തിൽ നിരവധിയാളുകൾ മരണപ്പെട്ടിട്ടുണ്ട്. അവരുടെയൊക്കെ വിശ്വാസം എന്തായിരുന്നാലും അഞ്ച് നേരം നിസ്കരിക്കുകയും നോമ്പ് നോൽക്കുകയും ചെയ്തവരായിരുന്നു. പക്ഷെ, അത്ഭുതമെന്ന് പറയട്ടെ അത്തരത്തിലുള്ളവരെ വലിയ്യാക്കാനോ, ജാറം കെട്ടാനോ വിളിച്ച് പ്രാർത്ഥിക്കാനോ സമസ്തക്കാർ തയ്യാറായിട്ടില്ല. എന്ത് കൊണ്ടാണത്? ഉത്തരം ലളിതം. അവരൊന്നും ഭ്രാന്തന്മാരായിരുന്നില്ല.

ഏതായാലും സി.എം. അബൂബക്കർ മുസ്ല്യാർ സംഭവബഹുലമായ മനോരോഗജീവിതത്തിനൊടുവിൽ മരണപ്പെടുകയുണ്ടായി. അതിന് ശേഷം നിറം പിടിപ്പിച്ച കള്ളക്കറാമത്ത് കഥകൾ ഇരു സമസ്തക്കാരും യഥേഷ്ടം പ്രചരിപ്പിക്കാൻ തുടങ്ങി. മടവൂരിലുള്ള സി.എം അതേ സമയം അമേരിക്കയിലും സൗദിയിലും അങ്ങനെ പലയിടങ്ങളിലും പ്രത്യക്ഷ്യപ്പെട്ടിരുന്നതായി സാക്ഷാൽ കാന്തപുരവും പേരോടും പൊന്മളയും തന്നെയാണ് പറയുന്നത്. മാത്രമല്ല മുൻ കേന്ദ്രമന്ത്രി സി.എം ഇബ്രാഹീമിനെ മന്ത്രിയാക്കിയതും ആ മന്ത്രിപ്പണി തെറിപ്പിച്ചതും സി.എം. ആയിരുന്നുവത്രെ. മാത്രമല്ല ഭൂമിയിലുള്ളതെല്ലാം നിയന്ത്രിക്കുന്നതും സി.എം ആയിരുന്നു പോലും. ഭൂമിയിൽ മൊത്തം സമസ്തക്കാരായിരുന്നുവെങ്കിൽ അവരെ നിയന്ത്രിക്കാൻ ഇത് പോലെയുള്ള അരപ്പിരിയോ, മുഴുപ്പിരിയോ ഉള്ളവർ മതിയാകും. പക്ഷെ ഇവിടെ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനെ മാത്രം വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്ന ലക്ഷക്കണക്കിനാളുകൾ ഉണ്ട്. അവരൊന്നും ഇത്തരം ഭ്രാന്തന്മാരുടെ സ്വാധീന വലയത്തിൽ പെടുകയോ അവരെ നിയന്ത്രിക്കാൻ ഇത്തരം ഭ്രാന്തമാർക്ക് സാധിക്കുകയോ ഇല്ലല്ലോ. സി.എമ്മിന്റെ ശവകുടീരം ഇന്ന് കേരളത്തിലെ ഏറ്റവും പണം കൊയ്യുന്ന ദർഗകളിൽ ഒന്നാണ്. അത് മുൻകൂട്ടി കണ്ടത് കൊണ്ടാവണം വിശ്വാസികളെ പരമാവധി ചൂഷണം ചെയ്യാൻ ഇരു സമസ്തക്കാരും മത്സരിക്കുന്നുണ്ട്. ഏതായാലും സി.എമ്മിന്റെ ശവകുടീരം ലഭിച്ചത് ഇ.കെ വിഭാഗം സമസ്തക്കാർക്കാണ്. പക്ഷെ അത് കൊണ്ട് അണ്ടി പോയ അണ്ണാനെപ്പോലെയിരിക്കാൻ എ.പി സുന്നികൾ തയ്യാറായില്ല. ജാറത്തിലേക്ക് പോകുന്ന വഴിയേ സി.എം മഖാം

സെന്റർ എന്ന പേരിൽ ഒരു കെട്ടിടമുണ്ടാക്കി സി.എം ഇവിടെയും വരാറുണ്ടെന്ന പേരിൽ അവിടെയും പണപ്പിരിവ് നടത്തുന്നു എ.പി സമസ്തക്കാർ. സി.എം ജാറസുന്നികളും സി.എം സെന്റർ സുന്നികളും തമ്മിലുള്ള പാരയും പകയും ചിലപ്പോഴൊക്കെ നാം വായിക്കാറുണ്ട്. എന്തൊക്കെപ്പറഞ്ഞാലും ഇയാളുടെ ജാറത്തിലേക്കും ആളുകൾ കൂലം കുത്തിയൊഴുകുന്നുണ്ട്. പണം കുമിഞ്ഞ് കൂടുന്നുമുണ്ട്. അതിന് വേണ്ടി പടച്ചുണ്ടാക്കിയ കള്ളക്കറാമത്ത് കഥകളാണ് നാം മുകളിൽ വായിച്ചത്. പക്ഷെ, അതിൽ മിക്കതും ''ഹറാ''മത്ത് കഥകളാണ് എന്ന് മാത്രം. അല്ലാഹുവിന്റെ വലിയ്യും സമസ്തക്കാരന്റെ വലിയ്യും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ ഇവരുടെ ഏത് ഔലിയയുടെ ജീവിതം പരിശോധിച്ചാലും ഏത് ദർഗ്ഗകളുമായി ബന്ധപ്പെട്ട കഥകൾ വായിച്ചാലും നമുക്ക് കാണാം.

# പുതുപൊന്നാനി മുനമ്പത്ത് ബീവി ജാറം

## അമീർ ഒതുക്കുങ്ങൽ

കേരളത്തിലെ മക്ക എന്നറിയപ്പെടുന്ന പൊന്നാനിക്ക് എക്കാലഘട്ടത്തിലും ഒരു ആത്മീയതയുടെ പരിവേഷം ചാർത്തപ്പെട്ടിട്ടുണ്ട്. സൈനുദ്ദീൻ മഖ്ദൂം, വെളിയങ്കോട് ഉമർ ഖാളി തുടങ്ങിയ പ്രശസ്തരൊക്കെ പിറന്നു വീണത് ഈ മണ്ണിലായത്കൊണ്ടായിരിക്കണം, പിന്നീട് പലവട്ടം ആത്മീയ പരിവേഷം ചാർത്തപ്പെട്ട കള്ള നാണയങ്ങൾ പലതും തമ്പടിച്ചതും പുതുപൊന്നാനിയിലാണ്. കേരള മുസ്‌ലിംകളുടെ നിർഭാഗ്യം കൊണ്ടോ കേരള മുസ്‌ലിയാക്കളുടെ ഭാഗ്യം കൊണ്ടോ എന്തോ...... 25 വർഷം മുമ്പ് ഒരു അജ്ഞാത ശവം വന്നടിഞ്ഞതും പുതുപൊന്നാനി കടപ്പുറത്താണ്. ആ ശവത്തിന്റെ നാടോ പേരോ ജാതിയോ മതമോ ഒന്നും ഇന്ന് വരെയുള്ള ചരിത്രത്തിൽ ലഭ്യമല്ല. ഒന്നു മാത്രമറിയാം. അതൊരു സ്ത്രീയുടെ ശവമായിരുന്നു. എങ്ങനെയാണ് ആ ശവം കടലിൽ വന്നത്? കടലിലേക്ക് ചാടി ആത്മഹത്യ ചെയ്തതാണോ? അതോ ആരെങ്കിലും തല്ലിക്കൊന്ന് കടലിലെറിഞ്ഞതാണോ? അതുമല്ലെങ്കിൽ കടൽ ക്ഷോഭം മൂലം മരണപ്പെട്ടതാണോ? അറിയില്ല. പുതു പൊന്നാനി മുനമ്പത്ത് കടൽ തീരത്ത് അടിഞ്ഞ ഈ ശവം ഇരുപത്തിയൊന്ന് ദിവസം കരയിൽ കിടന്ന് ചീഞ്ഞളിഞ്ഞു. പുഴുക്കളും കീടങ്ങളും ആ ശവത്തിൽ കൂടു കെട്ടി. ഇരുപത്തിര ാം ദിവസം വയനാട്ടുകാരായ ആരോ ആ ശവം കുഴിച്ച് മൂടി.

ഇവിടെ കഥ അവസാനിക്കുകയല്ല. തുടങ്ങുകയാണ്. ഊരും പേരും അറിയാതെ ഇരുപത്തിയൊന്ന് ദിവസം കിടന്ന് ചീഞ്ഞളിഞ്ഞ് അവസാനം നാറ്റം സഹിക്കവയ്യാതെ ആരോ കുഴിച്ച് മൂടിയ ആ ശവകുടീരം ഇന്ന് സമസ്തക്കാരുടെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നാണ്. ഇന്നവർ അതിന് ഇമ്പമുള്ള ഒരു പേരും നൽകിയിട്ടു ്. അതാണ് ''വലിയ്യത്തല്ലാഹി പുതുപൊന്നാനി മുനമ്പത്ത് ബീവി ഫാത്തിമത്ത് സുഹ്റ(റ)''

എന്നാൽ ആദ്യകാലത്ത് ഈ ശവത്തിനോട് 'സുന്നി' കൾക്കുണ്ടായിരുന്ന നിലപാട് എന്തായിരുന്നു എന്നത് 1990 ജൂലൈ മാസത്തിലെ സുന്നിവേദിയിൽ നിന്ന് വായിക്കുന്നത് നന്നായിരിക്കും.

''മമ്പുറം, നാഗൂർ പോലെ ഒരു കഴിഞ്ഞ സമാനിൽ ഉള്ള മഖ്ബറയല്ല മുനമ്പത്ത് ബീവിജാറം, ഈ സമാനിൽ തന്നെയാണ് അതിന്റെ തുടക്കം, ഈ ബീവി ഒരു മഹതിയാണ് എന്നതിന് അടിസ്ഥാനപരമായി ഒരു തെളിവും ഇല്ല. രണ്ട് ജഡമാണ് അന്ന് കടലിൽ നന്ന് കിട്ടിയത്, അതിൽ പുരുഷന്റേത് പോസ്റ്റർമോട്ടം നടത്തി മറമാടി. സ്ത്രീയുടെ ജഡത്തിന്റെ അടുത്തേക്ക് പോലും അടുക്കാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ മലപ്പുറം ജില്ലയിലെ കൂട്ടിലങ്ങാടി അടുത്തുള്ള പ്രദേശത്തെ ഭിക്ഷ എടുത്തിരുന്ന വൃദ്ധരാണ് ഖബർ പോലും എടുക്കാതെ അത് കുഴിച്ചുമൂടിയത്'' *(സുന്നി വേദി 1990 ജൂലൈ 19–26)*

എന്നാൽ വർഷം കുറച്ചുകഴിഞ്ഞ് 2004 ഏപ്രിൽ മാസത്തിലെ പൂങ്കാവനം മാസിക നാം വായിക്കുമ്പോൾ മുനമ്പത്ത് ബീവിയോടുള്ള 'സുന്നി'കളുടെ നിലപാട് ആകെ മാറി. കഥയിൽ ചെറിയ മാറ്റം വന്നു. ചേരുവയായി കറാമത്തിന്റെ അകമ്പടി വന്നു. ഈ ജഡം കുഴിച്ചിട്ടത് കൂട്ടിലങ്ങാടിയിലെ ഭിക്ഷക്കാരായ വൃദ്ധരാണ് എന്ന് സുന്നി വേദി പറയുമ്പോൾ അത് ചെയ്തത് വയനാട്ടുകാരായ വൃദ്ധ ദമ്പതികളാണെന്ന് പൂങ്കാവനം പറയുന്നു. പൂങ്കാവനം പറയുന്നത് ഒരു അജ്ഞാത സ്ത്രീജഡം ഒഴുകി വന്നു എന്നാണെങ്കിൽ ര ് ജഡമുണ്ടായിരുന്നു എന്നാണ് സുന്നി വേദി പറയുന്നത്. അതിൽ പുരുഷന്റെ ജഡം പോസ്റ്റ്മോർട്ടം ചെയ്ത് ഖബ്റടക്കിപോലും. ഏതായാലും ആ ശവം സമസ്തക്കാരന്റെ കസ്റ്റഡിയിൽ കിട്ടിയിട്ടില്ലെന്നുറപ്പ്. കിട്ടിയിരുന്നുവെങ്കിൽ അതിനും ജാറം കെട്ടി ''പുതുപൊന്നാനി മുനമ്പത്ത്

സയ്യിദ് അന്ത്രുപ്പാപ്പ'' എന്നോ ''സയ്യിദ് ആലിപ്പാപ്പ'' എന്നോ നാമകരണം ചെയ്ത് പേരിന് ശേഷം ബ്രാക്കറ്റിൽ ഒരു ''റ'' ചേർത്ത് അവിടെയും ഒരു തീർത്ഥാടനകേന്ദ്രമാക്കി മാറ്റിയേനെ ഈ ഖുറാഫി പുരോഹിതന്മാർ. ഈ അജ്ഞാത ശവത്തിന് എന്നുമുതലാണ് ഫാത്തിമത്തുസുഹ്റ എന്നപേരു വന്നത്? പേരിന് ശേഷം ബ്രാക്കറ്റിൽ എങ്ങനെയാണ് ഒരു 'റ' വന്നത്? ഇത് ഒരു വലിയ്യത്താണെന്ന് സമസ്തക്കാരനോട് ആരാണ് പറഞ്ഞത്? ഈ അജ്ഞാത ശവത്തിന്റെ ജീവചരിത്രവും ക്വാളിഫിക്കേഷനും സമസ്തക്കാരന് എവിടുന്ന് ലഭിച്ചു? ശവമാകുന്നതിന് മുമ്പ് ഈ സ്ത്രീയുടെ ജീവിതം എന്തായിരുന്നു? മുസ്‌ലിമായിരുന്നോ, അതോ നായരോ പട്ടരോ തിയ്യരോ പുലയത്തിയോ ക്രിസ്ത്യാനിയോ.........? ഇങ്ങനെ ചോദ്യങ്ങൾ നിരവധിയാണ്. ഇതിലൊന്നിനുപോലും സമസ്തക്കാരന് മറുപടി പറയാൻ സാധിക്കില്ല. കാരണം, ഇവരെ സംബന്ധിച്ച് ശവമാകുന്നതിന് മുമ്പ് എങ്ങനെയെന്നത് പ്രശ്നമല്ല. ശവമായതിന് ശേഷം അത് എങ്ങനെ മുതലാക്കാം എന്നതാണ് ഇവരുടെ ഗവേഷണത്തിന് തീം.

ആദ്യകാലത്തൊക്കെ ഈ ശവത്തെ സമസ്തക്കാർ എതിർത്തിരുന്നുവെങ്കിലും പിന്നീട് അവിടെയുള്ള വരുമാനത്തിന്റെ വർദ്ധനവ് ശ്രദ്ധയിൽപെട്ട സമസ്തക്കാർ തന്ത്രപൂർവ്വം കളംമാറ്റിച്ചവിട്ടി. പിന്നീട് ഈ ശവത്തെപറ്റി എഴുതുമ്പോഴെല്ലാം ഭക്തിയോടുകൂടി മാത്രമേ ഇവർ എഴുതാറുള്ളൂ. അതിന്റെ പേരിൽ പ്രചരിപ്പിക്കുന്ന നിറം പിടിപ്പിച്ച കള്ളക്കറാമത്തുകഥകളുടെ സൃഷ്ടിപ്പിലും പ്രചരണത്തിലും സമസ്തക്കാരന്റെ പ്രസിദ്ധീകരണങ്ങൾ ആവോളം പങ്കുവഹിച്ചിട്ടുണ്ട്. ആശയറ്റവർക്ക് ആശാകേന്ദ്രവും, ആലംബഹീനർക്ക് അവലംബവുമാണ് മുനമ്പത്ത് ബീവിജാറം എന്ന് എ.പി. 'സുന്നി'കളുടെ മാസികയായ പൂങ്കാവനം തന്നെ പറയുന്നു. *(പൂങ്കാവനം 2004 ഏപ്രിൽ)* ഇത് ഒരു അജ്ഞാത ജഡമാണെന്നും ഇതിനെക്കുറിച്ച് ആർക്കും ഒന്നും അറിയില്ലെന്നും സുന്നിവേദി പറഞ്ഞത് നാം മുകളിൽ വായിച്ചു. ഒരു അജ്ഞാത ശവത്തിന് മേൽവിലാസമുണ്ടാക്കാനും പിന്നീട് അത് വൻ വ്യവസായ കേന്ദ്രമാക്കാനും സമസ്തക്കാർക്കുള്ള കഴിവ് കണ്ടാൽ ഇബ്‌ലീസുപോലും നാണിച്ചുപോകും.

ഇത്പോലെയുള്ള പേരറിയുന്നതും അറിയാത്തതുമായ എല്ലാ ശവകുടീരങ്ങൾക്കും പ്രോത്സാഹനം നൽകാൻ ഖുബൂരിമുഫ്തിയായ പൊന്മള അബ്ദുൽ ഖാദർ മുസ്‌ലിയാർ ഖബ്ർ സിയാറത്ത് തെറ്റും ശരിയും എന്ന പേരിൽ ഈയിടെ ഒരു കാസറ്റ് ഇറക്കുകയുണ്ടായി. ഈകാസറ്റിലും മുനമ്പത്ത് ബീവി ജാറം പരാമർശ വിധേയമാകുന്നുണ്ട്. ''ഇത് ഊരും പേരും അറിയാത്ത ഒരു ജഡമല്ലേ?, ഇങ്ങോട്ട് സിയാറത്തിന് പോകാൻ പാടുണ്ടോ''? എന്ന ചോദ്യത്തിന് ഇയാൾ പറയുന്ന മറുപടി രസാവഹമാണ്. ''അവിടെ സ്വാലിഹീങ്ങളായ നിരവധി ആളുകൾ സിയാറത്തിന് വരുന്നുണ്ടെന്നും സ്വാലിഹീങ്ങൾ നല്ലതായിക്കാണുന്ന ഒരുകാര്യം അല്ലാഹുവിന്റെയടുക്കൽ സ്വീകരിക്കപ്പെടുമെന്നുമുള്ള ഞൊണ്ടി ന്യായമാണ് പൊന്മളക്കാരൻ ഇതിന് നൽകിയ ഗുഡ് സർട്ടിഫിക്കറ്റ്.

ഇക്കണക്കിന് നോക്കിയാൽ ഇയാളെപ്പോലെയുള്ള കുറച്ച് സ്വാലിഹീങ്ങൾ (?) ക്ക് നാളെ ഒരു വ്യഭിചാരകേന്ദ്രം നല്ലതായി തോന്നുകയും അവിടെ പത്ത് തലേകെട്ടുകാർ സന്ദർശിക്കുകയും ചെയ്താൽ അതും അല്ലാഹു സ്വീകരിക്കുമെന്നാണോ ഈ ശവകുടീരകാവലാളിന്റെ ആധുനിക ഫത്‌വയുടെ പൊരുൾ?

എന്തൊക്കെയായാലും ശിയാക്കൾ അവരുടെ ഇമാമുമാർക്കും മറ്റും മാത്രമേ ജാറം കെട്ടാറുള്ളൂ എന്നാണ് ഈ ലേഖകന്റെ അറിവ്. പക്ഷെ, സമസ്തക്കാരന് ഇമാമ് തന്നെ വേണം, അല്ലെങ്കിൽ ഒരു മുത്തഖി തന്നെ വേണമെന്നുള്ള അഹങ്കാരമോ പിടിവാശിയോ ഇല്ല. അക്കാര്യത്തിൽ വിശാലമായ ഹൃദയത്തിന്റെ ഉടമകളാണ് അവർ. ഏതെങ്കിലും ഒരു ശവം മതി അവർക്ക്. അഡ്രസ്സില്ലാത്ത ശവമാണെങ്കിൽ ഏറ്റവും ഉചിതമായി. പിന്നീട് അവകാശികളാരെങ്കിലും വരുമെന്ന ഭയം വേണ്ടല്ലോ..........അതിന്റെ ഒന്നാമത്തെ ഉദാഹരണമാണ് പുതുപൊന്നാനി ജാറം. ഈ ശവകുടീര വ്യവസായികളുടെ നീരാളിപ്പിടുത്തത്തിൽനിന്നും കേരള മുസ്‌ലിംകളെ അല്ലാഹു കാത്തുരക്ഷിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

# ഓച്ചിറ ഉപ്പാപ്പ അഥവാ കുപ്പസ്വാമി

**അമീർ ഒതുക്കുങ്ങൽ**

ഖുറാഫാത്തിന്റെയും ശിർക്കിന്റെയും വിപണനത്തിലും വിതരണത്തിലും കൊല്ലം ജില്ലയും ഒട്ടും പിന്നിലല്ലെന്നു മാത്രമല്ല വളരെ മുന്നിലാണ്താനും. കൊല്ലം ജില്ലയിലെ ഓച്ചിറയിൽ പതിറ്റാണ്ടുകൾക്ക് മുൻപാണ് ഇന്ന് ഓച്ചിറ ഉപ്പാപ്പ എന്നറിയപ്പെടുന്ന ഒരു യുവാവ് രംഗപ്രവേശം ചെയ്യുന്നത്. പൊതുവെ ആരോടും സംസാരിക്കാതെ അന്തർമുഖനായി കാണപ്പെട്ടിരുന്ന ഇയാളുടെ പേരോ മേൽവിലാസമോ ആർക്കുമറിയില്ലായിരുന്നു. അപൂർവ്വമായേ ഇയാൾ സംസാരിക്കുമായിരുന്നുള്ളൂ. അതും തമിഴ്ഭാഷയിൽ. ആൾ തമിഴ്നാട് സ്വദേശിയാണെന്ന് ഭാഷയിൽ നിന്നാണ് ജനങ്ങൾ മനസ്സിലാക്കിയത്. ഒരിക്കൽ പോലും നിസ്കരിക്കുകയോ മറ്റ് ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുകയോ എന്തിനധികം ചേലാകർമ്മംപോലും ചെയ്യപ്പെട്ടിട്ടില്ലെന്ന് പറയപ്പെടുന്ന ഇയാൾ എങ്ങനെയാണ് അനേകായിരം മുസ്ലിംങ്ങളുടെ അഭയകേന്ദ്ര മായ വലിയ്യ് ആയി മാറിയത്? അതിലേക്കുള്ള അന്വേഷണം രസകരവും വിചിത്രവുമായ ഒട്ടനവധി കഥ കൾ നമുക്ക് പറഞ്ഞുതരും. ജനങ്ങൾ ഇയാളെ ശ്രദ്ധിക്കാൻ തുടങ്ങിയത് മാനസിക വിഭ്രാന്തി പിടിപെട്ട ഇയാളുടെ ജീവിത രീതിയിൽനിന്നാണ്. രാവിലെ മുതൽ വൈകുന്നേരം വരെ തെരുവുകളിൽ അലഞ്ഞ്തി രിഞ്ഞ് വഴിയിൽ കാണുന്ന ചപ്പുകളും ചവറുകളുമെല്ലാം പെറുക്കിക്കൂട്ടി തന്റെ അരയിലുള്ള ഭാണ്ഡ ത്തിൽ കുത്തിനിറച്ച് രാത്രിയായാൽ തെരുവിലെ ഏതെങ്കിലുമൊരു പീടികത്തിണ്ണയിൽ ഇയാൾ അന്തിയുറ ങ്ങും. ക്രമേണ ക്രമേണ മാനസികനില തകരാറിലായ ഇയാൾ തന്റെ താവളം പീടികത്തിണ്ണയിൽനിന്നും തെരുവുകളിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന കുപ്പത്തൊട്ടിയിലാക്കി. അങ്ങനെയാണ് ഊരുംപേരും മേൽവിലാസവുമില്ലാത്ത മുസ്ലിമാണോ എന്ന്പോലും തീർച്ചയില്ലാത്ത ഇയാൾ കുപ്പിയിലുപ്പാപ്പ എന്ന അപരനാമത്തിൽ അറിയപ്പെടാൻ തുടങ്ങിയത്. ക്രമേണ ഇയാളെക്കുറിച്ച് പല അൽഭുതകഥകളും ജന ങ്ങൾക്കിടയിൽ പ്രചരിക്കാൻ തുടങ്ങി. കേട്ടവർ കേട്ടവർ അത് പൊടിപ്പും തൊങ്ങലും വെച്ച് പ്രചരിപ്പി ക്കാനും തുടങ്ങി. അങ്ങനെ അയാളെ സന്ദർശിക്കാൻ വരുന്ന തമിഴ്മക്കൾക്ക് കുപ്പയിലുപ്പാപ്പ കുപ്പസ്വാമി യായി മാറി.

പിന്നീട് പ്രായാധിക്യംമൂലം സഞ്ചാരം നിർത്തി പീടികത്തിണ്ണയിൽ തന്നെയായി ഇയാളുടെ ഇരുത്തവും കിടത്തവുമെല്ലാം. പീടികയുടെ സമീപത്ത് താമസിച്ചിരുന്ന ഒരു മുസ്ലിം സ്ത്രീ ഇയാളെ പൂർണ്ണമായും ഏറ്റെടുത്തു. ഇയാളുടെ പരിചരണം മുഴുവനും ഈ സ്ത്രീയായിരുന്നു പിന്നീട് നിർവ്വഹിച്ചത്. അത് മാനു ഷികമായ പരിഗണനകൊണ്ടോ അതോ ഇയാളെ വെച്ച് പണം സമ്പാദിക്കാം എന്ന കുരുട്ടുബുദ്ധി കൊണ്ടോ എന്നത് വ്യക്തമല്ല. രണ്ടാമത് പറഞ്ഞതിനാണ് സാധ്യത കൂടുതൽ. കാരണം ഇയാളെ സന്ദർശിക്കാൻ വരുന്നവർ നിക്ഷേപിക്കുന്ന പണം ഒരിക്കലും ഇയാൾ ഉപയോഗിക്കാറില്ലായിരുന്നു. ഏതാ യാലും വരും കാലലാഭങ്ങളുടെ സാധ്യതകൾ മണത്തറിഞ്ഞ ഈ സത്രീ പിന്നീട് തന്റെ വീടിനോട് ചേർന്ന് ഒരു താൽക്കാലിക റൂം നിർമ്മിച്ച് ഇയാളെ അങ്ങോട്ട് മാറ്റി. ക്രമേണ ക്രമേണ ഇയാളെക്കാണാൻ വരുന്നവരുടെ എണ്ണം വർദ്ധിച്ചു. അതോടുകൂടി വരുമാനത്തിലും ഗണ്യമായ വർദ്ധനവുണ്ടായി. പ്രസ്തുത വീട്ടിൽ വെച്ചാണ് കുപ്പസ്വാമി എന്ന ഓച്ചിറ ഉപ്പാപ്പ മരണപ്പെടുന്നത്. മരണപ്പെട്ടതിന് ശേഷം പല നാടകീ യസംഭവങ്ങൾക്കും ഓച്ചിറ സാക്ഷ്യം വഹിച്ചു. അമുസ്ലിമായ ഒരു മാനസിക രോഗിയുടെ ജഡത്തിന് വേണ്ടി ഓച്ചിറ പള്ളിമഹല്ലും പ്രസ്തുത സ്ത്രീയും തമ്മിൽ നടന്ന കൊമ്പ്കോർക്കലുകളെപറ്റി അറിയു മ്പോൾ ഉത്തമസമൂഹം എന്ന് നബി(സ) വിശേഷിപ്പിച്ച നമുക്ക് ലജ്ജിച്ചു തലതാഴ്ത്തുകയല്ലാതെ മറ്റു മാർഗ്ഗമില്ല. ഇയാളുടെ മരണവാർത്ത അറിഞ്ഞതും നാടിന്റെ നാനാഭാഗങ്ങളിൽനിന്നും അനേകായിരം ജന ങ്ങൾ ഓച്ചിറയിൽ തടിച്ചുകൂടി. ഈ ജനങ്ങളെ നിയന്ത്രിക്കാൻ പോലീസിന്റെ സഹായം വേണ്ടിവന്നുവെ

ന്നാണ് ഇയാളുടെ പരിചാരികയായിരുന്ന പ്രസ്തുത സ്ത്രീ ഇസ്‌ലാഹിന്റെ പ്രവർത്തകരോട് പറഞ്ഞത്. ഏതായാലും ഈ ജനക്കൂട്ടം കണ്ടതോടെയാണ് ഉപ്പാപ്പയുടെ വില പള്ളി ഭാരവാഹികൾക്ക് മനസ്സിലായത്. ഇത്രയേറെ ജനങ്ങൾ ഇവിടെ തടിച്ചുകൂടിയെങ്കിൽ ഭാവിയിൽ ഇയാളെ സിയാറത്ത് ചെയ്യാൻ വരുന്നവരുടെ എണ്ണവും അതുവഴി ലഭിക്കുന്ന കണക്കില്ലാത്ത വരുമാനവും കണക്ക് കൂട്ടാൻ മഹല്ല് ഭാരവാഹികൾക്ക് അധികം സമയം ഒന്നും വേണ്ടിവന്നില്ല. അങ്ങനെയാണ് പള്ളിഭാരവാഹികൾ ഓച്ചിറ ഉപ്പാപ്പയുടെ മയ്യിത്ത് ആവശ്യപ്പെട്ടുകൊണ്ട് ഈ സ്ത്രീയെ സമീപിക്കുന്നത്. പക്ഷെ ജീവിച്ചിരുന്ന ഉപ്പാപ്പയേക്കാൾ മൂല്യം മരിച്ച ഉപ്പാപ്പാക്കാണെന്ന് ഈ സ്ത്രീക്കും അറിയാമായിരുന്നു. കാരണം, ഈ സ്ത്രീയും ഒരു 'സുന്നി'യാണല്ലോ. എന്തുവന്നാലും ഉപ്പാപ്പയുടെ മയ്യിത്ത് വിട്ടുതരില്ലെന്നും ഈ വീട്ടിൽതന്നെ ഖബറടക്കണമെന്നും ഉപ്പാപ്പയുടെ വസ്വിയ്യത്തുണ്ടെന്നും പറഞ്ഞ് ഈ സ്ത്രീ ശാഠ്യം പിടിച്ചു. അതോടുകൂടി അൽപം ബലം പ്രയോഗിക്കാതെ കാര്യം നടക്കില്ലെന്ന് പള്ളി ഭാരവാഹികൾക്കും ബോധ്യമായി. അങ്ങനെ എന്തിനും പോന്ന മൂക്കറ്റം മദ്യപിച്ച കുറെ ഗുണ്ടകളെയിറക്കി ഉപ്പാപ്പയുടെ ജഡം ബലമായിത്തന്നെ പള്ളി ഭാരവാഹികൾ ഈ സ്ത്രീയുടെ വീട്ടിൽനിന്നും കൈവശപ്പെടുത്തുകയാണുണ്ടായത്. അങ്ങനെ കൈവശപ്പെടുത്തിയ ഈ ശവശരീരം രാത്രിക്ക് രാത്രി പള്ളിയുടെ വകയായി ഉണ്ടായിരുന്ന ഒരു ബിൽഡിങ്ങിലെ കച്ചവടസ്ഥാപനങ്ങൾ ഒഴിപ്പിച്ചെടുത്ത് ആ ബിൽഡിങ്ങിന്റെ റൂമിൽ ഉപ്പാപ്പാക്ക് ഖബറൊരുക്കി. അതോടുകൂടി ആരാധക വൃന്ദങ്ങളുടെ ഒഴുക്ക് ഈ ഖബർ കേന്ദ്രീകരിച്ചായി. ഇന്നും ആ ഒഴുക്ക് തുടർന്നുകൊണ്ടിരിക്കുന്നു. പക്ഷെ ഓച്ചിറ ഉപ്പാപ്പയുടെ പരിചാരികയായ പ്രസ്തുത സ്ത്രീ മയ്യിത്ത് നഷ്ടപ്പെട്ട വേദനയിൽ ദുഖിതയായിരിക്കാനൊന്നും മെനക്കെട്ടില്ല. മറിച്ച് ബുദ്ധിമതിയായ ഈ സ്ത്രീ ഉപ്പാപ്പയുടെ മുടിയെന്നപേരിൽ ജഡകുത്തിയ ഒരു കെട്ട്മുടി പച്ചപ്പട്ടിൽപൊതിഞ്ഞ് അത് പ്രദർശിപ്പിച്ച് കാശുണ്ടാക്കാൻ തുടങ്ങി. മാത്രമല്ല, ഉപ്പാപ്പ കിടന്നിരുന്ന മുറി ഒരു ദർഗ്ഗാശരീഫിന്റെ രൂപഭാവത്തോടെ അലങ്കരിച്ച് അവിടെ പൂക്കൾ വിതറി ചന്ദനത്തിരികൾ കത്തിച്ചുവെച്ച് ആ ചന്ദനത്തിരി കത്തിത്തീരുമ്പോൾ ലഭിക്കുന്ന ഭസ്മം കറാമത്തിന്റെ പോരിശ പറഞ്ഞ് ഭക്തർക്ക് നൽകി ആ രീതിയിലും കാശുണ്ടാക്കുന്നു. ഉപ്പാപ്പയുടെ മുടി വർഷത്തിലൊരിക്കൽ പുറത്തെടുത്ത് അതിന്റെ ചുറ്റും ഇരുന്ന് മൗലിദും റാത്തീബും ഓതുകയും ആ മുടിയെ തൊട്ടുവന്ദിക്കുകയും ചെയ്തുകൊണ്ട് ഈ വീട്ടിലും ഓച്ചിറ ഉപ്പാപ്പയുടെ പേരിലുള്ള പേക്കൂത്തുകൾ നടക്കുന്നു. ജാറത്തിൽ വരുന്ന ആളുകളോട് ഈ സത്രീയുടെ വീട്ടിൽപോകുന്നതിനെ ജാറഭാരവാഹികൾ വിലക്കാറുണ്ട്. പക്ഷെ അങ്ങനെ വിലക്കപ്പെട്ട ചിലയാളുകളോട് ഉപ്പാപ്പ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ''നിങ്ങൾ എന്തുകൊണ്ട് എന്റെ വീട്ടിൽ പോയില്ല'' എന്ന് ചോദിക്കാറുള്ളതായും ഈ സ്ത്രീ പറയുന്നു. അങ്ങനെ കറാമത്തിന് മറുകറാമത്തും പാരക്ക് മറുപാരയുമായി ഈ സ്ത്രീയും ജാറഭാരവാഹികളും പരസ്പരം കുതികാൽ വെട്ടുമ്പോൾ ഭക്തന്മാരാവട്ടെ രണ്ട് സ്ഥലങ്ങളും സന്ദർശിച്ച് സായൂജ്യമടയുന്നു. ഇടക്കാലത്ത് ഈ കുപ്പസ്വാമിയെ അന്വേഷിച്ച് ഇയാളുടെ യഥാർത്ഥ ബന്ധുക്കളാണെന്നവകാശപ്പെട്ട് തമിഴ്നാട് സ്വദേശികളായ ചില അണ്ണന്മാരും രംഗത്തുവന്നിരുന്നുവത്രേ. അദ്ദേഹം ഞങ്ങളുടെ നാട്ടിൽനിന്നും മാനസികാസ്വാസ്ഥ്യംമൂലം നാടുവിട്ടതാണെന്നും അദ്ദേഹത്തെ ഇവിടുത്തെ മുസ്‌ലിംകൾ ഒരുപുണ്യപുരുഷനാക്കുമെന്ന് ഞങ്ങൾക്കറിയില്ലായിരുന്നുവെന്നും പറഞ്ഞ് പരിതപിച്ച് അവർ തിരിച്ചുപോയത്രേ. ഈ ഉപ്പാപ്പയുടെ ചരിത്രം തേടിപ്പോയ ഇസ്‌ലാഹിന്റെ പ്രവർത്തകരോട് ഓച്ചിറയിലുള്ള രണ്ട് ക്രിസ്ത്യൻ സുഹൃത്തുക്കൾ വളരെ പരിഹാസത്തോടെയായിരുന്നു സംസാരിച്ചത്. ചേലാകർമ്മംപോലും ചെയ്യാത്ത അമുസ്‌ലിമായ ഈ തമിഴ്നാട്ടുകാരനല്ലേ നിങ്ങളുടെ പുണ്യപുരുഷൻ എന്ന് പറഞ്ഞായിരുന്നു പരിഹാസ്യം. ഇസ്‌ലാമെന്നാൽ ഇന്ന് കേരളത്തിൽ കാണുന്ന സമസ്തക്കാരുടെ ചെയ്തികളാണ് എന്നായിരിക്കുമല്ലോ ഈ സത്യക്രിസ്ത്യാനികൾ ധരിച്ചിട്ടുണ്ടാവുക. സമസ്തക്കാരുടെ ഔലിയ സങ്കൽപങ്ങൾ ഇതോ അല്ലെങ്കിൽ ഇതിനേക്കാൾ എത്രയോ അധപതിച്ചതാണെന്നും അവ ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലെന്ന് പാവം ഈ ക്രിസ്ത്യൻ സുഹൃത്തുക്കൾക്കറിയില്ലല്ലോ.

# വേങ്ങര കോയപ്പാപ്പ

## അമീർ ഒതുക്കുങ്ങൽ

ജഡപിടിച്ച മുടി, നീണ്ടു വളർന്ന താടിമീശകൾ, ചുണ്ടിനിരുവശവും ഒലിച്ചിറങ്ങുന്ന മുറുക്കാൻ ചണ്ടി. കോരിച്ചൊരിയുന്ന മഴയത്തല്ലാതെ ഒരിക്കൽപോലും നനയാത്ത വൃത്തിഹീനമായ ശരീരം. 'പിരാന്തൻ കുഞ്ഞയമ്മുദു' എന്ന് വേങ്ങരക്കാർ കളിയാക്കി വിളിച്ചിരുന്ന കുഞ്ഞയമ്മുദുവിനെ പിൽക്കാലത്ത് 'താജുൽ ഔലിയ'യായി വാനോളം ഉയർത്താൻ സമസ്തക്കാർക്ക് മേൽപറഞ്ഞ യോഗ്യതകളൊക്കെ എമ്പാടും മതിയായിരുന്നു. പിരാന്തൻ കുഞ്ഞയമ്മുദു പിന്നീട് കോയപ്പാപ്പയായും മരണത്തിന് ശേഷം താജുൽ ഔലിയയായും പരിണമിക്കുമ്പോൾ അതിന് പിന്നിൽ 'സമസ്ത'പണ്ഡിതന്മാരുടെ കരങ്ങളുണ്ടായിരുന്നു. പിരാന്തൻ കുഞ്ഞയമ്മുദു ഏതു നാട്ടുകാരനാണെന്ന് വേങ്ങരക്കാർക്കറിയില്ല. മറ്റത്തൂർ സ്വദേശിയാണെന്ന് ചില പഴമക്കാർ പറഞ്ഞ അറിവേ വേങ്ങരക്കാർക്കുള്ളൂ. വേങ്ങരയും മറ്റത്തൂരും ഈ ലേഖകന്റെ തൊട്ടടുത്ത പ്രദേശങ്ങളാണ്. പക്ഷെ കോയപ്പാപ്പാന്റെ ബന്ധുക്കൾ മറ്റത്തൂരിലും ഉള്ളതായി ഈ ലേഖകനറിയില്ല. ബന്ധുത്വവും പാരമ്പര്യവും ജീവചരിത്രവും സമസ്തക്കാർക്ക് 'വിലായത്തിന്' ഒരു തടസ്സവുമല്ല.

വേങ്ങര വ്യാപാരി വ്യവസായി യൂണിറ്റ് പുറത്തിറക്കിയ 'കാഷ്' (കൾച്ചറൽ ആന്റ് സോഷ്യൽ ഹിസ്റ്ററി) എന്ന പുസ്തകത്തിൽ വേങ്ങരയുടെ ചരിത്രം പറയുന്ന കൂട്ടത്തിൽ സ്വാഭാവികമായും കോയപ്പാപ്പയും കടന്നുവരുന്നുണ്ട്. കോയപ്പാപ്പ ഒരിക്കലും കുളിച്ചതായി വേങ്ങരക്കാർ ക ിട്ടില്ലെന്ന് പ്രസ്തുത പുസ്തകം പറയുന്നു. പിരാന്തൻ കുഞ്ഞയമ്മുദു കോയപ്പാപ്പയായതിന് പിന്നിലെ ഐതിഹ്യം 'കാഷ്' വിവരിക്കുന്നുണ്ട്. പിരാന്തൻ കുഞ്ഞയമ്മുദു ആരെക്കണ്ടാലും 'കോയാ' എന്നേ വിളിക്കാറുള്ളുവത്രേ. ആ വിളിയാണ് പിരാന്തൻ കുഞ്ഞയമ്മദുവിനെ പിന്നീട് കോയപ്പാപ്പയാക്കിയത്. കോയപ്പാപ്പ ശേഷം 'താജുൽ ഔലിയ' ആയതിന് പിന്നിലെ ഐതിഹ്യമാകട്ടെ നമുക്ക് വ്യക്തമാണ്താനും. ചോദിക്കാനും പറയാനും ആരുമില്ലാത്ത വട്ടന്മാരെപിടിച്ച് 'ഔലിയ'യാക്കുന്നതിലൂടെ തങ്ങൾക്ക് വരുമാനം എമ്പാടും ലഭിക്കുമെന്ന 'സമസ്ത' പണ്ഡിതന്മാരുടെ കണ്ടെത്തൽ കേരളക്കരയിൽ നിരവധി 'ഔലിയാക്കളെ' സൃഷ്ടിച്ചിട്ടുണ്ടല്ലോ. വേങ്ങര കോയപ്പാപ്പയുടെ ഒരു ഏകദേശ രൂപം 'കാഷ്' വിവരിക്കുന്നത് കാണുക.

''അഴുക്ക് പുരണ്ട് മുഷിഞ്ഞു മാത്രമേ മൂപ്പരെ കണ്ടിട്ടുള്ളൂ. മഴ നനയുമ്പോഴല്ലാതെ ആ ശരീരത്തിൽ വെള്ളം വീഴാറില്ല. ഉടുവസ്ത്രങ്ങൾ ഊരാറില്ല. കഴുകാറില്ല, കുപ്പായങ്ങൾ ഒന്നിലേറെ ഉള്ളതുകൊണ്ട് നന്നേ അടിയിലുള്ളത് എപ്പോഴും വിയർപ്പിൽ മുങ്ങിയിരിക്കും. അത് ക്രമേണ പൊടിഞ്ഞുകീറും. മുഷിഞ്ഞുകീറിയ കുപ്പായം മൂപ്പർതന്നെ സമയാസമയങ്ങളിൽ പൊട്ടിച്ചുമാറ്റി ദൂരെ എറിയും. ഇടക്കുനടക്കുന്ന ആ പ്രക്രിയ നിമിത്തമാണ് അരമുതൽ കഴുത്തുവരെയുള്ള കഥാനായകന്റെ മേനിഭാഗത്ത് അടിഞ്ഞുകൂടിയിരുന്ന അഴുക്ക് പോക്കിയിരുന്നത് എന്ന് ചില സൂക്ഷ്മ ദൃക്കുകൾ പറയുന്നു'' *(കാഷ്: പേജ്. 23)*

ഇത്രത്തോളം വൃത്തികെട്ടരീതിയിൽ നടന്നിരുന്ന ഈ മനുഷ്യൻ മരണപ്പെട്ടപ്പോൾ മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകിയത് പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളായിരുന്നുവെന്ന് മനസ്സിലാക്കുമ്പോൾ ഈ ബഹുമത സമൂഹത്തിൽ മുസ്‌ലിംകളുടെ 'ഔലിയ' വിശ്വാസത്തെ പരിഹാസ്യമാക്കിയതിൽ പണ്ഡിതന്മാർക്ക് എത്രത്തോളം പങ്കുണ്ടെന്ന് മനസ്സിലാവും. ഈ മനുഷ്യൻ വലിയ്യ്? ആയത് ഫർളും സുന്നത്തും ഇടമുറിയാതെ അനുഷ്ടിച്ചതുകൊണ്ടായിരുന്നില്ല. പിന്നെയോ? അതും പ്രസ്തുത പസ്തകം തന്നെ പറയട്ടെ. ''ദിവ്യത്വവും അമാനുഷികതയുമൊന്നും കഥാനായകന് ഒരൊറ്റ നാൾകൊണ്ട് ലഭിച്ചതല്ല.

സമൂഹം ക്രമേണ മൂപ്പർക്കത് നൽകുകയായിരുന്നു. പൊലിമ ചാലിച്ചുചേർത്ത വർത്തമാനങ്ങളിലൂടെ, കഥകളിലൂടെയും'' *(കാഷ്: പേജ്. 24)*

ഒരു വ്യക്തിക്കോ സമൂഹത്തിനോ സഭക്കോ നൽകാവുന്നതാണോ ഇസ്‌ലാമിലെ വിലായത്ത്? പ്രവാചകന്റെ ഹദീസുകൾ പഠിപ്പിക്കുന്നത് അല്ലെന്നാണ്. ശരീഅത്ത് നിയമങ്ങൾ അക്ഷരം പ്രതി പാലിക്കുക വഴി സുന്നത്തുകൾ അധികരിപ്പിച്ച് അല്ലാഹുവിലേക്കടുക്കുന്നവനാരോ അവനാണ് അല്ലാഹുവിന്റെ വലിയ്യ്. മേൽപറഞ്ഞ പിരാന്തൻ കുഞ്ഞയമ്മുദുവിനെപ്പോലെയുള്ളവരെയല്ലാതെ അല്ലാഹുവിന്റെ കൽപനകൾ പാലിക്കുന്ന വിലക്കുകൾ ലംഘിക്കാതിരിക്കുന്ന ഒരൊറ്റ വലിയ്യിനെപ്പോലും ഇവർക്ക് ഇന്ന് ഉയർത്തിക്കാണിക്കാനില്ല എന്നതാണ് ഖേദകരം.

പിരാന്തൻ കോയാക്ക കഴിച്ച് ബാക്കിവെച്ച ഭക്ഷണങ്ങൾപോലും ആർത്തിപൂണ്ട് വാരിവലിച്ച് തിന്നാൻ മൽസരിക്കുന്നവരെ തുടക്കത്തിൽ വേങ്ങര നിവാസികൾ കണ്ടത് അരക്കിറുക്കന്മാരായാണ്. പക്ഷെ, അവിടെയും മാതൃക കാണിക്കാൻ മുഴുക്കിറുക്കന്മാരായ സമസ്ത മുസ്‌ലിയാരുട്ടികൾതന്നെ മുന്നോട്ട് വന്ന് ജനങ്ങളുടെ അറപ്പ് മാറ്റിക്കൊടുത്തു. വേങ്ങര കോയപ്പാപ്പയെ ഒന്ന് കൺകുളിർക്കെകണ്ട് സങ്കടങ്ങളും ആവലാതികളും ബോധിപ്പിക്കാൻ അന്യദേശത്തുനിന്നുപോലും ഭക്തന്മാർ വന്ന് മാസങ്ങളോളം കാത്തിരിക്കുമായിരുന്നുവത്രേ. വിശിഷ്ട ഭക്ഷണങ്ങളും മറ്റു പാരിതോഷികങ്ങളും അവർ കോയപ്പാപ്പാക്ക് സമ്മാനമായി നൽകാറുമുണ്ടായിരുന്നുവത്രേ. സത്യത്തിൽ ഭ്രാന്ത് സമസ്തക്കാർക്കാണോ അവർ കൊണ്ടുനടക്കുന്ന ഔലിയാക്കൾക്കാണോ എന്ന് സംശയിക്കത്തക്കരീതിയിലാണ് ഇവരുടെ ജീവിതം. സ്വന്തം പിഞ്ചുകുഞ്ഞുങ്ങൾ ദേഹത്തൊന്ന് മൂത്രമൊഴിച്ചാൽ അതിനെ അറപ്പോടുകൂടി കാണുന്നവർ ഇത്തരം ഭ്രാന്തന്മാരുടെ ശിഷ്ട ഭക്ഷണം വിഴുങ്ങാനും അവരെ ചുംബിക്കാനും വേണ്ടി വന്നാൽ അവരുടെ വിസർജ്ജ്യം വരെ നക്കിത്തുടക്കാനും യാതൊരു മടിയും കാണിക്കാതെ മുമ്പോട്ടുവരുന്നത് കാണുമ്പോൾ മേൽ സംശയം ന്യായമാണ്താനും.

കോയപ്പാപ്പയുടെ കിറുക്ക് പിടിച്ച സംസാരങ്ങളും ചേഷ്ടകളും അമാനുഷിക രീതിയിൽ വ്യാഖ്യാനിക്കാൻ തുടങ്ങിയതുമുതൽ ആരംഭിക്കുന്നു ഇദ്ദേഹത്തിന്റെ കറാമത്ത് പ്രചാരണങ്ങൾ. കോയപ്പാപ്പയുടെ സംസാര ചേഷ്ടകളെക്കുറിച്ച് 'കാഷ്' വിവരിക്കുന്നത് കാണുക.

''അതുപോലെ ആകാശത്തേക്ക് നോക്കി മൂപ്പർ പിറുപിറുത്തിരുന്നത് അദൃശ്യരായ ജിന്നുകളോടും മലക്കുകളോടുമായിരുന്നുവത്രേ. 'ഠോ' എന്ന് പൊട്ടിച്ചിരുന്നത് അദൃശ്യരുമായുള്ള സംഭാഷണത്തിനിടക്ക് കയറി വരുന്ന ശപിക്കപ്പെട്ട ശൈതാനെ ഓടിക്കാനാണെന്ന് പറഞ്ഞ് പരത്തിയവരുമുണ്ട്' *(കാഷ്: പേജ്. 24)*

ഇത്തരം വിടുവായത്തങ്ങൾ കെട്ടി എഴുന്നള്ളിച്ച് ഒരു ഭ്രാന്തനെ 'ഔലിയാക്കളുടെ കിരീടം' എന്ന ഓമനപ്പേരിട്ട് ചില കുൽസിത താൽപര്യക്കാർ മറ്റു മതസ്ഥർക്കിടയിൽ പരിശുദ്ധ ഇസ്‌ലാമിനെ പരിഹാസ്യമാക്കുവാൻ തുനിഞ്ഞിറങ്ങുമ്പോൾ അതിനെ തടയിടേണ്ട പണ്ഡിത സയ്യിദന്മാർ വളം വെച്ചുകൊടുക്കുകയാണ് ചെയ്തത്. ലോക മുസ്‌ലിംകളുടെ ആത്മീയ നേതാവ് (?) എന്ന് വിശേഷിപ്പിക്കപ്പെടുന്ന പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളാണ് കോയപ്പാപ്പയുടെ മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകിയതത്രേ! ഒരാൾ മരണപ്പെട്ടാൽ ആ മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകുക എന്നത് തെറ്റൊന്നുമല്ല. പക്ഷെ, ഇതുപോലെ പല ഭ്രാന്തൻമാരും അനാഥരും മുമ്പും ശേഷവും മരണപ്പെട്ടിട്ടുണ്ടല്ലോ. ആ നമസ്കാരത്തിനൊന്നും നേതൃത്വം നൽകാൻ ഒരു സയ്യിദന്മാരും ഇതുവരെ മെനക്കെട്ട് കണ്ടിട്ടില്ല. പക്ഷെ ഇതൊരു കേവല ഭ്രാന്തനല്ലെന്നും നാളെ സമൂഹത്തിന് ആദരിച്ചുകൊണ്ട് നടക്കാനുള്ള ഒരു ഭ്രാന്തനാണെന്നും ഈ സയ്യിദന്മാർക്കും അറിയാതിരിക്കില്ലല്ലോ. അല്ലെങ്കിലും സമൂഹം പോകുന്ന വഴിക്ക് തെളിക്കാനുള്ള ഫത്‌വകൾ നൽകാനാണല്ലോ ഇരുസമസ്തയിലേയും പണ്ഡിതന്മാർക്ക് താൽപര്യം.

മരണത്തിന് ശേഷം ലോകത്ത് ഇന്നുവരെ കേട്ടുകേൾവിപോലുമില്ലാത്ത ഒരു കറാമത്താണ് പ്രധാനമായും കോയപ്പാപ്പാക്കുമേൽ ചാർത്തപ്പെട്ടത്. ആ കറാമത്തെന്താണെന്ന് കാന്തപുരം 'സുന്നി'കളുടെ പ്രസിദ്ധീകരണമായ സുന്നത്തുമാസികയിൽനിന്നുതന്നെ നമുക്ക് വായിക്കാം.

''കടുത്ത വരൾച്ച, എവിടെയും വെള്ളത്തിന് ക്ഷാമം, വേങ്ങര നിവാസികളായ ഏതാനും ആളുകൾ തങ്ങളെ സമീപത്തെത്തി. കാര്യം ധരിപ്പിച്ചു. ''ഓ മഴയില്ല അല്ലേ'' എന്ന് പറഞ്ഞ് മൂപ്പർ ഉടുതുണി പൊക്കി അങ്ങ് മൂത്രിച്ചു. ''ഇനി നിങ്ങൾ പോയിക്കൊള്ളൂ, മഴ ഉടൻ ഉണ്ടാകും'' ആശ്ചര്യം, അതാ വരുന്നു തകർപ്പൻ മഴ'' *(സുന്നത്ത് മാസിക. 1995 ജനുവരി)*

അല്ലാഹുവിന്റെ റസൂൽ മഴയില്ലാതായപ്പോൾ കൈകൾ പൊക്കിപ്രാർത്ഥിച്ച് മഴ പെയ്ത സംഭവം ഹദീസുകളിൽ കണ്ടിട്ടുണ്ട്. പക്ഷെ ഒരു ഭ്രാന്തൻ നിന്നു മൂത്രമൊഴിച്ചപ്പോൾ മഴ പെയ്തു എന്ന് ഉളുപ്പില്ലാതെ എഴുതി വിടാൻ സമസ്തക്കാർക്ക് മാത്രമേ തൊലിക്കട്ടി വരികയുള്ളൂ. നിന്നു മൂത്രിച്ച സംഭവം മുമ്പും ഉണ്ടായിട്ടുണ്ട് എന്നും സുന്നത്ത് മാസിക രേഖപ്പെടുത്തുന്നുണ്ട്.

സമസ്ത പണ്ഡിതന്മാരുടെ കൂട്ടായ ആശിർവാദവും പ്രചാരണവും ഇത്തരം വട്ടുകഥകൾക്കുണ്ട്. ആരാരുമില്ലാത്ത പിരാന്തൻ കുഞ്ഞയമ്മുദു ഇന്ന് സമസ്തക്കാരുടെ സിയാറത്ത് കേന്ദ്രങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണെന്ന് നാം മനസ്സിലാക്കണം.

ഏതായാലും 'കാഷ്' ൽ വേങ്ങര കോയപ്പാപ്പയുടെ ചരിത്രം എഴുതിയ വേങ്ങരക്കാരൻ ലേഖകൻ കോയപ്പാപ്പയെ ഒരു ദിവ്യപുരുഷനായി കാണുന്നില്ല എന്ന് ആശ്വസിക്കാം. നിരുപദ്രവകാരിയായ ഒരു പാവം മനുഷ്യൻ എന്നതിലപ്പുറം കോയപ്പാപ്പാക്ക് പ്രത്യേക പൊലിമ നൽകാനും ലേഖകൻ തയ്യാറാവുന്നില്ല. പക്ഷെ ഇങ്ങനെ ചിന്തിക്കുന്നവർ വളരെ തുച്ഛമാണെന്നും പ്രസ്തുത ലേഖകൻ എഴുതുന്നുണ്ട്. ആ ലേഖനത്തിൽ കോയപ്പാപ്പയുടെ ചരിത്രം അവസാനിക്കുന്നത് താഴെക്കാണുന്ന വരികളോടുകൂടിയാണ്.

''മറ്റത്തൂരിൽനിന്നെത്തി മുണ്ടിയൻ തടത്തിന്റെ മാനസപുത്രനായി ജീവിച്ച് ഇപ്പോൾ ഇവിടെ ഈ മഖ്ബറയിൽ അന്ത്യവിശ്രമം കൊള്ളുന്ന കഥാനായകൻ നാളെ പുതുതലമുറക്ക് ഒരു 'ലജന്റ്' (ഇതിഹാസം) ആയി മാറുമോ'' *(കാഷ് പേജ്. 25)*

നിന്നു മൂത്രമൊഴിച്ചപ്പോൾ മഴ പെയ്തു എന്ന് സമസ്തയുടെ പ്രസിദ്ധീകരണങ്ങൾ കോയപ്പാപ്പയെക്കുറിച്ച് പറയുന്നത് ഒരിക്കലും പരിഹാസ്യമായിട്ടല്ല, മറിച്ച് ഇതിഹാസമായിട്ടുതന്നെയാണ്. ഇതിൽകൂടുതൽ ഒരു ഇതിഹാസമായി മാറാൻ ഒരു മനുഷ്യന് എങ്ങനെ സാധിക്കും.? മുജാഹിദുകൾക്ക് സംശയം വേറെയാണ്. ഇത്തരം ഭ്രാന്തന്മാരുടെ മഖ്ബറയിൽപോയി പ്രാർത്ഥിക്കുന്ന സമസ്തക്കാർ തങ്ങളുടെ പ്രാർത്ഥന ആരാധനയല്ല എന്നാണ് സാധാരണ പറയാറുള്ളത്. പക്ഷെ മറ്റത്തൂർകാരനായ പിരാന്തൻ കുഞ്ഞയമ്മുദു കോയപ്പാപ്പയായും ഇന്ന് താജുൽ ഔലിയയായും മാറിയിട്ടുണ്ടെങ്കിൽ നാളെ ഇയാൾക്ക് ഞങ്ങൾ ആരാധന തന്നെ ചെയ്യുമെന്ന് പറയാൻ സമസ്തക്കാർ ധൈര്യം കാണിക്കുമോ? കേരളത്തിൽ സമസ്തയുടെ പേരിൽ പ്രവർത്തിക്കുന്ന അവസാനത്തെ കണ്ണി നിലനിൽക്കുംവരെ ഈ ചോദ്യത്തിന് പ്രസക്തിയുണ്ട്.

# ഏർവാടി അഥവാ ഇന്ത്യയിലെ ഗ്വാണ്ടനാമോ

**അമീർ ഒതുക്കുങ്ങൽ**

ഇന്ത്യയിലെ അറിയപ്പെട്ട ഒരു ഖബ്ർപൂജാകേന്ദ്രമാണ് ഏർവാടി. തമിഴ്നാട്ടിലെ രാമനാഥപുരത്താണ് ഈ കൊടിയശിർക്കിന്റെ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. അറേബ്യയിൽനിന്ന് ഇന്ത്യയിലേക്ക് മത പ്രചാരണത്തിന് വേണ്ടി വന്നുവെന്ന് പറയപ്പെടുന്ന ഇബ്രാഹീം ബാദുഷയാണ് ഏർവാടിയിലെ പ്രധാനപ്പെട്ട ദർഗ്ഗയിൽ കിടക്കുന്നത്. കൂടെ ഇബ്രാഹീം ബാദുഷയുടെ മന്ത്രിമാരും പുത്രൻ അബൂത്വാഹിറും ഭാര്യയും വക്കീലൻമാരും അങ്ങനെ നിരവധി ജാറങ്ങളുടെ ഒരു കൂട്ടുകൃഷിയാണ് ഏർവാടിയിൽ നടക്കുന്നത്. ഓരോ വർഷവും ഇവിടെയുള്ള ഖബ്റുകൾ ലേലം ചെയ്യാറാണ് പതിവ്. അതിൽ ഇബ്രാഹീം ബാദ്ഷയുടെ ജാറത്തിനാണ് റേറ്റ് കൂടുതൽ. ഇങ്ങനെ ഓരോരുത്തരായി ലേലം ചെയ്തെടുക്കുന്ന ജാറങ്ങൾ കറാമത്തിന്റെ പോരിശ പൊലിപ്പിച്ചെടുത്ത് വൻ വ്യവസായമാക്കി മാറ്റുന്ന ഈ വ്യവസായത്തിലെ കച്ചവടക്കാരും ഏജൻസികളുമെല്ലാം പ്രധാനമായും മലയാളികളാണ്. മലയാളികൾക്ക് ഈ ദർഗ്ഗയിലുള്ള സ്വാധീനം മനസ്സിലാക്കാൻ ദർഗ്ഗാ പരിസരത്ത് പോയാൽ മതി. മിക്ക ദർഗ്ഗയിലും തമിഴിന് പുറമെ കൂടുതലും മലയാളത്തിലാണ് പേരുകളും മറ്റും എഴുതിവെച്ചിരിക്കുന്നത്. ഇന്ത്യയിൽ ഇസ്ലാംമത പ്രചാരണത്തിന് വന്നവരാണ് ഇബ്രാഹീം ബാദുഷ എന്ന് ഖുബൂരികൾ പറയാറുണ്ടെങ്കിലും അതിന് വിശ്വസനീയമായ രേഖകളുടെ പിൻബലമില്ല. ഏർവാടിയിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന ഇടനിലക്കാരായ കേരള മുസ്ലിയാക്കൾ എഴുതിയും എഴുന്നള്ളിയും നടക്കുന്ന ഏർവാടിയുടെ ചരിത്രവും തദ്ദേശിയരായ ആളുകൾ പറയുന്ന ചരിത്രവും തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ട്. അതിൽ അദ്ഭുതമില്ലതാനും. കാരണം, ജാറപ്പൂജയെ കൊഴുപ്പിക്കാൻ ഖുബൂരി പണ്ഡിറ്റുകൾ പണിതുവിട്ട മുഴുവൻ ചരിത്രങ്ങളും കള്ളക്കഥകൾ നിറഞ്ഞതാണ്. ഇസ്ലാമിന്റെ പേരിൽ ഇന്ന് ഏർവാടിയിൽ നടക്കുന്നത് മുഴുവനും അനിസ്ലാമിക പ്രവർത്തനങ്ങളാണ്. മാത്രമല്ല, മനുഷ്യമനസ്സാക്ഷിയെ കിടിലം കൊള്ളിക്കുന്ന ഒരു പിടി ദുരന്തങ്ങൾ നടമാടുന്ന, ക്രൂരതമാത്രം വിളയാടുന്ന മണ്ണുകൂടിയാണ് തമിഴ്നാട്ടിലെ ഏർവാടി എന്ന ഖബ്ർ പൂജാ കേന്ദ്രം.

ഗ്വാണ്ടനാമോയിലും അബൂ ഗുറൈബിലും അമേരിക്കൻ സൈനികർ യുദ്ധ തടവുകാരോട് കാണിക്കുന്ന കൊടും ക്രൂരതകൾ കേൾക്കുമ്പോൾ മാത്രം നടുങ്ങുന്ന കൂറേ ഹൃദയങ്ങൾ കേരളത്തിലുണ്ട്. അതിനെതിരെ തൂലിക ചലിപ്പിക്കാനും മുഷ്ടിചുരുട്ടി മേശയിലിടിക്കാനും ആവേശം കാണിക്കുന്ന സമുദായ സ്നേഹികളും കേരളത്തിൽ ധാരാളമുണ്ട് . അതുവേണ്ടതുതന്നെ. പക്ഷേ അതിനേക്കാളും ക്രൂരതയും പൈശാചികതയും നടമാടുന്ന ഒരു പാട് ഗ്വാണ്ടനാമോകൾ ഇന്ത്യയിലുണ്ട്. ഇവിടെയുള്ളത് തോക്കും പീരങ്കിയും ഏറ്റ് മനസ്സും കയ്യും മരവിച്ച യുദ്ധ തടവുകാരല്ല. മറിച്ച് പലകാരണങ്ങൾകൊണ്ട് സ്വയബുദ്ധി നഷ്ട്ടപ്പെട്ട, പ്രതീകരണശേഷി നഷ്ട്ടപ്പെട്ട, എന്ത് ചെയ്താലും തിരിച്ച് ഒരക്ഷരം പറയാതെ നിറഞ്ഞകണ്ണുകളോടെ മുഖത്തേക്ക് നോക്കുന്ന കുറേ മനുഷ്യ കോലങ്ങളാണ്. മൃഗങ്ങളേക്കാൾ ദയനീയമായി പീഢിപ്പിക്കപ്പെടുന്ന ഇവരും മനുഷ്യരാണ്, പച്ചയായ മനുഷ്യർ. അവർക്കുവേണ്ടി വാദിക്കാനോ അവരെ പീഢിപ്പിക്കുന്നവരെ ചോദ്യം ചെയ്യാനോ ആരോരുമില്ലാത്ത ഒരു കൂട്ടം മാനസിക രോഗികൾ! അവരെ ചങ്ങലക്കിട്ടിരിക്കുന്ന ഇന്ത്യയിലെ ഒരു ഗ്വാണ്ടനാമോയാണ് ഏർവാടി. പിശാചിന്റെ ഹൃദയമുള്ള, പണത്തിന് വേണ്ടി എന്തും ചെയ്യാൻ കൂസലില്ലാത്ത, മനസ്സ് കല്ലായിമാറ്റിയ കൂറേ കാട്ടാളൻമാർ തമ്പടിച്ച സ്ഥലമാണ് ഏർവാടി ദർഗയും പരിസര പ്രദേശങ്ങളും.

ഏതെങ്കിലും രീതിയിൽ ചെറിയൊരു മാനസിക ചാഞ്ചാട്ടമോ അപസ്മാര രോഗമോ ഉള്ള ഒരു മനുഷ്യനെ ചികിത്സിക്കാനും പണം ചെലവഴിക്കാനും വൈമനസ്യമുള്ള ദുഷ്ടരായ ബന്ധുക്കൾ

ഏർവാടിയിലേക്ക് തള്ളുന്നതോടെ, ഏർവാടിയിലെ ദർഗ്ഗാമാഫിയ ഈ മനുഷ്യനെ ഏറ്റെടുക്കുന്നു. പീഢനങ്ങളുടെ താണ്ഡവം അവിടെ തുടങ്ങുന്നു. മാസങ്ങളോ വർഷങ്ങളോ കഴിയുമ്പോൾ മാത്രം ഏർവാടിയിലെത്തുന്ന ബന്ധുക്കൾ രോഗികളുടെ പരിചരണത്തിനെന്ന പേരിൽ ഏൽപ്പിക്കുന്ന പണം രോഗിക്കുവേണ്ടി ചെലവഴിക്കാതെ മദ്യപിച്ചും കഞ്ചാവടിച്ചും പെണ്ണ് പിടിച്ചും മാനസിക കേന്ദ്രനടത്തിപ്പുകാർ ജീവിതം ആഘോഷിക്കുകയാണെന്ന് പല അന്വേഷണ സംഘങ്ങളും കണ്ടെത്തിയിട്ടുണ്ട്. വർഷങ്ങളോളം ചങ്ങലക്കിട്ട് കയ്യിലും കാലിലും വ്രണംപൊട്ടി ചീഞ്ഞളിഞ്ഞ് ഏർവാടിയിൽ നരകിക്കുന്ന പാവം രോഗികൾ തങ്ങളെന്തിന് പീഢിപ്പിക്കപ്പെടുന്നു എന്നറിയുന്നില്ല. തങ്ങളെന്തെങ്കിലും തെറ്റ് ചെയ്തോ എന്ന് ചിന്തിക്കാൻ അവരുടെ തലച്ചോറ് പ്രവർത്തനക്ഷമവുമല്ല. എല്ലാ പീഢനങ്ങളും സഹിച്ച്, വരുന്നവരുടെയും പോകുന്നവരുടെയും മുഖത്തുനോക്കി നിശബ്ദമായി കരയാനേ ഈ സാധുക്കൾക്ക് അറിയുകയുള്ളൂ. ആ കരച്ചിലിനാകട്ടെ കണ്ണുനീരിന്റെ അകമ്പടിപോലും ഉണ്ടാകാറില്ല. കാരണം, ഈ പാവങ്ങളുടെ ചോരയും നീരും നക്കിക്കുടിച്ച് ആഹ്ലാദതാണ്ഡവമാടുന്ന ഇവിടത്തെ ചെകുത്താൻമാർക്ക് മുന്നിൽ കണ്ണിൽനിന്ന് ഒരുതുള്ളി നീരിറ്റിയാൽ അതിന് പീഢനം പിറകെവരുമെന്ന് സ്വയബുദ്ധിയില്ലെങ്കിലും അനുഭവത്തിലൂടെ ഈ പാവങ്ങൾക്കറിയാം. അല്ലെങ്കിലും ആർക്കുമുന്നിലാണ് ഈ പാവങ്ങൾ കരയുക? ഇവരുടെ കണ്ണീരുകണ്ടാൽ അലിയുന്ന ഹൃദയങ്ങളുള്ളവരല്ലല്ലോ ഏർവാടിയിൽ സിയാറത്തിന് വരുന്നത്. എന്ത് അരാചകത്വം കണ്ടാലും അതല്ലാം ഇബ്രാഹിം ബാദുഷയുടെ കറാമത്തിന്റെ അക്കൗണ്ടിലേക്ക് തള്ളുന്ന ഖബ്ർ പൂജകരിൽ ഭൂരിഭാഗവും മലയാളികളാണ്. ഇവിടെയെത്തുന്ന ഏതൊരു മലയാളി സംഘത്തിനുമുന്നിലും നേതൃത്വം കൊടുത്തുകൊണ്ട് കുടവയറും തടവി പച്ചതുണി ഇരുചുമലിലേക്കും മാറിമാറിയിട്ട് ശൈഖുന ചമയുന്ന ഏതെങ്കിലും ഒരു മുസ്‌ലിയാരുമുണ്ടാകും. ഇത്തരം മുസ്‌ലിയാക്കൻമാരും ഏർവാടിയിലേ പീഢനമനുഭവിക്കുന്ന പാവങ്ങളെ തിരിഞ്ഞുനോക്കാറില്ല. പിന്നെയുള്ളതാകട്ടെ കേരളത്തിലെ കുറേ സമുദായ സ്നേഹികളായ 'ബുദ്ധിജീവികളാണ്.' ഇവരാകട്ടെ ഗ്വാണ്ടനാമോയിലും അബൂഗുറൈബിലും എന്തുസംഭവിക്കുന്നു എന്ന് ഭൂതക്കണ്ണാടിവെച്ച് അന്വേഷിക്കുകയാണ്. അതിനിടയിൽ ഏർവാടിയിൽ നരകയാതന അനുഭവിക്കുന്ന സാധുക്കൾക്കുവേണ്ടി വാദിക്കാൻ പോയാൽ ബുദ്ധിജീവികൾക്കിടയിൽ ഇമേജിന് ഇടിവ് സംഭവിക്കുമെന്ന് അവർ ഭയപ്പെടുന്നുണ്ടാകാം.

ജീവിതത്തിൽ ഒരിക്കൽപോലും ഭ്രാന്തുവന്നിട്ടില്ലാത്ത, കുടുംബക്കാർ ഭ്രാന്തനെന്ന് മുദ്രയടിച്ച് ഏർവാടിയിൽ തള്ളിയ നിരവധി സാധുക്കളും ഏർവാടിയിൽ പലപ്പോഴായി പീഢിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ദാരുണമായി പീഢനമേൽക്കേണ്ടിവന്ന ഒരു വ്യക്തിയാണ് കോഴിക്കോട് ജില്ലയിലെ എലത്തൂർ സ്വദേശി യൂസുഫ്. താൻ നേരിട്ട നരകയാതനകൾ ഇദ്ദേഹം ഞങ്ങളോട് വിവരിക്കുമ്പോൾ ഈ പാവം മനുഷ്യന്റെ കണ്ണിൽ നിന്നും ചുടുനീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. ഒരു വർഷത്തിലേറെ ചങ്ങലയിൽ കിടന്ന് ഇദ്ദേഹം അനുഭവിച്ച കൊടും പീഢനങ്ങൾ ആ കണ്ണിൽനിന്നും ഞങ്ങൾക്ക് വായിച്ചെടുക്കാമായിരുന്നു. ഞങ്ങളോട് സംസാരിക്കുമ്പോൾ പലപ്പോഴും കരച്ചിലടക്കാൻ വയ്യാതെ ആ മനുഷ്യൻ വിങ്ങിപ്പൊട്ടി. ഇദ്ദേഹത്തിന്റെ വാക്കുകളിൽ ഏർവാടിയിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന പുരോഹിതപ്പരിഷകളോടുള്ള അടങ്ങാത്ത പ്രതിഷേധമുണ്ടായിരുന്നു. ചെറുപ്പത്തിൽ ചിലപ്പോഴൊക്കെ അപസ്മാര രോഗമുണ്ടായിരുന്നു എന്നതൊഴിച്ചാൽ ഈ മനുഷ്യന് യാതൊരു തകരാറുമില്ലായിരുന്നു. പക്ഷേ ആരുടെയൊക്കെയോ കുടിലബുദ്ധി ഇദ്ദേഹത്തെ ഏർവാടിയിലെ നരാധമന്മാരുടെ കയ്യിലെത്തിച്ചു. ഒരുവർഷത്തെ നിരന്തര പീഢനത്തിനുശേഷം ഏർവാടിയിലെ മനുഷ്യപിശാചുക്കളുടെ കണ്ണുവെട്ടിച്ച് നാട്ടിലെത്തിയ ഇദ്ദേഹത്തിന്റെ കദനകഥ 2001 മാർച്ച് 5 ലെ മാധ്യമം ദിനപത്രം റിപ്പോർട്ട് ചെയ്തിരുന്നു. പക്ഷേ, എരിതീയിൽനിന്ന് വറചട്ടിയിലേക്കെന്നപോലെ നാട്ടിലെത്തിയ ഇദ്ദേഹത്തിന് നേരിടേണ്ടിവന്നത് അതിലും വലിയ ദുരന്തമായിരുന്നു. പത്രത്തിൽ വാർത്ത വന്നു എന്ന ഒറ്റക്കാരണത്താൽ കോഴിക്കോട് മെഡിക്കൽകോളേജിന് സമീപം വെച്ച് ചില ഖുറാഫീകാട്ടാളൻമാർ ഇദ്ദേഹത്തെ മണിക്കൂറുകളോളം മുറിയിലിട്ട് മർദിച്ച് അവശനാക്കി ''നീ ഔലിയാക്കളെ ധിക്കരിക്കുമല്ലേ?'' എന്നുചോദിച്ചായിരുന്നു ഓരോ അടിയും. ഇന്ന് ഒന്ന് ഇരിക്കാൻപോലും ഇദ്ദേഹത്തിന് സാധിക്കുന്നില്ല. ഞങ്ങളോട് സംസാരിച്ച മുഴുവൻ സമയവും നിലത്ത് കാൽനീട്ടിയിരുന്ന് കൈകൾ രണ്ടും പിന്നിലേക്ക് കുത്തി ബാലൻസ് ചെയ്താണ് ഈ പാവം മനുഷ്യൻ ഇരുന്നത്. വ്യഭിചാരശാല നടത്തിപ്പുകാരും കഞ്ചാവുകച്ചവടക്കാരും ഗുണ്ടാസംഘങ്ങളും അധോലോക നായകൻമാരും കൂടിച്ചേർന്ന് നടത്തുന്ന ഒരു ക്രിമിനൽ കേന്ദ്രമാണ് ഏർവാടിയെന്ന് ഇദ്ദേഹം തുറന്നടിക്കുന്നു. ഒരു രോഗവുമി

ല്ലാതെ വർഷങ്ങളോളം ചങ്ങലയിൽ ബന്ധിതനായി കൈകാലുകൾ പൊട്ടിത്തകർന്ന ഇദ്ദേഹം തന്റെ അനുഭവങ്ങൾ ഞങ്ങളോട് പങ്കുവെച്ചപ്പോൾ കേട്ടും കണ്ടുമറിഞ്ഞ ഏർവാടിയല്ല യഥാർത്ഥ ഏർവാടി യെന്നും അതിനുപിന്നിൽ ഒരു അധോലോക റാക്കറ്റ്തന്നെ പ്രവർത്തിക്കുന്നുണ്ടെന്നും അവരാണ് ഇന്ന് ഏർവാടി നിയന്ത്രിക്കുന്നതെന്നും ഞങ്ങൾക്ക് മനസ്സിലായി. എല്ലാറ്റിനും മൂകസാക്ഷിയായി ഇബ്രാഹിം ബാദുഷയും അനുയായികളും അവരുടെ ഖബ്റുകളിൽ കിടക്കുന്നു. ലോകത്തുള്ള എല്ലാ വരുടെയും പ്രശ്നങ്ങൾ സ്വപ്നങ്ങളിലൂടെ പരിഹരിക്കുന്നുവെന്ന് പറയപ്പെടുന്ന ഈ ഇബ്രാഹിം ബാദുഷയുടെ അരികിൽവെച്ചാണല്ലോ നാൽപ്പതോളം മാനസിക രോഗികൾ വെന്തുവെണ്ണീറായത്. ഒന്ന് പിടയാൻപോലുമാവാതെ ചങ്ങലയിൽ ബന്ധിതരായി ആ നിഷ്കളങ്ക മനുഷ്യർ കരിക്കട്ടകളായി എരിഞ്ഞ് തീർന്നപ്പോഴും ഇബ്രാഹിം ബാദുഷയും മന്ത്രിമാരും വക്കീലൻമാരും എല്ലാം തൊട്ടടുത്ത മക്ബറയിലുണ്ടായിരുന്നു. അവർ പ്രതികരിച്ചില്ല. ഈ ദുരന്തം സ്വപ്നത്തിൽപോലും മുൻകൂട്ടി ആർക്കും കാണിച്ചുകൊടുത്തതുമില്ല. എല്ലാം അറിഞ്ഞിട്ടും (?) അറിയാതെ നടിച്ച ഏർവാടിയിലെ 'ഔലിയാക്ക'ളേക്കാളും ക്രൂരൻമാർ ലോകത്ത് മറ്റാരെങ്കിലുമുണ്ടാകുമോ?

2001 ആഗസ്റ്റ് ആറിനാണ് മനുഷ്യമനസ്സാക്ഷിയെ കിടിലം കൊള്ളിച്ച ദുരന്തം ഏർവാടിയിലുണ്ടായത്. മാനസിക രോഗികളെ മൃഗീയമായ രീതിയിൽ ചങ്ങലക്കിട്ടിരിക്കുന്ന ഷെഡുകൾ നിരവധി യുണ്ടായിരുന്നു ഈ നരകത്തിൽ. മരുന്നും വെള്ളവും ഭക്ഷണവുമൊന്നുമല്ല ഇവിടുത്തെ ചികിത്സ കൾ. അറവുമാടുകളെപ്പോലെ കൂട്ടംകൂട്ടമായി ചങ്ങലകളിൽ ബന്ധിച്ച് രാവിലെയും വൈകുന്നേരവും ദർഗയിൽ കൊണ്ടുപോയി ഇരുത്തുകയെന്നതാണ് ഇവിടുത്തെ ചികിത്സ. അനുസരണക്കേട് കാണി ക്കുന്ന രോഗികൾക്ക് കടുത്തരീതിയിൽ മർദ്ദനമേൽക്കേണ്ടിവരുന്നു. മാനസികരോഗികളെ ചങ്ങലക്കി ടരുതെന്നും അവരെപീഢിപ്പിക്കരുതെന്നും ഇന്ത്യയിൽ നിയമങ്ങളുണ്ട്. പക്ഷേ ആ നിയമങ്ങളെല്ലാം പലപ്പോഴും വെറും കടലാസ് പുലികളായിമാറുന്നു. ഏർവാടിയെന്ന കിരാതഭൂമിയിലേക്ക് ഈ നിയമ ങ്ങൾക്കും പ്രവേശനമില്ല. ഇവിടെനടക്കുന്ന കൊടും പീഢനങ്ങളിൽ ആർക്കും പ്രതിഷേധമോ പരി വേദനമോയില്ല. കാരണം, പാവപ്പെട്ട മനോരോഗികളെ തങ്ങളുടെ വരുതിയിൽ നിറുത്താൻ വേണ്ടി ക്രൂരൻമാരായ വാർഡൻമാർ നൽകുന്ന ഓരോ പ്രഹരവും ചെകുത്താനെ അടിച്ചിറക്കലായി വ്യാഖ്യാ നിക്കുന്ന ചിന്താശേഷി നഷ്ടപ്പെട്ട ഖബ്ർ പൂജകരാണല്ലോ ഏർവാടിയിലും മറ്റും വരുന്നത്. മനോ രോഗികളെ താമസിപ്പിക്കാൻ വേണ്ട യാതൊരു അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത ഷെഡുകളിൽ ചങ്ങലയിൽ ബന്ധിക്കപ്പെട്ട രോഗികളെ വാർഡൻമാരുടെ ശിക്ഷാദണ്ഡുകൾകാട്ടി ഭയപ്പെടുത്തി താമ സിപ്പിക്കുന്നത് കണ്ടാൽ മനുഷ്യപറ്റുള്ള ആരുടെയും കരളലിഞ്ഞുപോകും. ഈ സ്ഥലത്തിന്റെ ശുചി ത്വവും മറ്റും കണ്ടാൽതന്നെ മനോരാഗികൾക്ക് മറ്റു പല മാറാ രോഗങ്ങളും വരാനുള്ള സാധ്യതകൾ ആർക്കും ബോധ്യപ്പെടും. സ്വവർഗ രതിയിലൂടെയും മറ്റും പടരുന്ന രോഗങ്ങൾക്കും വേണ്ടത്ര സാധ്യ തയുണ്ട്. മനുഷ്യാവകാശ സംഘടനകളുടെ സത്വരശ്രദ്ധ പതിയേണ്ട ഒരു കേന്ദ്രമായിട്ടാണ് ഏർവാടി യിലെ ദർഗ്ഗയും പരിസരവും നിലകൊള്ളുന്നത്.

ഇത്തരത്തിൽ നിരവധി ഭ്രാന്തൻമാരെ ചങ്ങലക്കിട്ട ഒരു ഷെഡ്ഡിനാണ് 2001ൽ തീപീടിച്ചത്. ഓല കൊണ്ട്മേഞ്ഞ താൽകാലിക ഷെഡ്ഡുകൾ തീനാളങ്ങൾ നക്കിത്തുടക്കുമ്പോൾ അതിനുള്ളിൽ ഒന്ന് പിടയാൻപോലുമാവാതെ നാൽപ്പതോളം മനുഷ്യജീവികളുണ്ടായിരുന്നു. ഈ ദുരന്തവുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്നും ഈ കേന്ദ്രങ്ങൾ തങ്ങൾ നടത്തുന്നതല്ലെന്നും പറഞ്ഞ് ദർഗാകമ്മിറ്റികൾ അന്ന് കൈകഴുകി. പക്ഷേ ഈ കേന്ദ്രങ്ങളിൽനിന്നും ദർഗാകമ്മിറ്റിക്കാർവരെ കമ്മീ ഷൻ പറ്റുന്നുണ്ടെന്നതാണ് വാസ്തവം. ഏർവാടി ദർഗയിലെ ചികിത്സകളും കേസ്തീർപ്പുമെല്ലാം ഇബ്രാഹിം ബാദുഷ സ്വപ്നത്തിൽ നിശ്ചയിക്കുമെന്നാണ് ഐതിഹ്യം. എന്നിട്ടും ഈ ദുരന്തം എന്തു കൊണ്ട് ഇബ്രാഹിം ബാദുഷ സ്വപ്നത്തിൽ അറിയിച്ചില്ല എന്ന ചോദ്യത്തിന് ''മീനായിൽ ദുരന്തമു ണ്ടായപ്പോൾ എല്ലാമറിയുന്ന അല്ലാഹു എന്തേ നിസ്സംഗത പാലിച്ചു?'' എന്ന് ചോദിച്ച് അല്ലാഹുവിനെ പരിഹസിക്കുന്ന കുറേ മുസ്ലിയാക്കൾ കേരളത്തിലുണ്ട്. അല്ലാഹുവിന് എപ്പോഴും സഹായിക്കാൻ കഴിയുമെങ്കിലും എപ്പോഴും സഹായിക്കൽ അവന് നിർബന്ധമല്ല. എന്നാൽ മനുഷ്യർ അങ്ങനെയല്ല. സഹായിക്കാൻ കഴിവുണ്ടായിട്ടും സഹായിച്ചില്ലെങ്കിൽ അവൻ കുറ്റക്കാരനാണ്. ഈ എളിയ യാഥാർത്യം പോലും അറിയാതെയാണ് മിനായിലെ തീ പിടുത്തത്തെ മുസ്ലിയാക്കൻമാർ ഏർവാടി യോട് സാമ്യപ്പെടുത്തുന്നത്. ഇത്തരം മുസ്ലിയാക്കൻമാരുടെ കണ്ണ്തെളിയാനല്ല ഇത് എഴുതുന്നത്.

ആരാന്റെ അന്നം ഹറാമായ മാർഗങ്ങളിൽ തിന്ന് കീശയും ആമാശയവും ഒരു പോലെ വീർപ്പിക്കുന്ന പുരോഹിതപ്പരിഷകൾക്ക് എന്തും പറയാമല്ലോ. ഇബ്രാഹിം ബാദുഷ ജീവിച്ചിരിക്കുന്ന കാലത്ത് ഇതു പോലെ ഒരു ദുരന്തത്തെ കുറിച്ച് അദ്ദേഹത്തിന് മുൻകൂട്ടി അറിയുകയും എന്നിട്ടത് പൂഴ്ത്തിവെക്കുകയും ചെയ്താൽ അയാളെപ്പോലെ ഒരു ക്രൂരൻ മറ്റാരെങ്കിലുമുണ്ടാകുമോ? തനിക്ക് സഹായിക്കാൻ 'കഴിവ്' ഉണ്ടായിട്ടും പാവപ്പെട്ട മാനസിക രോഗികളെ കുരുതി കൊടുത്തുവെങ്കിൽ ബാദുഷയെ അല്ലാഹു വെറുതെ വിടുമോ? അതല്ല, അല്ലാഹുവിന്റെ ശിക്ഷ ഇയാൾക്ക് ബാധകമല്ലേ?

പീഢനങ്ങൾ മാത്രമല്ല, കൊലപാതകവും വേശ്യാവൃത്തിയും എല്ലാം നിറഞ്ഞ ഒരു അധാർമിക കേന്ദ്രമാണ് ഏർവാടി. പിശാചിന് ഏറ്റവും ഇഷ്ടപ്പെട്ട കേന്ദ്രം. കേരളത്തിൽ നിന്നും വൻ കുറ്റകൃത്യങ്ങൾ ചെയ്ത പലകുറ്റവാളികളും പോലീസിനെ വെട്ടിച്ച് ഒളിസങ്കേതം കണ്ടെത്തുന്നത് ഇബ്രാഹിം ബാദുഷയുടെ തലക്കുംപുറത്താണ്. ''ഇത്തരം ക്രിമിനലുകൾ എന്റെ അരികിലുണ്ട്, വേണമെങ്കിൽ പിടിച്ചോ'' എന്ന് ഒരു നിയമപാലകനും ബാദുഷ സ്വപ്നം കാണിച്ചില്ല. ഇതെന്ത് എരണംകെട്ട ഔലിയാക്കളാണ്? ക്രിമിനലുകൾക്ക് കൂട്ടുനിൽകുകയും അഭയം നൽകുകയും ചെയ്യുന്നതും കറാമത്താണോ? ഇവർക്കാണോ മരണശേഷം കഴിവ്കൂടുമെന്ന് ഖുറാഫീപുരോഹിതൻമാർ വായിട്ടലക്കുന്നത്.?

ഏർവാടിയിലെ മാനസികരോഗികളുടെ ഷെഡ്ഡുകളുമായി തങ്ങൾക്ക് യാതൊരുബന്ധവുമില്ലെന്ന് ദർഗാകമ്മിറ്റിക്കാർ പറഞ്ഞതുതന്നെ അവിടെ തീപിടിത്തമുണ്ടായതിനുശേഷമാണ്. അതിനുമുമ്പ് ഇത്തരം പീഢനശാലകളെ തള്ളിപ്പറയാൻ ദർഗാകമ്മിറ്റിക്കാർ തയ്യാറായിട്ടില്ല എന്നോർക്കണം. കൂട്ടം കൂട്ടമായി കന്നുകാലികളെപോലെ ചങ്ങലക്കിട്ട് ദർഗയിൽ കൊണ്ടുവരുന്ന മാനസിക രോഗികളെ ഏറ്റെടുക്കാനോ ഇതിന്റെ നടത്തിപ്പുകാരെ വിമർശിക്കാനോ ദർഗാ പരിപാലകർ തയ്യാറാകുന്നില്ല. കാരണം വ്യക്തമാണ്. ദർഗാപരിപാലകരും ഈ കിരാതൻമാരിൽനിന്ന് കണക്ക് പറഞ്ഞ് പണം പറ്റുന്നവരാണ്.

ആരോഗ്യദൃഢഗാത്രരായ രോഗികളാണ് ഏർവാടിയിൽ വരുന്നതെങ്കിൽ അവനുള്ള ആദ്യചികിത്സ, കൈകാലുകൾ പിന്നിലേക്ക് കൂട്ടിക്കെട്ടി പൊരിയുന്ന വെയിലിൽ കമിഴ്ത്തിക്കിടത്തി പുറത്ത് മാരകമായി മർദ്ദിക്കുകയെന്നതാണ്. അത് രോഗം മാറാനുള്ള ചികിത്സയല്ല. മറിച്ച് ഇത്ര ആരോഗ്യമുള്ള ശരീരങ്ങളെ മേച്ച് നടക്കാൻ തങ്ങൾക്ക് പ്രയാസമാകുമെന്നതാണ് ഈ പീഢനത്തിനുപിന്നിലെ യുക്തി. തുടർച്ചയായ ഒരാഴ്ച വെള്ളവും ഭക്ഷണവും നൽകാതെ ഇത്തരത്തിൽ പീഢനമേൽക്കുന്ന മനുഷ്യൻ എല്ലും തോലുമാകുന്നതോടെ അവനും തൂണിൽ ബന്ധിക്കപ്പെടുന്ന നിരവധിഭ്രാന്തൻമാരിൽ ഒരാളായിമാറുന്നു. ഒരൽപം മാനസികവിഭ്രാന്തിയുള്ളവൻ ചിലപ്പോൾ പൂർണഭ്രാന്തനായി മാറുന്നുവെന്നതല്ലാതെ ഏതെങ്കിലും ഒരു ഭ്രാന്തന് ഏർവാടിയിലെ ചികിത്സകൊണ്ട് അസുഖം പൂർണ്ണമായും ഭേദപ്പെട്ടത്തായി ചരിത്രമില്ല. ഈ ലേഖകന്റെ തൊട്ടടുത്തുതന്നെ അതിനുദാഹരണമുണ്ട്. ലേഖകന്റെ സമീപതാമസക്കാരനായിരുന്ന, നാട്ടിൽ കൂലിവേല ചെയ്ത് ജീവിച്ചിരുന്ന ഒരു ചെറുപ്പക്കാരൻ മാനസിക വിഭ്രാന്തിമൂലം നാടുവിട്ട് കറങ്ങിത്തിരിഞ്ഞ് എത്തിപ്പെട്ടത് അജ്മീറിലും പിന്നീട് ഏർവാടിയിലുമായിരുന്നു. അനേകവർഷത്തെ ദർഗാജീവിതത്തിനൊടുവിൽ മുഴുഭ്രാന്തനായാണ് ഇദ്ദേഹം തിരിച്ചെത്തിയത്. ഏകദേശം നാലുവർഷങ്ങൾക്ക് മുമ്പ് ഇദ്ദേഹം മരണപ്പെട്ടു. അതും നല്ലപ്രായത്തിൽ.

മറ്റൊരു കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. അതായത്, പിശാച് ശരീരത്തിൽ പ്രവേശിച്ചത് കൊണ്ടുണ്ടായ മാനസിക രോഗമാണെങ്കിൽ ചിലപ്പോൾ ഇത്തരം കേന്ദ്രങ്ങളിൽ സഹായാഭ്യാർത്ഥനയുമായി എത്തിയാൽ രോഗം അൽപം സുഖമായി തോന്നുന്നത് തൽക്കാലം പിശാച് ശരീരത്തിൽനിന്ന് ഇങ്ങിക്കൊടുക്കുന്നതുകൊണ്ടായിരിക്കാം. അൽപം ഒരു ആശ്വാസം തോന്നിയാൽ 'ജാറത്തിൽ വന്നത്കൊണ്ട് രോഗം ഭേദമായി'എന്ന ധാരണയിൽ രോഗിയേയും രോഗിയുടെ കുടുംബക്കാരേയും ജാറത്തിന്റെ അടിമകളാക്കിമാറ്റാൻ പിശാചിന് ഇതു വഴിസാധിക്കുന്നു. (ഹൈന്ദവ പൂജാ കേന്ദ്രങ്ങളിൽ പോയി രോഗം മാറിയതായി പല മുസ്‌ലിംകളും പറയാറുണ്ട് എന്നത് ഓർക്കുക). ഒരു പാടു പേരെ ശിർക്കിലേക്ക് നയിക്കാൻ സാധിക്കുന്നുവെന്നതിനാൽ പിശാച് ഈ കുതന്ത്രം നിരന്തരം

പഴറ്റികൊണ്ടിരിക്കും. പക്ഷെ ഇങ്ങനെയുണ്ടാകുന്ന ശമനവും താൽക്കാലികമാണെന്നത് ഇതിന്റെ അടിമകളുടെ അനുഭവങ്ങളിൽനിന്നു തന്നെ നമുക്ക് ബോധ്യമായതാണ്.

ഏർവാടിയിലെ ഷെഡ്ഡിൽകിടന്നുതന്നെ മരണപ്പെട്ട നിരവധിയാളുകളുണ്ട്. ഇങ്ങിനെ മരണപ്പെടുന്നവനെ ഒരുപട്ടിയെ കുഴിച്ചിടുന്ന ലാഘവത്തോടെ എവിടെയെങ്കിലും കൊണ്ടുപോയി കുഴിച്ചിടുകയാണ് പതിവ്. അവിടെ ഇസ്‌ലാമിക വിധിപ്രകാരമുള്ള മയ്യിത്ത് സംസ്കരണമില്ല. ഏതൊരു മയ്യിത്തിനും ന്യായമായി ലഭിക്കേണ്ട നമസ്കാരവുമില്ല. അതിലാർക്കും കുണ്ഡിതമോ കുറ്റബോധമോയില്ല താനും. ഇങ്ങിനെ നിരവധിയാളുകളെ ഇവിടെകുഴിച്ചുമൂടിയിട്ടുണ്ട്. അവസാനം ഇത് പുറത്തുവന്നത്, കേരളീയനായ ഒരുരോഗി മരണപ്പെട്ട് കുഴിച്ചുമൂടിയതിനുശേഷം അയാളുടെ ബന്ധുക്കൾ അന്വേഷിച്ച്‌വന്നപ്പോഴാണ്.

വിദ്യാഭ്യാസ-സാംസ്കാരിക രംഗങ്ങളിൽ ഇന്ത്യയിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന കേരളീയരാണ് ഏർവാടിയിലെ ചൂഷക-ചൂഷിതരിൽ ഭൂരിഭാഗവും എന്നത് ഒരു പക്ഷേ വിരോധാഭാസമായി തോന്നാം. കേരളത്തിൽ തന്നെ മലപ്പുറം ജില്ലയിൽനിന്നാണ് കൂടുതൽപേരും ഏർവാടിയിലെത്തുന്നത്. ഇസ്‌ലാമിന്റെ മൊത്തക്കുത്തക അവകാശപ്പെടുന്ന മലപ്പുറത്തെ മാപ്പിളമക്കളിലാണ് ഇന്ന് അന്ധവിശ്വാസവും അനാചാരവും ഏറ്റവുംഅധികം മൂടുറച്ചിരിക്കുന്നത് എന്നത് മറ്റൊരു വിരോധാഭാസം. അതിന് കാരണവുമുണ്ട്. ഇസ്‌ലാമിന്റെ സംരക്ഷകരാണെന്ന് അവകാശപ്പെടുന്ന ക്വുബൂരീ പണ്ഡിതകോമരങ്ങൾ ഏറ്റവും അധികം ഉറഞ്ഞുതുള്ളുന്നതും മലപ്പുറം ജില്ലയിൽ തന്നെയാണ്.

ഒരു മനുഷ്യന് മദ്യം വേണമെങ്കിൽ മദ്യഷാപ്പിൽ പോകണം. പെണ്ണ് പിടിക്കണമെങ്കിൽ വേശ്യാലയത്തിൽ പോകണം. മയക്കുമരുന്ന് വേണമെങ്കിൽ അതിന്റേതായ കേന്ദ്രത്തിൽ പോകണം. ഇവിടെയൊക്കെ പോയാലും പിടികൂടപ്പെടുമോ എന്ന ആശങ്ക ഉള്ളിലുണ്ടാവുകയും ചെയ്യും. എന്നാൽ യാതൊരു ഭയവുമില്ലാതെ ഇതെല്ലാം ഒരുമിച്ച് കിട്ടുന്ന ഒരിടം ഇന്ത്യയിലുണ്ടെങ്കിൽ അത് ഏർവാടി പോലെയുള്ള ദർഗാ പരിസരങ്ങളാണ്. ദർഗകളെ നിയന്ത്രിക്കുന്ന ഇത്തരം മാഫിയകളെ നിലക്കുനിർത്താൻ ഇനി ക്വുബൂരി മുസ്‌ലിയാക്കൾക്കും കഴിയാത്ത അവസ്ഥയാണ്. ഏർവാടിയിൽ നടക്കുന്ന ഏത് തെമ്മാടിത്തത്തിനും ന്യായീകരണമായി ഇബ്രാഹിം ബാദുഷയുടെ ജാറം തൊട്ടടുത്ത് കിടപ്പുണ്ട്. ആ അടിത്തറയിലാണ് ഏർവാടിയിൽ നടക്കുന്ന സകലതിന്മകളും താണ്ഡവമാടുന്നത്. ആരാണ് ഇബ്രാഹിം ബാദുഷ? ആരാണ് ഇദ്ദേഹത്തിന്റെ മന്ത്രിയും വക്കീലുമൊക്കെയായി തൊട്ടടുത്ത ദർഗകളിൽ കിടക്കുന്നത്? ഇവരുടെ ചരിത്രമെന്ത്? ഈ വക ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പലപ്പോഴും കെട്ടുകഥകളും വൈരുധ്യങ്ങളും നിറഞ്ഞതാണ്. ക്വുബൂരികൾ പടച്ചുവിടുന്ന കള്ളക്കറാമത്ത് കഥകളിലല്ലാതെ ആധികാരിക ചരിത്രങ്ങളിലൊന്നും ഇബ്രാഹീം ബാദുഷയെന്ന മത പ്രബോധകനെ പരിചയപ്പെടുത്തുന്നതായി ഈ ലേഖകൻകണ്ടിട്ടില്ല. പക്ഷെ ഒന്നറിയാം, കള്ളൻമാരും കൊള്ളക്കാരും ഉൾപ്പെടുന്ന, ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലാത്ത കുറെ കാട്ടാളൻമാരുടെ കേളീരംഗമാണ് ഇന്ന് ഏർവാടി ദർഗയും പരിസരവും. അത് എന്നും അങ്ങനെതന്നെയായിരുന്നു. മതം ഒരു വാണിഭമാക്കിമാറ്റിയ പുരോഹിതൻമാർ നിലവിലുള്ളകാലത്തോളം അത് അങ്ങനെതന്നെയായിരിക്കുകയും ചെയ്യും. കേരളത്തിലെ ക്വുബൂരി പണ്ഡിറ്റുകൾക്കാകട്ടെ ഈ മയ്യിത്ത് ബിസ്നസ്സിൽ ശക്തമായ പങ്കുണ്ട്. ഇത്തരം കേന്ദ്രങ്ങൾ തഴച്ചുവളരുവാൻ ഇവരുടെ തലതിരിഞ്ഞ ഫത്‌വകൾ കാരണമായിട്ടുണ്ട്.

# അജ്മീർ ദർഗ

## അമീർ ഒതുക്കുങ്ങൽ

ഉത്തരേന്ത്യയിലെ രാജസ്ഥാനിൽ സ്ഥിതി ചെയ്യുന്ന അറിയപ്പെട്ടതും അതിഭീകരവുമായ ഒരു ശിർക്കിന്റെ കേന്ദ്രമാണ് അജ്മീറിലെ ഖാജാമുഈനുദ്ദീൻ ചിശ്തിയുടെയും ബന്ധുക്കളുടെയും ദർഗ്ഗകൾ. പക്ഷെ ഇതിന്റെ കെടുതി രാജസ്ഥാനിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. മറിച്ച്, ഇന്ത്യ യിൽ എവിടെയൊക്കെ അന്ധവിശ്വാസികളും ഖബ്ർ പൂജകരുമുണ്ടോ അവരുടെയൊക്കെ ആശാകേന്ദ്രവും അവലംബവുമാണ് അജ്മീർ. കേരളത്തിലെ എല്ലാ വിഭാഗം ഖബറാരാധകരും ഒരുപോലെ ആരാധനകൾ അർപ്പിക്കുന്ന, അതിന് വേണ്ടി വിശ്വാസികളെ ആട്ടിത്തെളിച്ച് കൊണ്ട് പോകുന്ന ഒരു സർവ്വസമ്മത ജാറമാണ് അജ്മീറിലുള്ളത്.

രാജസ്ഥാന്റെ തലസ്ഥാനമായ ജെയ്പൂരിന് പടിഞ്ഞാറു ഭാഗത്താണ് അജ്മീർ സ്ഥിതി ചെയ്യുന്നത്. ഖബ്റാരാധകരായ മുസ്‌ലിംകളുടെ മാത്രമല്ല, ഹൈന്ദവ ചരിത്രങ്ങളിലെ ഒരു പുണ്യ നഗരം കൂടിയാണ് അജ്മീർ. അജ്മീറിൽ സ്ഥിതി ചെയ്യുന്ന ദർഗ്ഗകളാകട്ടെ മുസ്‌ലിംകളും ഹിന്ദുക്കളും ഒരു പോലെ ആദരിച്ചാരാധിക്കുന്ന കേന്ദ്രവുമാണ്. എന്നാൽ റസൂലിൽ നിന്നും സ്വഹാബത്തിലൂടെ കൈമാറി വന്ന ഇസ്‌ലാമുമായോ പുരാണ കെട്ടുകഥകളിൽ അധിഷ്ടിതമായ ഹൈന്ദവ സംസ്കാരങ്ങളുമായോ അജ്മീറിലെ മുഖ്യ ദർഗ്ഗയിൽ അന്ത്യ വിശ്രമം കൊള്ളുന്ന ഖാജാമുഈനുദ്ദീൻ ചിശ്തിക്ക് ബന്ധമൊന്നുമില്ല എന്നതാണ് രസകരം. ഖാജാ മുഈനുദ്ദീന്റെ അടിത്തറയും അടിവേരുകളും ചെന്ന് മുട്ടുന്നത് ശീഈ പാരമ്പര്യത്തിലും പൈതൃകത്തിലുമാണ് എന്ന് ചരിത്രം പറയുന്നു. മുഈനുദ്ദീന്റെ പേരിൽ കേരള മുല്ലമാർ കുത്തിക്കുറിച്ച ജീവ ചരിത്രവും കള്ളക്കറാമത്ത് കഥകളും വായിച്ചാൽ മുത്ത് നബിയോളമോ അതിനേക്കാളുപരിയോ പോരിശമുടയവനായി തോന്നുമെങ്കിലും ഇയാളുടെ യഥാർത്ഥ ചരിത്രം തേടി പുറപ്പെട്ടാൽ ചെന്ന് മുട്ടുക ഇറാനിലും അഹ്ലുസ്സുന്നത്തിന്റെ ശത്രുക്കളായ ശീഇകളിലുമാണ്. മുഈനുദ്ദീന്റെ ശീഈ പാരമ്പര്യവും അനുരാഗവും മനസ്സിലാക്കാൻ അജ്മീർ ദർഗ്ഗയിലും പരിസരത്തും ഒന്ന് കണ്ണോടിച്ചാൽ മതി. അലി, ഫാത്തിമ, ഹസൻ, ഹുസൈൻ (റ), എന്നിവരുടെ പേരുകൾ കൊത്തിവെച്ച ദർഗ്ഗാ പരിസരത്ത് അഹ്ലുസ്സുന്നയുടെ യാതൊരു അടയാളവും കാണുക സാധ്യമല്ല തന്നെ. മാത്രവുമല്ല അജ്മീർ ദർഗ്ഗയുടെ പരിസരത്ത് ദർഗയോട് ബന്ധപ്പെട്ട് നിരവധി ശിയാക്കൾ താമസിക്കുന്നുമുണ്ട്.

ഖാജാമുഈനുദ്ദീൻ ചിശ്തി എന്ന് പിൽകാലത്ത് അറിയപ്പെട്ട അജ്മീർ ഖാജയുടെ യഥാർത്ഥ പേര് ഹസനുബ്നു ഗിയാസുദ്ദീൻ എന്നാണ്. ഇദ്ദേഹം ജനിച്ചതും വളർന്നതും ഇറാനിലെ ഖുറാസാൻ പ്രവിശ്യയിൽ പെടുന്ന സൻജർ എന്ന ഗ്രാമത്തിലാണ്. ആദ്യ ഖലീഫയാകേണ്ടിയിരുന്നത് അലി(റ) ആണെന്നും അബൂബക്കറും ഉമറും അത് തട്ടിയെടുത്തതാണെന്നും ഒന്ന് കൂടി കടന്ന് അലിയായിരുന്നു പ്രവാചകനാകേണ്ടിയിരുന്നത് എന്ന് പോലും വിശ്വസിക്കുന്ന ശിയാക്കളിലെ ഒരു വിഭാഗത്തിലാണ് മുഈനുദ്ദീൻ ജനിച്ചത്. ഇന്ന് മുസ്‌ലിംലോകം ഐക്യകണ്ഠേന അംഗീകരിക്കുന്ന വിശുദ്ധ ഖുർആനെ നിഷ്കരുണം നിരാകരിക്കുകയും യഥാർത്ഥ ഖുർആനിൽ പതിനേഴായിരത്തോളം ആയത്തുകളുണ്ടെന്ന് വിശ്വസിക്കുകയും ചെയ്യുന്നവരാണ് ശിയാക്കൾ. ഇതിൽ നിന്ന് തന്നെ ശിയാക്കളും ഇസ്‌ലാമും തമ്മിലുള്ള ബന്ധം ഊഹിക്കാവുന്നതേയുള്ളൂ.

ഇത്തരം നിരവധി ഇസ്‌ലാമികവിരുദ്ധ വിശ്വാസങ്ങൾ പുലർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ശീഇസത്തിന്റെ ചുറ്റുപാടുകളിൽ ജനിച്ച് വളർന്ന മുഈനുദ്ദീൻ ഈ വിശ്വാസക്കാരനായിരുന്നില്ല എന്നതിന് രേഖകളൊന്നുമില്ല. മുഈനുദ്ദീന്റെ പിതാവ് ശീഈ പണ്ഢിതനായിരുന്ന ഗിയാസുദ്ദീനായിരുന്നു. ശീഈ ആചാരങ്ങളും അനുഷ്ഠാനങ്ങളും പിന്തുടർന്ന് പോന്നവരായിരുന്നു മുഈനുദ്ദീന്റെ കുടുംബം. മുഈനുദ്ദീന്റെ ജൻമസ്ഥലമായ സൻജർ പണ്ടുമുതലേ ശിയാ–സുന്നീ കലാപങ്ങൾക്ക് പേര് കേട്ട സ്ഥലമായിരുന്നു. ഇത്തരത്തിൽ ഒരു കലാപം നടന്നപ്പോഴാണ് സൻജറിൽ നിന്നും ഖുറാസാനിലേക്ക് മുഈനുദ്ദീന്റെ കുടുംബം താമസം മാറ്റുന്നത്. അത്കൊണ്ട് തന്നെ മുഈനുദ്ദീന്റെ മതപഠനം ആരംഭിച്ചത് ഖുറാസാനിലായിരുന്നു. ഇറാനിലെ ഹാറൂൺ പട്ടണത്തിൽ ജീവിച്ചിരുന്ന ഉസ്മാനുൽ ഹാറൂനി എന്ന ശീഈ പണ്ഢിതനായിരുന്നു മുഈനുദ്ദീന്റെ അദ്ധ്യാത്മിക ഗുരു എന്ന് എല്ലാ ചരിത്രകാരൻമാരും രേഖപ്പെടുത്തിയിട്ടുണ്ട്. പറഞ്ഞ്‌വരുന്നത്, അഹ്‌ലുസ്സുന്നത്തിന്റെ വിശ്വാസ ധാരയിലൂടെ വളർന്ന് വരികയും അത് പ്രബോധനം ചെയ്യുകയും അതിന് വേണ്ടി ജീവിതം ഉഴിഞ്ഞ് വെക്കുകയും ചെയ്ത ഒരാളായിരുന്നില്ല ഖാജാമുഈനുദ്ദീനെന്ന് തെളിയിക്കാനാണ്, മറിച്ച്, അഹ്‌ലുസ്സുന്നയുടെ ഖലീഫമാരെയും വിശ്വാസാദർശങ്ങളെയും പരിഹസിക്കുകയും തള്ളിപ്പറയുകയും ചെയ്ത, ഇസ്‌ലാമിക ലോകത്ത് പ്രശ്നങ്ങളുടെ കൂമ്പാരം തന്നെ സൃഷ്ടിച്ച ജൂത സൃഷ്ടിയായ ശീഈ പാരമ്പര്യത്തിലെ ഒരു കണ്ണിയും പ്രചാരകനുമായിരുന്നു മുഈനുദ്ദീൻ.

അറബിക്കഥകളിലെ രാജകുമാരൻമാരെപ്പോലും വെല്ലുന്ന തരത്തിലുള്ള കെട്ടുകഥകളാണ് മുഈനുദ്ദീന്റെ മേൽ ചാർത്തപ്പെട്ടിരിക്കുന്നത്. ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങളെയും അനുഭവ പാഠങ്ങളെയും അട്ടിമറിക്കുന്ന രീതിയിലാണ് മുഈനുദ്ദീന്റെ ജീവിത ചരിത്രം മുരീദുമാരും മൂടുതാങ്ങികളും അവതരിപ്പിക്കാറുള്ളത്. മുഈനുദ്ദീൻ തന്റെ പ്രബോധന (?) കേന്ദ്രമായി അജ്മീറിനെ തിരഞ്ഞെടുക്കാനുണ്ടായ കാരണം അതിശയോക്തിയും അമ്പരപ്പും തോന്നിക്കുന്ന രീതിയിലാണ് കറാമത്ത് കഥകളിൽ വിവരിച്ചിട്ടുള്ളത്. മുഈനുദ്ദീൻ ഒരിക്കൽ നബി(സ)യുടെ ക്വബ്റ് സിയാറത്തിന് പോയത്രെ. സിയാറത്ത് ചെയ്ത് കൊണ്ടിരിക്കുമ്പോൾ ക്വബ്റിൽ നിന്ന് റസൂൽ(സ) മുഈനുദ്ദീനോട് നേരിട്ട് സംസാരിച്ചുവെന്നാണ് കെട്ടുകഥയുടെ തുടക്കം ''നീ ഇന്ത്യയിലെ അജ്മീറിലേക്ക് പ്രബോധനത്തിന് പോവണമെന്ന് റസൂൽ(സ) ക്വബ്റിൽനിന്ന് മുഈനുദ്ദീനോട് പറഞ്ഞുപോലും. അജ്മീർ എവിടെയാണെന്ന് മനസ്സിലാക്കാൻ റസൂൽ ഭൂപടമടങ്ങുന്ന ഒരു ഗ്ലോബ് പുറത്തേക്ക് നീട്ടിയെന്ന് മൗലിദുകാരൻ വെടിപൊട്ടിക്കുന്നു. കഥ അവിടെയും നിൽക്കുന്നില്ല. ഭൂപടത്തിൽ നോക്കിയിട്ടും അജ്മീർ എവിടെയാണെന്ന് അറിയാതെ വിഷണ്ണനായി നിൽക്കുന്ന മുഈനുദ്ദീന് റസൂൽ(സ) മറുകൈകൊണ്ട് അജ്മീർ തൊട്ടുകാണിച്ചു കൊടുത്തുവെന്നും മൗലിദുകാരൻ തട്ടിവിടുന്നു. പ്രചരിക്കപ്പെടുന്ന കള്ളക്കഥകളെന്തും പ്രമാണമായി അംഗീകരിക്കുന്ന ഖബറാരാധകർക്ക് ഈ കഥയിൽ അസാംഗത്യമൊന്നും തോന്നില്ലെങ്കിലും ഇസ്‌ലാമിക ചരിത്രത്തിലെ റസൂലിന്റെയും സ്വഹാബത്തിന്റെയും ചര്യ പഠിച്ചവർക്ക് ഈ കഥയിലെ സാധുതയും സാധ്യതയും ഉൾക്കൊള്ളാനാവില്ല. മരണപ്പെട്ട റസൂൽ(സ) ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന ആളുകളോട് പ്രതികരിച്ചതായോ ആശയ വിനിമയം നടത്തിയതായോ ഉള്ള ഒരു സംഭവം പോലും പ്രമാണങ്ങൾ അപ്പാടെ പരതിയാലും കാണുകയില്ല. അങ്ങനെ ആശയവിനിമയം നടത്തുമായിരുന്നെങ്കിൽ അതിന് ഏറ്റവും അവകാശികൾ റസൂലിന്റെ കൂടെ ജീവിച്ച, റസൂലിന്ന് വേണ്ടി ജീവൻപോലും ത്യജിക്കാൻ തയ്യാറായിരുന്ന മഹാൻമാരായിരുന്ന സ്വഹാബാക്കളായിരുന്നു. ആ സ്വഹാബാക്കൾ റസൂൽ(സ) യുടെ മരണ ശേഷം നിരവധി പ്രതിസന്ധികളിലും പ്രയാസങ്ങളിലും പെട്ടതായി ചരിത്രം വരച്ചുകാണിക്കുന്നു. റസൂലിന്റെ ഒരു വാക്കോ ആംഗ്യമോ ഉണ്ടായിരുന്നുവെങ്കിൽ പരിഹരിക്കാവുന്നതായിരുന്നു പല പ്രശ്നങ്ങളും. റസൂൽ(സ) വഫാതായപ്പോൾ മയ്യിത്ത് എവിടെ ക്വബ്റടക്കും എന്ന ഒരു പ്രശ്നം സ്വഹാബത്തിനിടയിൽ ഉടലെടുക്കുകയുണ്ടായി. ആ തർക്കം രൂക്ഷമായ ഭിന്നതയുടെ വക്കോളമെത്തി. റസൂൽ(സ)ജനിച്ച മക്കയിൽ ക്വബ്റടക്കണമെന്ന് ഒരു വിഭാഗം വാദിച്ചപ്പോൾ മരണപ്പെട്ട മദീനയിൽ ക്വബ്റടക്കണമെന്നായിരുന്നു മറുവിഭാഗം വാദിച്ചത്. അത് പോലെതന്നെ റസൂലിന് ശേഷം ഇസ്‌ലാമിക ജനസമൂഹത്തിന് നായകത്വംവഹിക്കേണ്ടത് ആര് എന്ന ചർച്ചയും രൂക്ഷമായ അഭിപ്രായ വ്യത്യാസമുണ്ടാക്കി .ഈ രണ്ട് തർക്കം മൂലം രണ്ട് ദിവസത്തോളം മുത്ത് നബിയുടെ ഭൗതിക ശരീരം മറവ് ചെയ്യാതെ സൂക്ഷിച്ചു. റസൂൽ(സ) ഒന്ന് ആംഗ്യം കാണിച്ചിരുന്നെങ്കിൽ, ഒന്ന് മിണ്ടിയിരുന്നെങ്കിൽ ഞൊടിയിടകൊണ്ട് പരിഹരിക്കാമായിരുന്നു ഈ രണ്ട് പ്രശ്നവും. പക്ഷെ അങ്ങനെ സംഭവിച്ചില്ലെന്ന് മാത്രമല്ല, അത്തരമൊരു പരിഹാരം സ്വഹാബത്ത്

പ്രതീക്ഷിച്ചത് പോലുമില്ല. കാരണം അജ്മീർ ഖോജയെപ്പോലുള്ള സൂഫികളിൽ നിന്നോ അത്തര ക്കാരെ പേറിനടക്കുന്ന ഖബറാരാധകരിൽ നിന്നോ മതം പഠിച്ചവരായിരുന്നില്ലല്ലോ സ്വഹാബാകി റാം. അത് കൊണ്ട് തന്നെ ഈ തർക്കങ്ങൾക്ക് പരിഹാരം തേടി ഹദീസിലേക്ക് മടങ്ങുകയും പരി ഹാരം കണ്ടെത്തുകയുമായിരുന്നു അവർ ചെയ്തത്. മാത്രമല്ല, ഇരുവിഭാഗം സ്വഹാബികൾ നിസാ രമായ ഒരു തെറ്റിദ്ധാരണയുടെ പേരിൽ ജമൽ യുദ്ധം വരെ നടന്ന ഖേദകരമായ ചരിത്രങ്ങളും ഇസ്ലാമിന് പറയാനുണ്ട്. അവിടെയും തർക്ക പരിഹാരത്തിനായി റസൂൽ(സ)യുടെ ഇടപെടൽ ഉണ്ടായില്ല. ഇസ്ലാമിക ചരിത്രങ്ങളിൽ കഴിഞ്ഞുപോയ ഈ സംഭവവികാസങ്ങൾ വികാരനിർഭര മായി വായിക്കുന്ന ഒരു മുസ്‌ലിമിന് ശീഈ ചിന്താഗതിക്കാരനായ മുഈനുദ്ദീന് മുത്ത്നബി ഖബ്റിൽ നിന്നും ഗ്ലോബ് നീട്ടിയെന്ന് പറഞ്ഞാൽ അത് വിശ്വസിക്കാൻ ഇത്തിരി പ്രയാസമുണ്ട്.

ഏതായാലും മുഈനുദ്ദീനും നാൽപ്പതോളം മുരീദുമാരും ഇന്ത്യയിലേക്കു തിരിച്ചതായി ഖുറാ ഫീചരിത്രം പറയുന്നു. ബുഖാര, സമസ്കസ്, ധിസ്നീൻ, ലാഹോർ, ബൽഖ് തുടങ്ങിയ രാജ്യങ്ങ ളിലെ പല മക്ബ്ബറകളും സന്ദർശിച്ചും അവിടങ്ങളിൽ തമ്പടിച്ചുമാണ് ഈ സംഘം ഡൽഹിയിലെ ത്തുന്നത്. ഡൽഹിയിൽ നിന്നും പിന്നീട് പല മക്ബ്ബറകളും സന്ദർശിച്ചാണ് മുഈനുദ്ദീൻ അജ്മീ റിലെത്തുന്നത്. ദർഗകൾക്ക് ചുറ്റും ഭജനമിരിക്കുകയും ദർഗകളിലേക്ക് ഇസ്ലാമിനെ ചുരുട്ടി ക്കെട്ടുകയും ചെയ്ത് കൊണ്ട് റസൂലിന്റെ മുന്നറിയിപ്പിനെയും താക്കീതിനെയും അവഗണിച്ചവരാ ണല്ലോ ശിയാക്കൾ, ആ ശിയാക്കളുടെ ചൂടും ചൂരും ഏറ്റ് വളർന്ന മുഈനുദ്ദീനും തന്റെ യാത്ര യിൽ ഒരു ദർഗ്ഗപോലും വിടാതെ അവിടങ്ങളിൽ അടയിരുന്നിട്ടുണ്ട്.

അജ്മീറിലെ ഹൈന്ദവ പൂജാകേന്ദ്രമായിരുന്ന അനാസാഗറിനടുത്ത് താവളമടിച്ച മുഈനുദ്ദീ നോടും ശിഷ്യൻമാരോടും അവിടത്തെ ഭരണാധികാരിയായിരുന്ന പ്രിഥിരാജും സംഘവും പലതവണ ഏറ്റുമുട്ടിപരാജയപ്പെട്ടതായി ഖുറാഫികൾ എഴുതി വിട്ട ചരിത്രങ്ങളിൽ പറയുന്നു. അനാസാഗർ കുളം അവിടുത്തെ ഹൈന്ദവ പൂജാരിമാർ ഉപയോഗിച്ചു വരുന്നവയായിരുന്നു. മുഈനുദ്ദീന്റെയും സംഘത്തിന്റെയും ഇടപെടൽ മൂലം കുളം അശുദ്ധമായിക്കണ്ട ക്ഷേത്ര പൂജാ രിമാർ, അത് കൊണ്ട്തന്നെ ആ കുളത്തിൽ നിന്നും വെള്ളമെടുക്കുന്നതിനെ വിലക്കി. എങ്കിലും വളരെ സൂത്രത്തിൽ മുഈനുദ്ദീന്റെ ഒരു ശിഷ്യൻ കുളത്തിൽ നിന്നും ഒരു കുടം വെള്ളം കൊരി യെടുത്തത്രേ. അതോട്കൂടി കുളത്തിലെ വെള്ളം മുഴുവനും വറ്റിപ്പോയതായി മുഈനുദ്ദീന്റെ കറാമത്തായി ഖുബൂരികൾ പ്രചരിപ്പിക്കുന്നു. പക്ഷെ ഈ കറാമത്ത് പറഞ്ഞ് പറഞ്ഞ് അതിരു വിട്ട ക്രൂരതയായി മാറുന്നുണ്ട്. കാരണം, അനാസാഗറിൽ നിന്ന് വെള്ളം മുക്കിയപ്പോൾ ആ കു ളത്തിലെ വെള്ളം മാത്രമല്ല, ആ നാട്ടിലുള്ള മുഴുവൻ കുളങ്ങളിലെയും കിണറുകളിലെയും വെള്ളം വറ്റിപ്പോയത്രെ!. അവിടെയും നിൽക്കുന്നില്ല കറാമത്ത്. ആ രാജ്യത്തെ മുഴുവൻ സ്ത്രീക ളുടെയും മുലപ്പാൽ പോലും ഈ കറാമത്ത് മൂലം വറ്റി വരണ്ടത്രെ.! മുഈനുദ്ദീന്റെ ഒരു കറാമത്ത് മൂലം ആ നാട്ടിലെ അനേകായിരം ജനങ്ങൾ മാത്രമല്ല, മുലപ്പാൽ കിട്ടാതെ കുഞ്ഞുങ്ങൾ വരെ കഷ്ടപ്പെട്ടിരിക്കുമല്ലോ.യുദ്ധങ്ങളിൽ പോലും സ്ത്രീകളെയും കുട്ടികളെയും ദ്രോഹിക്കരുതെന്ന് പഠിപ്പിച്ച മഹാനാണ് റസൂൽ(സ). റസൂൽ(സ)യുടെ ജീവിതകാലത്ത് തിരുമേനിയിലൂടെ നിരവധി മുഅ്ജിസത്തുകൾ പ്രകടമായിട്ടുണ്ടെങ്കിലും ആ മുഅ്ജിസത്തുകൾകൊണ്ട് സ്ത്രീകളെയോ കുട്ടി കളേയോ ദ്രോഹിച്ചതായി നബിതിരുമേനിയുടെ ചരിത്രത്തിൽ കാണുകയില്ല. മാത്രവുമല്ല, മക്ക യിലെ പീഡനം സഹിക്കവയ്യാതെ ത്വാഇഫിലെത്തിയ നബി(സ)യെ തെരുവുകുട്ടികളെ വിട്ട് കൂകി വിളിപ്പിക്കുകയും കല്ലെറിയുകയും ചെയ്ത്കൊണ്ട് അന്നത്തെ ഇസ്ലാമിന്റെ ശത്രുക്കൾ അതികഠി നമായി ദ്രോഹിക്കുകയുണ്ടായി. പീഢനമേറ്റ് തളർന്നിരിക്കുന്ന നബിതിരുമേനിയുടെ സമീപത്ത് ജിബ്രീൽ(അ) പ്രത്യക്ഷപ്പെടുകയും 'അങ്ങൊന്ന് സമ്മതം മൂളിയാൽഈ ജനതയെമുഴുവനും നശിപ്പിക്കാമെന്ന്' പറയുകയും ചെയ്തു. പക്ഷെ ആ ജനതയോട് പ്രതികാരം ചെയ്യാൻ തിരുമേനി തയ്യാറായില്ല. മറിച്ച് ''അല്ലാഹുവേ, ഈ ജനത വിവരമില്ലാത്തവരാണ്, അവർക്ക് നീ പൊറുത്ത് കൊടുക്കണേ'' എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണ് ചെയ്തത്. കുളത്തിൽ നിന്നും വെള്ളം വിലക്കിയതിന്റെ പേരിൽ ഒരു പ്രദേശത്തെ കിണറുകളിലേയും കുളങ്ങളിലെയും പുഴക ളിലേയും ആ നാട്ടിലെ സ്ത്രീകളുടെ മുലപ്പാൽ പോലും വറ്റിച്ച്കളഞ്ഞ ഖാജാ മുഈനുദ്ദീനും മുത്ത്നബിയും തമ്മിൽ എന്ത് ബന്ധമെന്ന് ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ.

അജ്മീറിൽ തന്നെ സ്ഥിരം താവളമാക്കുകയാണ് മുഈനുദ്ദീനും ശിഷ്യൻമാരും ചെയ്തത്. അമ്പത് വയസ്സ്വരെയും മുഈനുദ്ദീൻ വിവാഹമൊന്നും കഴിച്ചില്ല. അമ്പതാമത്തെ വയസ്സിൽ മുഈനുദ്ദീൻ വിവാഹം കഴിച്ചത് അജ്മീറിലെ ഗവർണറായിരുന്ന വജിഹുദ്ദീൻ മശ്ഹദിയുടെ മകളെയായിരുന്നു. ഈ ഭാര്യയിൽ ഉണ്ടായ ആദ്യമകനായ ഖാജാമുഹിദ്ദീൻ  പതിനാലാം വയസിൽ നാട് വിട്ട് പോയിട്ട് പിന്നീട് യാതൊരു വിവരവും ലഭിച്ചിട്ടില്ല. മറഞ്ഞ കാര്യങ്ങൾ അറിയുമെന്ന് മുരീദുമാർ വിശ്വസിക്കുന്ന മുഈനുദ്ദീന് സ്വന്തം മകൻ നാട്വിട്ട് പോയതുപോലും കണ്ടുപിടിക്കാൻ പറ്റിയില്ല എന്നത് മറ്റൊരു രകസരമായ വൈരുദ്ധ്യം.

96–ാം വയസ്സിൽ മുഈനുദ്ദീൻ മരണപ്പെട്ടു. മുഈനുദ്ദീൻ ജീവിതത്തിൽ സ്ഥിരമായി പ്രാർത്ഥിച്ചിരുന്നത് ''അല്ലാഹുവേ, എനിക്ക് നീ വേദനയും ക്ലേശവും നൽകണേ'' എന്നായിരുന്നത്രെ. ഇയാളുടെ ജീവിതം റസൂലുല്ലാഹിയുടെ ജീവിതം പോലെയായിരുന്നുവെന്നും ജീവിത ചരിത്രത്തിൽ ഖുബൂരികൾ തട്ടിവിടുന്നുണ്ട്. പക്ഷെ റസൂൽ(സ) ദുരിതങ്ങളും പ്രയാസങ്ങളും നീങ്ങാൻ വേണ്ടിയല്ലാതെ അതുണ്ടാവാൻ വേണ്ടി ഒരിക്കൽപോലും പ്രാർത്ഥിച്ചതായി ഹദീസുകളിൽ കാണുന്നില്ല.

ദീനേ ഇലാഹി എന്ന സ്വന്തമായൊരു മതമുണ്ടാക്കി ഇസ്ലാമിനെ പരിഹസിച്ചിരുന്ന അക്ബർ ചക്രവർത്തിപോലും മുഈനുദ്ദീന്റെ ദർഗ സന്ദർശിച്ചിരുന്നു. ദർഗയുടെ സമീപത്തായി അക്ബരി മസ്ജിദ് എന്നപേരിൽ അക്ബറുണ്ടാക്കിയ ഒരു പള്ളിയും നില കൊള്ളുന്നുണ്ട്. അക്ബറും ഇസ്ലാമും തമ്മിലുള്ള ബന്ധം വട്ടപ്പൂജ്യമായിരുന്നു. ആ അക്ബർ മുഈനുദ്ദീന്റെ ദർഗയിൽ വന്ന് സലാം പറഞ്ഞപ്പോൾ  മുഈനുദ്ദീൻ ഖബ്റിൽ നിന്നും സലാം മടക്കി എന്ന് ഇയാളുടെ കറാമത്തായി പറയപ്പെടുന്നു.

ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ ശിർക്ക് പ്രചാരണ വിപണന കേന്ദ്രമാണ് അജ്മീർ . അവിടെ നടക്കാത്ത പേക്കൂത്തുകളില്ല. പൂവുകൾകൊണ്ടുള്ള പൂജ നടത്തുന്ന സ്ഥലമാണ് അജ്മീർ ദർഗ. നൂറുരൂപമുതൽ അയ്യായിരം രൂപവരെയുള്ള പൂക്കൊട്ടകൾ തലയിലേറ്റി ദർഗയെ ത്വവാഫ്ചെയ്യുന്ന രംഗം അജ്മീറിൽ കാണാം. പൂവുകൾ അർപ്പിച്ച് ഖബ്റിനെ ആദരിക്കുന്ന സമ്പ്രദായത്തിന് ഏത് ഹദീസിലാണ് ഈ ഖുബൂരികൾക്ക് തെളിവുള്ളത്? ''ഇതെല്ലാം നടക്കുന്നത് അജ്മീറിലല്ലേ, അതും ഞങ്ങളും തമ്മിൽ എന്തുബന്ധം?'' എന്ന് ചോദിച്ച് ഏതെങ്കിലും ഖുറാഫികൾ ഇതിനെ തള്ളാൻ ഒരുങ്ങുന്നുവെങ്കിൽ അവരറിയണം, ഇത്തരം കൊടും ശിർക്കിനെയും കേരളാഖബറാരാധക മൊല്ലമാരിൽ വമ്പനും മുമ്പനുമായ പൊന്മള അബ്ദുൽ ഖാദിർ മുസ്ലിയാർ എന്ന ശിർക്ക് പ്രചാരകൻ വളരെ വിദഗ്ധമായി ന്യായീകരിച്ചിട്ടുണ്ട് (പൊൻമളയുടെ ഖബ്ർ സിയാറത്ത് എന്ന സി.ഡിയിൽ ഇത് കാണാം) അതിനുപുറമെ ശയനപ്രദക്ഷിണവും. ഖബ്റുമായി ബന്ധപ്പെട്ട് എന്തൊക്കെ റസൂൽ നിരോധിച്ചോ അതൊക്കെ അജ്മീറിൽ ഭംഗിയായി നടക്കുന്നുണ്ട്. അറിയപ്പെട്ട സിനിമാ നടിയും മോഡലുമായ കത്രീനകൈഫിന്റെ അജ്മീർ ദർഗാസന്ദർശനം വലിയ വവാദമായിരുന്നല്ലോ. കത്രീന കൈഫ് മാത്രമല്ല, ഒരുവിധം സിനിമാ നടന്മാരും നടിമാരുമൊക്കെ ഇത്തരം ദർഗ്ഗകളിലെ സന്ദർശകരാണ്. എന്നാൽ മറ്റെല്ലാ ഖബറാരാധകരെയും ഹൈന്ദവരെയും പോലെയുള്ള ഒരു ദർഗസന്ദർശനമായിരുന്നില്ല കത്രീന കൈഫിന്റേത്. മറിച്ച്, ഈ നടി അഭിനയിക്കുന്ന 'നമസ്തേ ലണ്ടൻ' എന്ന പുതിയ സിനിമയുടെ ഒരു ഭാഗം ഷൂട്ട് ചെയ്തത് അജ്മീർ ദർഗ്ഗയിൽ വെച്ചാണ്. ലണ്ടനിൽനിന്നും നാട്ടിലെത്തുന്ന സിനിമയിലെ നായികാകഥാപാത്രം മുഈനുദ്ദീന്റെ ദർഗയിൽ പ്രാർത്ഥിക്കുന്ന ഒരു സീനാണ് ഇവിടെ വെച്ച് ചിത്രീകരിച്ചത്. അവിടെയുള്ള ചില പണ്ഡിതൻമാർ ഇതിനെതിരെ രംഗത്തെത്തിയതോടെയാണ് വിവാദം തുടങ്ങുന്നത്. പക്ഷെ രസകരമായ കാര്യം, ഇവിടെ സിനിമ ഷൂട്ട് ചെയ്തതിനെയല്ല ഈ പണ്ഡിതൻമാർ എതിർത്തത് എന്നാണ്. മറിച്ച്, കത്രീനാ കൈഫ് നഗ്നത മറക്കാതെ ഇവിടെ പ്രവേശിച്ചു എന്നതാണ് ഈ പണ്ഡിത ശിഖണ്ഡികളെ ചൊടിപ്പിച്ചത്. ഈ എതിർപ്പിൽ സിനിമയുടെ സംവിധായകനായ വിപുൽഷായും നടി കത്രീനയും അൽഭുതം കൂറുന്നു. കാരണം, ഷൂട്ടിംഗ് നടന്ന മുഴുവൻ സമയവും ദർഗാഭാരവാഹികൾ തങ്ങളോടൊപ്പം ഉണ്ടായിരുന്നുവെന്നും അവരാരും ഒരു എതിർപ്പും പറഞ്ഞിട്ടില്ലെന്നും ഇവർ വാദിക്കുന്നു. മാത്രവുമല്ല കത്രീനയുടെ തലയിൽ തൂവാല കെട്ടിയത് പോലും ദർഗാഭാരവാഹികളായിരുന്നുവെന്നും സംവിധായകൻ വിപുൽഷാ പറയുന്നു (2006 ഒക്ടോബർ 6ലെ മാതൃഭൂമി ദിനപത്രം നോക്കുക) ഏതായാലും ഈ വിഷയം ആഗോളമു

ഫ്തിയായ പൊന്മളക്കാരന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നു തോന്നുന്നു. പെട്ടിരുന്നുവെങ്കിൽ തുർക്കിയിൽനിന്നോ ഈജിപ്തിൽനിന്നോ ഏതെങ്കിലും പാളക്കിതാബുകൾ വരുത്തി അതിനുമുന്നിൽ അടയിരുന്ന് ദർഗയിൽ സിനിമ ഷൂട്ട് ചെയ്യുന്നതിനും തെളിവ് ഉണ്ടാക്കിയേനെ ഈ 'ആലിമുൽ അല്ലാമ'. ഇന്ന് ദർഗകളിൽ നടക്കുന്ന ഏതെങ്കിലും കാര്യങ്ങൾ തൗഹീദിന് വിരുദ്ധമാണെന്ന് പറഞ്ഞ് അതിനെതിരെ പ്രതികരിക്കാൻ കേരളത്തിലെ ഖബറാരാധകരായ പണ്ഡിതൻമാരിൽ ഒരുത്തനും തയ്യാറായിട്ടില്ല എന്നത് ഇത്തരം പേക്കൂത്തുകൾക്ക് നേതൃത്വം കൊടുക്കുന്നവർക്ക് ആവേശമായി മാറുന്നു എന്നതാണ് വസ്തുത. കേരളത്തിലെ സമസ്ത ഖബറാരാധകരുടെ ഒരു പ്രധാന തീർത്ഥാടന കേന്ദ്രമാണ് അജ്മീർ. ജനങ്ങളെ ഒരുമിച്ചുകൂട്ടി സിയാറത്ത് ടൂർ നടത്തുന്ന മുസ്‌ലിയാക്കൻമാർ ഇവിടെയുള്ള പാമരവിശ്വാസികളെ വലിച്ച് കൊണ്ട് പോകുന്നത് അജ്മീറിൽ നടക്കുന്ന ശിർക്കൻ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനാണ്. ഇത്തരം മുസ്‌ലിയാക്കളുടെ ശർറിൽ നിന്നും അല്ലാഹു മുസ്‌ലിംകളെ കാത്ത് രക്ഷിക്കട്ടെ.

# നാഗൂർ ഷാഹുൽ ഹമീദ് ദർഗ

**അമീർ ഒതുക്കുങ്ങൽ**

**തെ**ന്നിന്ത്യയിലെ ഏറ്റവും വലിയ ശിർക്കൻ കേന്ദ്രങ്ങളിൽ ഒന്നാണ് തമിഴ്നാട്ടിലെ നാഗൂരിൽ സ്ഥിതിചെയ്യുന്ന ഷാഹുൽ ഹമീദിന്റെ ദർഗ. ഖബ്ർ പൂജ അതിന്റെ രൗദ്രഭാവം പൂണ്ട് മൂർധന്യാവസ്ഥയിൽ നിൽക്കുന്ന എണ്ണപ്പെട്ട ദർഗകളിൽ ഒന്നുകൂടിയാണ് നാഗൂർ ഷാഹുൽ ഹമീദിന്റെ ജാറം. അല്ലാഹുവിന് മാത്രം അർപ്പിക്കേണ്ട പ്രാർത്ഥനാ–നേർച്ച–വഴിപാടുകൾ അല്ലാഹു അല്ലാത്തവർക്ക് അർപ്പിക്കുന്ന ക്വൂബൂരികൾ സാധാരണ പറയാറുള്ളത് തങ്ങൾ വിളിച്ചുപ്രാർത്ഥിക്കുന്നവർ ദൈവമാണെന്ന് (ഇലാഹാണെന്ന്) ഞങ്ങൾ വിശ്വസിക്കുന്നില്ല എന്നാണ്. എന്നാൽ നാഗൂർ ഷാഹുൽ ഹമീദിന്റെ വിഷയത്തിൽ ക്വുബൂരികളുടെ ഈ അവകാശവാദവും തെറ്റാണ്. കാരണം നാഗൂർ ഷാഹുൽ ഹമീദ് അറിയപ്പെടുന്നതുതന്നെ 'നാഗൂർ ആണ്ടവർ' എന്ന അപര നാമത്തിലാണ്. തമിഴിൽ ആണ്ടവൻ എന്ന വാക്കിന് ദൈവം എന്നാണ് അർത്ഥം. പളനി മുരുകനെ ഹൈന്ദവർ വിളിക്കാറുള്ളത് പളനി ആണ്ടവൻ എന്നാണ്. അല്ലാഹുവിന് മാത്രം അർപ്പിക്കേണ്ട ആരാധനകൾ ഷാഹുൽ ഹമീദിന്റെ ദർഗക്കുമുന്നിൽ അർപ്പിക്കുന്നതോടൊപ്പം 'ആണ്ടവനേ...' എന്ന് പറഞ്ഞ് പൊട്ടിക്കരയുകപോലും ചെയ്യാറുണ്ട് കേരള സമസ്തക്കാരുടെ സമാനവിശ്വസക്കാരായ അണ്ണാച്ചികളും. തമിഴന്മാർ ഈ ദർഗയിൽ കിടക്കുന്നയാളെ കുറിച്ച് ഷാഹുൽ ഹമീദ്(റ) എന്നൊന്നും പറയാൻ മെനക്കടാറില്ല. മറിച്ച് ഒറ്റവാക്കിൽ നാഗൂർ ആണ്ടവർ എന്ന് വിളിക്കാറാണ് പതിവ്.

ഹിജ്റ വർഷം 910ൽ അയോദ്ധ്യയിലെ മാണിക്യപ്പൂർ എന്ന സ്ഥലത്താണ് ഷാഹുൽ ഹമീദ് ജനിച്ചത് എന്ന് ഇയാളെക്കുറിച്ചെഴുതിയ 'കറാമത്ത്' പുസ്തകങ്ങളിൽ കാണുന്നു. നബി(സ)യിലൂടെ അല്ലാഹു പ്രകടമാക്കിയ മുഅ്ജിസത്തുകളെപ്പോലും വെല്ലുന്ന രീതിയിലാണ് ഷാഹുൽ ഹമീദിന്റെ കറാമത്തുകളായി പ്രചരിപ്പിക്കുന്ന കാര്യങ്ങളിലുള്ളത്. ഷാഹുൽ ഹമീദിനെ മാതാവ് ഗർഭം ചുമന്ന് അഞ്ചാം മാസത്തിൽ തന്നെ തന്റെ വയറ്റിലുള്ള കുഞ്ഞ് ഒരു വലിയ്യും ഖുതുബു (ഔലിയാപ്രമുഖൻ)മാണെന്ന് മാതാവിന് അറിവ് ലഭിച്ചിരുന്നു എന്ന വെടിയോടെയാണ് കറാമത്തുകൾ തുടങ്ങുന്നത്. പക്ഷെ ഇതിലും ചില വൈരുദ്ധ്യങ്ങളുണ്ട്. ഈ വിവരം ഒരു അശരീരി മുഖേനയാണ് ഷാഹുൽ ഹമീദിന്റെ മാതാവ് അറിഞ്ഞതെന്ന് നാഗൂർ ദർഗയിൽ നിന്നും പുറത്തിറക്കിയ കറാമത്ത് ബുക്കിൽ പറയുമ്പോൾ പി.ടി.എ. ഫൈസി കൊടശ്ശേരി എഴുതിയ പുസ്തകത്തിൽ ഈ വിവരം പറഞ്ഞത് ഖിള്ർ നബിയാണെന്നാണ് പറഞ്ഞിട്ടുള്ളത്. മൂസാനബിയുടെ (അ) കാലത്ത് ജീവിച്ച ഒരു മഹത്വ്യക്തിയായിരുന്നു ഖിള്ർ (അ). എന്നാൽ സൂഫികളാൽ ലോകത്ത് ഇന്നുവരെ പ്രചരിപ്പിക്കപ്പെട്ട എല്ലാ കള്ള ഔലിയാക്കളുടെ ചരിത്രത്തിലും ഖിള്ർ (അ) ന് തരക്കേടില്ലാത്ത റോളുണ്ട്. അദ്ദേഹം ഇന്നും ജീവിച്ചിരിപ്പുണ്ടെന്നും തന്റെ ഭാണ്ഡവുമായി അലഞ്ഞുനടക്കുന്ന സർവ്വവ്യാപിയായ ഔലിയ ആണെന്നുമാണ് ലോക ക്വുബൂരികൾ വിശ്വസിക്കുന്നത്. നബി(സ) യുടെ പേരിൽ കെട്ടിച്ചമക്കപ്പെട്ട ചില കള്ള ഹദീസുകളും ഇവർ തെളിവായി ഉദ്ധരിക്കാറുണ്ട്. കോഴിക്കോട്ടുകാരനായ സി.എം. മടവൂരിന്റെ കൂടെ ഖിള്ർ(അ) കഞ്ഞികുടിച്ചിരുന്നതായി മടവൂരിന്റെ കറാമത്ത് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുപോലെ പല 'ഔലിയാ'ക്കളുമായും ഖിള്ർ(അ) ബന്ധം പുലർത്തുമെന്നാണ് ഖുറാഫീ വിശ്വാസം.

നാഗൂർ ഷാഹുൽ ഹമീദിനെകുറിച്ച് ഖുറാഫികൾ പുറത്തിറക്കിയ സകലപുസ്തകങ്ങളും പരിശോധിക്കുമ്പോൾ പരസ്പരം വൈരുദ്ധ്യങ്ങൾ നിറഞ്ഞ ചരിത്രങ്ങളാണ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത് എന്ന് കാണാം. ഷാഹുൽ ഹമീദിന്റെ കുടുംബപരമ്പര വിവരിക്കുന്നതിൽപോലും ഗ്രന്ഥകാ

രൻമാർ തമ്മിൽ യോജിപ്പില്ല. പി.ടി.എ. ഫൈസി എഴുതിയ കുടുംബപരമ്പരയല്ല നാഗൂർ ദർഗയിൽ നിന്നും പുറത്തിറക്കുന്ന പുസ്തകത്തിലുള്ളത്. (ഈ പുസ്തകം തമിഴിൽനിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത് വെള്ളായണി കുമാരസ്വാമി എന്നയാളും അവതാരിക എഴുതിയിട്ടുള്ളത് ഭീമാപള്ളി ഇമാമായ പി.കെ. മുഹമ്മദ് ഷാ സഖാഫിയുമാണ്.) ഈ രണ്ട് പുസ്തകത്തിനും വിരുദ്ധമായാണ് നാഗൂരിൽ നിന്നുതന്നെ പുറത്തിറക്കിയ വി.എം. ഷാഹുൽ ഹമീദ് സാഹിബ് രചിച്ച മറ്റൊരു പുസ്തകത്തിലുള്ളത്. കാതിൽ കേട്ടതെല്ലാം കറാമത്തായി രേഖപ്പെടുത്തി അതിന്റെ മറവിൽ പാമര ജനങ്ങളെ ചൂഷണം ചെയ്ത് ജീവിക്കുന്ന ക്വബ്ർ പൂജക ദല്ലാളൻമാർക്ക് ആൾദൈവങ്ങളുടെ ചരിത്രമെഴുതുമ്പോൾ അത്ഭുത കഥകളും സിദ്ധികളും പൊടിപ്പും തൊങ്ങലും വെച്ച് വിവരിക്കുകയല്ലാതെ ആധികാരികതയും സത്യതയും അന്വേഷിക്കേണ്ട കാര്യമില്ലല്ലോ. ചരിത്രം പഠിപ്പിക്കലല്ലല്ലോ ഇവരുടെ ലക്ഷ്യം.

ഷാഹുൽ ഹമീദ് ഗർഭസ്ഥ ശിശുവായിരിക്കുമ്പോൾതന്നെ കറാമത്തുകൾ പ്രകടിപ്പിച്ചിരുന്നുവെന്ന് ചരിത്രകാരൻമാരായ മുല്ലമാർ തട്ടിവിടുന്നുണ്ട്. പക്ഷേ ചില കറാമത്തുകളിൽ ചില ചരിത്രകാരൻമാർക്ക് വിയോജിപ്പുള്ളതായിട്ടാണ് കാണുന്നത്.

മാണിക്യപൂർ നഗരത്തെ ചമ്പൽതാഴ്വരയിലെ കൊള്ളക്കാർ ആക്രമിച്ച ഒരു ചരിത്രം പുസ്തകങ്ങളിൽ പറയുന്നുണ്ട്. വീടുകൾ കൊള്ളയടിച്ചും സ്ത്രീകളെ മാനഭംഗപ്പെടുത്തിയും എതിർത്തവരെ കൊന്നൊടുക്കിയും കൊള്ളക്കാർ സംഹാരതാണ്ഡവമാടിയപ്പോൾ ഈ കൊള്ളക്കാരെ അമർച്ചചെയ്തത് ഗർഭസ്ഥ ശിശുവായ ഷാഹുൽ ഹമീദായിരുന്നുവെന്ന് അലി ഹസ്സൻ സാഹിബ് ഫൈസി രചിച്ച നാഗൂർ ചരിത്രത്തിൽ പറയുന്നു. ഗർഭസ്ഥശിശു ഒരു ഒത്ത യുവാവായി മാറി ഗർഭാശയത്തിൽ നിന്ന് പുറത്ത് വരികയും ഒരു കുതിരപ്പുറത്ത് കയറി ഊരിപ്പിടിച്ച വാളുമായി കൊള്ളസംഘത്തിന് നടുവിൽ പാഞ്ഞെത്തി അവരെ തുരത്തിയ ശേഷം വീണ്ടും ഗർഭാശയത്തിലേക്കുതന്നെ മടങ്ങിപ്പോയിയെന്ന് ഫൈസി തട്ടിവിട്ടു. എന്നാൽ ഇത്രയും വലിയൊരു 'കറാമത്ത്' നാഗൂരിൽ നിന്നുതന്നെ ഷാഹുൽ ഹമീദ് സാഹിബ് പ്രസിദ്ധീകരിച്ച പുസ്തകത്തിലോ പി.ടി.എ. ഫൈസി കൊടശ്ശേരി എഴുതിയ പുസ്തകത്തിലോ കാണുന്നില്ലയെന്നത് വിരോധാഭാസമാണ്.

അതുപോലെത്തന്നെ ഷാഹുൽ ഹമീദിന്റെ ജനനസമയത്ത് അവിടെ സന്നിഹിതരായവർ നിസാരക്കാരല്ല. ഖിള്ർ നബിയും കൂടെ ഇല്ല്യാസ് നബിയും പ്രസവ സമയത്ത് വരികയും കുട്ടിക്ക് ഖിള്ർ(അ) ബാങ്ക് വിളിക്കുകയും ചെയ്തത്രെ! ഈ സംഭവവും മറ്റ് രണ്ട് പുസ്തകങ്ങളിൽ കാണുന്നില്ല.

ഷാഹുൽ ഹമീദ് കുട്ടിയായിരുന്നപ്പോൾ കാണിച്ച കറാമത്തുകളും ഖുറാഫീ പ്രസിദ്ധീകരണങ്ങൾ വിവരിക്കുന്നുണ്ട്. ഒരു വർഷം റംസാൻ മാസം വന്ന സമയത്ത് കാർമേഘംമൂലം മാസപ്പിറവി കാണാതിരിക്കുകയും അതുമൂലം ജനങ്ങൾ വിഷമിക്കുകയും ചെയ്ത സന്ദർഭത്തിൽ ഷാഹുൽ ഹമീദ് പാൽകുടിക്കാൻ വിസമ്മതിച്ചത്രെ! കുട്ടി പാലുകുടിക്കാത്തതുകൊണ്ട് അന്ന് റംസാനാണെന്ന് ജനങ്ങൾ ഉറപ്പിക്കുകയും നോമ്പെടുക്കുകയും ചെയ്തുവെന്നതാണ് കറാമത്ത്. (മട്ടനൂരും ബേപ്പൂരും മാസം കണ്ട വിരുതൻമാരെപോലുള്ളവരും അത് ഉറപ്പിച്ച ക്വാദിമാരെപോലുള്ളവരും അന്ന് ഇല്ലായിരുന്നുവെന്ന് സാരം) പക്ഷെ ഈ സംഭവവും കൊടശ്ശേരിക്കാരൻ ഫൈസി പറയുന്നില്ല. വി.എം. ഷാഹുൽ ഹമീദിന്റെ പുസ്തകത്തിൽ ഇതു സംഭവിക്കുമ്പോൾ കുഞ്ഞിന് എട്ടുമാസം പ്രായമായിരുന്നുവെന്ന് പറയുന്നു. എന്നാൽ കുമാരസ്വാമി വിവർത്തനം ചെയ്ത പുസ്തകത്തിൽ ആ സമയം കുഞ്ഞിന് ഒരു വയസ്സും മൂന്ന് മാസവും ആയിരുന്നു പ്രായം എന്നാണ് പറയുന്നത്. പോകട്ടെ, നുണ പറയുന്നതിൽ ഒരിക്കലും ഐക്യമുണ്ടാകില്ലല്ലോ. കാരണം, ഒരു നുണയൻ തട്ടിവിടുന്നത് മറ്റൊരു നുണയൻ അറിയുന്നില്ലല്ലോ.

ബാലനായിരുന്ന ഷാഹുൽ ഹമീദ് ഒരിക്കൽ ഒരു മരച്ചുവട്ടിൽ ഇരിക്കുമ്പോൾ അല്ലാഹുവിങ്കൽ നിന്ന് ഒരു അശരീരികേട്ടത്രെ! താങ്കൾ ഒരു മുറബ്ബിയായ ശൈഖിനെതേടി പുറപ്പെടണമെന്നായിരുന്നു അശരീരി. എന്നാൽ കൊടശ്ശേരി ഫൈസി അതൊരു അശരീരി ആയല്ല പറയുന്നത്. മറിച്ച്,

അതൊരു ആത്മീയ സന്ദേശമായിരുന്നുപോലും. എന്നാൽ വെള്ളായനി കുമാരസ്വാമി ഇത് രണ്ടും അറിഞ്ഞിട്ടില്ല. കാരണം അദ്ദേഹം വിവർത്തനം ചെയ്ത മൂലഗ്രന്ഥത്തിൽ ഈ സംഭവമില്ല. ഏതായാലും ഷാഹുൽ ഹമീദ് ഒരു മുറബ്ബിയായ (ശിക്ഷണം നൽകി വളർത്തിയെടുക്കുന്ന) ശൈഖിനെ അന്വേഷിച്ച് പുറപ്പെട്ടു. അങ്ങിനെയാണ് ഗ്വോളിയോറിലുള്ള മുഹമ്മദ് ഗൗസിന്റെ ശിഷ്യത്വം ഷാഹുൽ ഹമീദ് സ്വീകരിക്കുന്നത്. ഗുരുവിനെ തേടിയുള്ള യാത്രയിൽ ഒരു ഭീകരവനത്തിൽവെച്ച് ഷാഹുൽ ഹമീദിന്റെ മുന്നിൽ ഒരു സിംഹം പ്രത്യക്ഷപ്പെടുകയും തന്റെ പുറത്ത് കയറി യാത്രചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തതായി കൊടശ്ശേരി ഫൈസി പറയുന്നു. എന്നാൽ കുമാരസ്വാമി വിവർത്തനം ചെയ്ത പുസ്തകത്തിലുള്ളത് ഒരു പുലിക്കൂട്ടം വന്നുവെന്നും ഷാഹുൽ ഹമീദിനോട് സംസാരിച്ചുവെന്നുമാണ്. എന്നാൽ മറ്റൊരു ചരിത്രകാരനായ സി.എം. ഷാഹുൽ ഹമീദ് സാഹിബിന്റെ പുസ്തകത്തിൽ സിംഹവുമില്ല, പുലിയുമില്ല വെറുമൊരു പൂച്ചപോലുമില്ല.

അങ്ങിനെ നിരവധി നാളുകളിലെ പഠനത്തിനുശേഷം ഷാഹുൽ ഹമീദ് ഗുരുവിനെ വേർപിരിഞ്ഞ് ഒരു സംഘം അനുയായികളേയും കൂട്ടി തന്റെ നാട്ടിലേക്ക് തന്നെ മടങ്ങാൻ തീരുമാനിച്ചത്രെ. പോകുന്ന വഴിക്ക് ഒരു മലയിൽ കയറി ഒരു വൃദ്ധനെ കാണുകയും സംസാരിക്കുകയും ചെയ്തതായി കറാമത്ത് പുസ്തകങ്ങളിൽ കാണുന്നു. ആ വൃദ്ധൻ നാനൂറ് വർഷങ്ങളായി പ്രസ്തുത മലയിൽ ഷാഹുൽ ഹമീദിനെ കാത്തിരിക്കുകയായിരുന്നുവെന്നും മുല്ലമാർ ആനവെടി പൊട്ടിക്കുന്നുണ്ട്. ഈ വൃദ്ധൻ താമസിച്ച മല നൂഹ് നബിയുടെ കപ്പൽ അണഞ്ഞ ജൂതിപർവ്വതമായിരുന്നുവെന്ന് കൊടശ്ശേരി ഫൈസിയുടെ പുസ്തകത്തിൽ പറയുന്നുണ്ട്. (സഖാഫികൾ ഇറക്കിയ കാണാകാഴ്ചകൾ എന്ന ക്ഷുദ്രകൃതിയിൽ ജൂതീപർവ്വതം സ്ഥിതിചെയ്യുന്നത് ഇന്ത്യക്ക് പുറത്തുള്ള മറ്റൊരുസ്ഥലത്താണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്)

യാത്ര തുടർന്ന ഷാഹുൽ ഹമീദും സംഘവും പിന്നീട് പൾവാ എന്ന സ്ഥലത്തെത്തുകയും അവിടെനിന്ന് മറ്റൊരു കൊടിയ ശിർക്കിന്റെ കേന്ദ്രമായ അജ്മീറിലെത്തുകയും ചെയ്തു. അജ്മീറിലെ ഖാജാ മുഈനുദ്ദീൻ ചിശ്തിയുടെ ദർഗയിൽ പ്രവേശിച്ച ഷാഹുൽ ഹമീദ് മൂന്ന് ദിവസം അവിടെ മറവ് ചെയ്യപ്പെട്ട ഖാജാ മുഈനുദ്ദീനുമായി കൂടിക്കാഴ്ചയും ചർച്ചയും നടത്തിയെന്ന് മുല്ലമാർ തട്ടിവിടുന്നു. ഈ കഥ ഉദ്ധരിക്കുന്നതിലും കഥാകൃത്തുക്കൾക്കിടയിൽ ഏകാഭിപ്രായമില്ല. എന്തൊക്കെയായാലും റസൂൽ(സ) യുടെ മുഅ്ജിസത്തുകളിൽ ഒന്നായ മിഅ്റാജിലല്ലാതെ മരണപ്പെട്ടുപോയ ഒരാൾ ഭൂനിവാസികളുമായി കൂടിക്കാഴ്ചയും ചർച്ചയും നടത്തിയ ഒരു സംഭവം ഇസ്ലാമിക ചരിത്രത്തിൽ കാണുക സാധ്യമല്ല. പക്ഷേ, നബിമാരുടെ മുഅ്ജിസത്തുകളെപ്പോലും നിസാരമാക്കുന്ന കറാമത്ത് കഥകളാണല്ലോ ക്വുബൂരിസത്തിന്റെ ജീവവായു.

ഒരുപാട് ജാറങ്ങളിലും മറ്റും തെണ്ടിത്തിരിഞ്ഞ ശേഷം ഷാഹുൽ ഹമീദ് വീണ്ടും ജന്മനാടായ മാണിക്യപൂരിലെത്തി. പിന്നീട് ഷാഹുൽ ഹമീദിന്റെ ഗുരുനാഥനായ മുഹമ്മദ് ഗൗസിന്റെ ഭാര്യ തന്റെ മകളുമായുള്ള വിവാഹലോചനയുമായി രണ്ടുവൃദ്ധകളെ ഷാഹുൽ ഹമീദിന്റെ അരികിലേക്ക് അയച്ചത്രെ. ആലോചനയുമായി വന്ന വൃദ്ധകളോട് താൻ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് പറഞ്ഞ ഷാഹുൽ ഹമീദ് തന്റെ കൈ ഉയർത്തി കക്ഷത്തിലേക്ക് നോക്കാൻ ആവശ്യപ്പെട്ടത്രെ. നോക്കിയപ്പോൾ അവർകണ്ട അൽഭുത കാഴ്ച എന്തായിരുന്നുവെന്ന് കൊടശ്ശേരി ഫൈസിയുടെ പുസ്തകത്തിൽ നമുക്ക് ഇങ്ങിനെ വായിക്കാം.

''ശൈഖ് തന്റെ ഇടതുകൈ ഉയർത്തിപ്പിടിച്ചു. ആഗതരോട് തന്റെ കക്ഷത്തിലേക്ക് നോക്കാൻ ആവശ്യപ്പെട്ടു. അവർക്ക് കണ്ണുകളെ വിശ്വസിക്കാനായില്ല. എന്തൊരു കാഴ്ച! പ്രവിശാലമായ ഒരു മരുഭൂമി. അതിന്റെ മധ്യത്തിൽ പവിഴ നിർമിതമായ ഒരു കുബ്ബ. അതിൽ ചുവന്ന മാണിക്യനിർമിതമായ ഒരു ഊഞ്ഞാൽ. സൗന്ദര്യവതികളായ രണ്ട് സ്വർഗസ്ത്രീകൾ അതിൽ ആടുന്നു. കണ്ടുനിൽക്കാനുള്ള ശക്തിയില്ലാതെ അവർ ബോധരഹിതരായി.'' *(നാഗൂർ വലിയ്യ് പേജ്: 25)*

ഹൈന്ദവരുടെ ദൈവമായ ശ്രീകൃഷ്ണൻ വെണ്ണ കട്ടുതിന്നോ എന്നറിയാൻ അമ്മ ശ്രീകൃഷ്ണന്റെ വായിലേക്ക് നോക്കിയപ്പോൾ അതിൽ ഈരേഴ് പതിനാല് ലോകങ്ങളും കണ്ടു

എന്നൊരു ഹൈന്ദവ ഐതിഹ്യമുണ്ട്. അതിനൊപ്പിച്ച് ഉണ്ടാക്കിയതായിരിക്കണം ഈ ചരിത്രവും. എന്നാൽ ഈ കക്ഷക്കറാമത്ത് വെള്ളായണി കുമാരസ്വാമിയുടെ പുസ്തകത്തിൽ കാണുന്നില്ല. മാത്രവുമല്ല, വെള്ളായണി സ്വാമി വിവർത്തനം ചെയ്ത പുസ്തകത്തിൽ ഗുരുവിനെ പിരിയുന്നതിന് മുമ്പാണ് വിവാഹാലോചന നടത്തിയത് എന്നാണ് പറയുന്നത്. എങ്കിലും വിവാഹാലോചന നടത്തിയതിന് കക്ഷംകാട്ടി ബോധംകെടുത്തിയതായി പറയുന്നുമില്ല. എന്നാൽ വി.എം. ഷാഹുൽ ഹമീദ് സാഹിബിന്റെ പുസ്തകത്തിലും കക്ഷംകാണിച്ച് ബോധംകെടുത്തിയ കഥ പറയുന്നുണ്ട്. പക്ഷെ, ഫൈസിയുടെ കഥയിൽ പവിഴനിർമ്മിതമായ ഖുബ്ബയാണ് കണ്ടതെങ്കിൽ ഈ പുസ്തകത്തിൽ മുത്തിനാൽ നിർമിച്ച ഖുബ്ബയാണ് എന്ന വ്യത്യാസമുണ്ട്. (മുത്തും പവിഴവും വലിയ വ്യത്യാസമില്ല എന്ന നിലക്കാവാം വ്യത്യാസം വരുത്തിയത് എന്ന് ഖുബൂരികൾക്ക് ന്യായീകരിക്കാം)

ഷാഹുൽ ഹമീദ് വിവാഹിതനായി കാണാൻ ആഗ്രഹിച്ച മാതാപിതാക്കളും നാട്ടുകാരും വിവാഹാവശ്യാർത്ഥം ഒരു മനോഹരമായ സൗധം നിർമ്മിച്ചത്രെ. പക്ഷേ വിവാഹം ഇഷ്ടപ്പെടാതിരുന്ന കഥാ നായകൻ ഒരു നോട്ടം കൊണ്ട് സൗധം ചാമ്പലാക്കിയ കാര്യവും പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഹൈന്ദവരുടെ ദൈവങ്ങളിൽ ഒരാളായ ശിവൻ തനിക്ക് കോപം വന്നാൽ തന്റെ മൂന്നാം കണ്ണ് തുറന്ന് സകലതും ചാമ്പലാക്കുമെന്ന് ഹൈന്ദവപുരാണങ്ങളിൽ കാണുന്നു. ഹൈന്ദവ സന്യാസത്തിന്റെ മറ്റൊരു പതിപ്പായ സൂഫിസത്തിന്റെ കള്ളക്കഥകളിൽ സമാനമായ ഐതിഹ്യങ്ങൾ കടന്നുവന്നില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ.

വിവാഹം കഴിച്ചിട്ടില്ലെങ്കിലും ശാഹുൽ ഹമീദിന് ഒരു കുഞ്ഞുണ്ടായിട്ടുണ്ട്. അതിന്റെ ഐതിഹ്യം രസകരവും ചിരിക്കു വക നൽകുന്നതുമാണ്. ഷാഹുൽ ഹമീദിന്റെ കഥകൾ കേട്ടറിഞ്ഞ ശൈഖ് നൂറുദ്ദീൻ മുഫ്തി ഒരിക്കൽ ഷാഹുൽ ഹമീദിനെ സന്ദർഷിച്ച് ''ശൈഖ് അവർകളേ, എനിക്ക് സന്താനമില്ല, സന്താനത്തിനുവേണ്ടി ഞാൻ അല്ലാഹുവിനോട് നിരന്തരം ദുആ ചെയ്തു, പലമഹാത്മാക്കളേയും ഈ ആവശ്യാർത്ഥം സന്ദർശിച്ചു. ഇന്നേവരെ എന്റെ ഉദ്ദേശ്യം നടന്നിട്ടില്ല'' എന്ന് പറയുകയും ചെയ്തത്രെ! അതുകേട്ടതും ''താങ്കളുടെ മുതുകിൽ ഒരുപുണ്യാത്മാവായ ആൺകുഞ്ഞിന്റെ ബീജമുണ്ടെന്നും അത് യാഥാർത്ഥ്യമാക്കണമെന്നു'' മുള്ള തന്റെ ഗുരുവിന്റെ പ്രവചനം ശാഹുൽഹമീദിന് ഓർമവന്നുപോലും. നൂറുദ്ദീന്റെ ഭാര്യയുടെ ഗർഭാശയം തന്റെ ബീജം നിക്ഷേപിക്കാൻ പറ്റിയതാണെന്ന് മനസ്സിലാക്കിയ ഷാഹുൽ ഹമീദ് ഈ വിവരം നൂറുദ്ദീനോട് പറഞ്ഞു. അങ്ങിനെ തിങ്കളാഴ്ച രാവിൽ നൂറുദ്ദീന്റെ ഭാര്യ കുളിച്ച് സുഗന്ധം ഉപയോഗിച്ച് വരണമെന്ന് ഷാഹുൽ ഹമീദ് ആവശ്യപ്പെട്ടുവത്രേ. (അന്യപുരുഷന്മാരുള്ള സ്ഥലങ്ങളിലേക്ക് പുറപ്പെടുമ്പോൾ സുഗന്ധം ഉപയോഗിക്കുന്ന സ്ത്രീകൾ വ്യഭിചാരികളാണെന്ന് നബി (സ്വ) പറഞ്ഞിട്ടുണ്ട്.) അങ്ങിനെ നിർദേശം പാലിച്ചെത്തിയ നൂറുദ്ദീന്റെ ഭാര്യയെ മുന്നിലിരുത്തി ഷാഹുൽ ഹമീദ് വെറ്റില ചവച്ച് അത് നൂറുദ്ദീന്റെ ഭാര്യയുടെ വായിൽ നിക്ഷേപിച്ച് വിഴുങ്ങാൻ പറഞ്ഞു. അങ്ങിനെ നൂറുദ്ദീന്റെ ഭാര്യ ഗർഭിണിയാവുകയും ഒരു ആൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തുവെന്നതാണ് നുണക്കഥയുടെ പര്യവസാനം. (ലോകത്ത് ആദ്യമായി മുറുക്കിതുപ്പിയ വെറ്റിലയിലൂടെ കൃത്രിമ ബീജ സങ്കലനം നടത്തിയത് ഷാഹുൽ ഹമീദാണെന്ന് 'നവോത്ഥാന' ഖുറാഫികൾക്ക് അഭിമാനിക്കാം. വേണമെങ്കിൽ ഈ വകയിൽ ഒരു മരണാനന്തര ബഹുമതിയും പ്രഖ്യാപിക്കാം)

പിന്നീട് കുറേകാലം ഷാഹുൽ ഹമീദ് പലരാജ്യങ്ങളും സന്ദർശിച്ചതായി പുസ്തകത്തിൽ കാണുന്നു. സഊദി അറേബ്യയിലെ ജിദ്ദയിൽ നിന്നും കപ്പൽ മാർഗം കണ്ണൂരിലാണത്രെ ഷാഹുൽ ഹമീദ് എത്തിയത്. കണ്ണൂരിൽ നിന്നും കർണാടകയിലെ ബാബ ബുദനഗിരി എന്ന മലയിൽ എത്തിയതായും പറയപ്പെടുന്നു. അവിടെ സ്ഥിതിചെയ്യുന്ന ഹയാത്തുൽ ബഹ്ർ എന്നയാളിന്റെ മക്ബറയിലാണ് ഷാഹുൽ ഹമീദ് എത്തിയത്. ( ഈ സ്ഥലത്തിനുവേണ്ടി വർഷങ്ങളായി വിശ്വഹിന്ദുപരിഷത്തുകാർ ശബ്ദം ഉയർത്താൻ തുടങ്ങിയിട്ടുണ്ട്. ഇവിടെ കിടക്കുന്ന പുണ്യാത്മാവ് തങ്ങളുടെ ആളാണെന്നാണ് അവരുടെ വാദം. ഒരു സംഘർഷാവസ്ഥ നിലനിൽക്കുന്ന ഈ പ്രദേശത്ത് രണ്ടു കൂട്ടർക്കും ഒരുപോലെ ആരാധന നടത്താൻ ഇപ്പോൾ കർണാടക ഗവൺമെന്റ് സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ട്) അവിടെനിന്നും പൊന്നാനി, മാലീദീപ്, സിലോൺ, ഏർവാടി, കായൽപ

ട്ടണം തുടങ്ങിയ സ്ഥലങ്ങളിലാണ് ഷാഹുൽ ഹമീദ് സന്ദർശനം നടത്തിയതായി പറയപ്പെടുന്നത്. ഒടുവിൽ ഇയാൾ നാഗൂരിലെത്തി. നാഗൂർ കടലോരത്ത് നാൽപ്പത് ദിവസം വ്രതവും നിസ്കാരവുമായി ഷാഹുൽ ഹമീദ് ഖൽവത്തിൽ (ജനങ്ങളിൽ നിന്നും ഒഴിവായി ഇബാദത്തിന് മാത്രമായി സൂഫികൾ തനിച്ചിരിക്കുന്ന സമ്പ്രദായം) ഇരിക്കാൻ തീരുമാനിച്ചു. ഖൽവത്തിൽ നിന്നും പുറത്തു വന്ന് പിന്നീട് ആന്റമാനിലേക്ക് പോകാൻ തീരുമാനിച്ചത്രെ. ഉടനെതന്നെ അവിടെ ഖിള്ർ(അ) പ്രത്യക്ഷപ്പെട്ട് താങ്കൾക്ക് ആന്റമാനിലേക്ക് പോകാൻ അല്ലാഹു അനുവാദം തന്നിട്ടില്ലെന്നും ആന്റമാനിലെ കാഴ്ചകൾ കാണണമെങ്കിൽ എന്റെ ചുമലിൽ മുഖം വെക്കുക എന്നും പറഞ്ഞത്രെ! അങ്ങിനെ ഖിള്ർ(അ) ന്റെ ചുമലിൽ മുഖം വെച്ചപ്പോൾ ആന്റമാനിലെ മുഴുവൻ കാഴ്ചകളും കണ്ടതായും ഖുറാഫി പുസ്തകങ്ങൾ പറയുന്നു.

ശേഷം ഷാഹുൽ ഹമീദ് തന്റെ കൃത്രിമ പുത്രനായ യൂസുഫിനെ വിളിച്ചുപറഞ്ഞു: ''നിന്നിൽ നിന്ന് മഹത്തുക്കളായ സന്താനങ്ങൾ ജനിക്കാനിരിക്കുന്നു. അതിനാൽ നിനക്ക് കുലമഹിമയുള്ള ഒരു കന്യകയെ വിവാഹം ചെയ്തുതരാൻ ഞാൻ ഉദ്ദേശിക്കുന്നു.'' ഇതുകേട്ടതും പുത്രൻ വിസമ്മതം പ്രകടിപ്പിച്ചുവെന്നും ഷാഹുൽ ഹമീദ് കാര്യങ്ങൾ വ്യക്തമാക്കിക്കൊടുത്ത് വിവാഹം കഴിപ്പിച്ചുവെന്നും കറാമത്തുപുസ്തകങ്ങൾ പറയുന്നു. ഓർക്കുക, ഇതേ ആവശ്യം ഷാഹുൽ ഹമീദിനോട് മാതാപിതാക്കൾ പറഞ്ഞപ്പോഴാണ് ഒരു സൗധം തന്റെ നോട്ടംകൊണ്ട് ചാമ്പലാക്കിയതും പലരേയും കക്ഷംകാട്ടി ബോധംകെടുത്തിയതും.

ഹിജ്റ 978ൽ ഷാഹുൽ ഹമീദ് മരണപ്പെട്ടതായും പുസ്തകങ്ങൾ പറയുന്നു. അങ്ങിനെ ഖിള്റിന്റെ നിർദ്ദേശപ്രകാരമാണത്രെ നാഗുരിൽതന്നെ മറമാടിയത്. നാഗൂരിലെ പ്രധാന ദർഗ ഷാഹുൽ ഹമീദിന്റേതാണെങ്കിലും കൃത്രിമ പുത്രൻ യൂസുഫിന്റെയും യൂസുഫിന്റെ ഭാര്യ സുൽത്താനയുടെയും ദർഗകളും ഇവിടെയുണ്ട്.

നാഗൂർ ഷാഹുൽ ഹമീദിന്റെ പേരിൽ ആരോപിക്കപ്പെട്ട കറാമത്തുകളിൽ മാത്രമല്ല, ഇവിടെ നടക്കുന്ന നേർച്ച വഴിപാടുകളിലും ഹൈന്ദവ സ്വാധീനം തെളിഞ്ഞുകാണാം. രോഗബാധിത അവയവങ്ങളുടെ രൂപത്തിൽ സ്വർണംകൊണ്ടും വെള്ളികൊണ്ടും രൂപങ്ങളുണ്ടാക്കി വിഗ്രഹങ്ങൾക്ക് സമർപ്പിക്കുന്ന രീതി ചില ഹൈന്ദവ ക്ഷേത്രങ്ങളിൽ കാണാം. ഈയൊരു രീതി നാഗൂർ ദർഗയിലും നടക്കുന്നുണ്ട്. മാത്രവുമല്ല ക്ഷേത്രങ്ങളിൽ പൂജക്കായി പ്രത്യേക സമയങ്ങളിൽ നടതുറക്കലും അടക്കലും ഉള്ളതുപോലെ നാഗൂർ ദർഗയിലും ഈ പതിവുണ്ട്.

ജീവിച്ചിരുന്ന കാലത്ത് നൂറുകണക്കിന് മൈൽ ദൂരത്ത് നടക്കുന്ന ദുരന്തങ്ങൾപോലും മുൻകൂട്ടി കണ്ട് രക്ഷപ്പെടുത്തിയതായി നിരവധി കറാമത്തുകൾ ഷാഹുൽ ഹമീദിന്റെ പേരിൽ ഖുറാഫികൾ വെച്ചുകെട്ടുന്നുണ്ട്. എന്നാൽ ഈ അടുത്ത് ലോകത്തെ നടുക്കിയ സുനാമി ദുരന്തമുണ്ടായപ്പോൾ അത് കാര്യമായി ബാധിച്ച ഒരു പ്രദേശംകൂടിയാണ് നാഗൂർ. ഈ ദുരന്തത്തിൽപെട്ട് നാഗൂർ ദർഗയുടെ പരിസരത്തുള്ള നൂറുകണക്കിന് ആളുകളാണ് മരിച്ചത്. അക്കൂട്ടത്തിൽ സർവ്വ പ്രയാസങ്ങളും തീരുന്നതിനുവേണ്ടി നാഗൂർ ദർഗയിലേക്ക് സിയാറത്തിന് വന്ന ആളുകളുമുണ്ട്. അവിടെയും ഈ ദുരന്തം സ്വപ്നത്തിലൂടെയെങ്കിലും മുൻകൂട്ടി ആർക്കും ഷാഹുൽ ഹമീദ് അറിയിച്ച് കൊടുത്തില്ല. ആ ദുരന്തത്തിൽ പെട്ടവർ അന്ന് നാഗൂർ ശൈഖിനെയും വിളിച്ച് പ്രാർത്ഥിച്ചിട്ടിട്ടുണ്ടാകുമല്ലോ? എന്നിട്ടും ശൈഖ് എന്തുകൊണ്ട് രക്ഷിച്ചില്ല? ജീവിച്ചിരുന്ന കാലത്ത് ലോകത്തുള്ള എല്ലാവരുടെയും പ്രശ്നങ്ങൾക്കും പരിഹാരം നൽകിയ ആൾക്ക് മരണശേഷം കഴിവ് പോയിയെന്നാണോ, കഴിവ് കൂടിയെന്നാണോ ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത്? ഇത് വായിക്കുമ്പോൾ ഖുറാഫികൾ പറയും ''അങ്ങിനെയാണെങ്കിൽ നിങ്ങളുടെ അല്ലാഹു എന്തുകൊണ്ട് രക്ഷപ്പെടുത്തിയില്ല'' എന്ന്. അല്ലാഹുവിന് ഒരുകാര്യവും നിർബന്ധമില്ല. അല്ലാഹുവിന് സഹായിക്കാൻ കഴിവുണ്ടായിട്ടും അവൻ സഹായിച്ചില്ലെങ്കിൽ അവനെ കുറ്റപ്പെടുത്തിക്കൂടാ. എന്നാൽ മനുഷ്യന്റെ സ്ഥിതി അതല്ല. കഴിവുണ്ടായിട്ടും സഹായിച്ചില്ലെങ്കിൽ അയാൾ കുറ്റക്കാരനാകും. ഈ ലളിതമായ തത്വംപോലും അറിയാത്തതുകൊണ്ടാണ് നിരീശ്വരവാദികളെപ്പോലെ 'നിങ്ങളുടെ അല്ലാഹു കാരുണ്യവാനല്ലേ, എന്നിട്ടും എന്തുകൊണ്ട് രക്ഷിച്ചില്ല' എന്ന് ഖുബൂരികൂട്ട

ങ്ങൾ ലജ്ജയില്ലാതെ വിളിച്ചുകൂവുന്നത്. ''ഞങ്ങളുടെ ഔലിയാക്കൾക്ക് കഴിവില്ലെങ്കിൽ നിങ്ങളുടെ അല്ലാഹുവിനും കഴിവില്ല'' എന്നുവരെ ചില ഖുബൂരി ജാഹിലുകൾ തട്ടിവിടാറുണ്ട്. അല്ലാഹു ഇവർക്ക് സൽബുദ്ധി നൽകട്ടെ.

ഏതായാലും ഒരു കാര്യം ഉറപ്പാണ്. ഔലിയാക്കളെന്ന പേരിൽ ഖുറാഫികൾ തലയിലേറ്റി നടക്കുന്ന സകല ആളുകളും അവർ ചെയ്തതായി പറയുന്ന കറാമത്തുകളും വെറും സങ്കൽപ്പങ്ങളും ഐതിഹ്യങ്ങളുമാണ്. ഇസ്‌ലാം പരിചയപ്പെടുത്തുന്ന ഔലിയാക്കളുമായോ കറാമത്തുകളുമായോ കേരളത്തിലെ ഖുബൂരികൾക്ക് യാതൊരു ബന്ധവുമില്ല. ഇവർ പ്രചരിപ്പിക്കുന്ന കറാമത്തുകളും ഔലിയാക്കളും ഹൈന്ദവ സന്യാസ കഥകളിൽ നിന്ന് കടമെടുത്ത് ഇസ്‌ലാമിന്റെ പാകമാകാത്ത കുപ്പായം ധരിപ്പിച്ചവയാണ്. അക്കൂട്ടത്തിൽ ഒന്നുമാത്രമാണ് നാഗൂർ ഷാഹുൽ ഹമീദ് അഥവാ ഖുറാഫികളുടെ ഭാഷയിൽ പറഞ്ഞാൽ അബ്ദുൽ ഖാദിർ ഷാഹുൽ ഹമീദ് ഖാദിറൊലി ഗഞ്ചസവായ് ഗഞ്ചബഗ്ഷ് ബാദുഷാ സാഹിബ് നാഗൂർ ആണ്ടവർ.

# മുത്തുപ്പേട്ട ദാവൂദുൽ ഹക്കീം ദർഗ്ഗ

**അമീർ ഒതുക്കുങ്ങൽ**

**ഇ**സ്‌ലാം കഠിനമായി വിലക്കിയ ശിർക്കിന്റെ സർവ്വ രൂപങ്ങളും ഭാവങ്ങളും കടന്നു വരുന്ന മേഖലയാണ് കെട്ടിപ്പൊക്കിയ ദർഗ്ഗകളും അതിനെ ചുറ്റിപ്പറ്റി നടക്കുന്ന ഖബ്ർ പൂജയുടെ വിവിധ രൂപങ്ങളും. ദർഗ്ഗയെ ചുറ്റിപ്പറ്റി അതിന്റെ അന്തേവാസികളും പിണിയാളുകളും നടത്തുന്ന തട്ടിപ്പു കളും വെട്ടിപ്പുകളും പറഞ്ഞാലൊടുങ്ങില്ല. ഇസ്‌ലാം വിലക്കിയ പല കാര്യങ്ങളും, അതു മദ്യപാന മായാലും മയക്കുമരുന്നായാലും മദിരാക്ഷിയായാലും ദർഗ്ഗാപരിസരത്ത് സുലഭമാണ്. അതുകൊണ്ടു തന്നെ അന്ധവിശ്വാസങ്ങൾക്ക് മുന്നിൽ ജീവിതം ഹോമിച്ച സാധുക്കൾ മാത്രമല്ല പുറമെ തെമ്മാടികളും താന്തോന്നികളും ഗുണ്ടാ സംഘങ്ങളും അധോലോക റാക്കറ്റുകളും ഏതൊരു ദർഗ്ഗയുടെയും പരിസരങ്ങളിൽ തമ്പടിച്ചതായി അന്വേഷണത്തിൽ മനസ്സിലാക്കാം. ഈ തെമ്മാടിക്കൂട്ടങ്ങൾക്ക് ദർഗ്ഗാ പരിപാലകരുമായി അഭേദ്യമായ ബന്ധമുണ്ടെന്നതാണ് വസ്തുത. നാട്ടിൽ ക്രിമിനൽ കുറ്റങ്ങൾ ചെയ്ത് നിയമപാലകരുടെ കണ്ണുവെട്ടിച്ച് മുങ്ങുന്ന പല സാമൂഹ്യ ദ്രോഹികളും പിന്നീട് പൊങ്ങാറുള്ളത് ഏതെങ്കിലും ദർഗ്ഗയുടെ പരിസരത്താണ്. കെട്ടിപ്പൊക്കിയ ജാറങ്ങളുടെ നിഴലിൽ അജ്ഞാത വാസം നടത്തുന്ന ഇത്തരം ക്രിമിനലുകളെ പല ദർഗ്ഗാ പരിസര ത്തുനിന്നും പലപ്പോഴായി നിയമ പാലകർ പിടികൂടിയിട്ടുള്ളത് വാർത്താ മാധ്യമങ്ങളിലൂടെ നാം വായിച്ചറിഞ്ഞിട്ടു ്. എന്തിനും ഏതിനും വളക്കൂറുള്ള മണ്ണാണ് ദർഗ്ഗാ പരിസരമെന്നത് ഏറ്റവും കൂടുതൽ തിരിച്ചറിഞ്ഞത് മേൽ പറഞ്ഞ ക്രിമിനലുകളും പുറമെ പാവപ്പെട്ട വിശ്വാസിയുടെ ഈമാനും സമ്പത്തും ചൂഷണം ചെയ്ത് ജീവിക്കുന്ന പുരോഹിതപ്പരിഷകളുമാണെന്നത് പരസ്യ മായ രഹസ്യമാണ്.

പലപല മതസ്ഥരും ജാതികളും ഒരുമിച്ച് സമ്മേളിക്കുകയും ഒരുമിച്ച് ആരാധനകൾ അർപ്പിക്കു കയും ചെയ്യുന്ന സ്ഥലം കൂടിയാണ് മുസ്‌ലിംകൾ പരിപാലിക്കുന്ന ഇത്തരം ദർഗ്ഗകൾ. ഇന്ത്യയിലെ ഭൂരിപക്ഷ മതസ്ഥരമായ ഹൈന്ദവർക്കുകൂടി ഉൾക്കൊള്ളാനാകുന്നതും സ്വീകര്യമായതുമായ സ്ഥലം കൂടിയാണ് ദർഗ്ഗകൾ. ഓരോ ദർഗ്ഗയുടെയും പിന്നിലുള്ള ഐതിഹ്യങ്ങളും ഊഹാപോഹ ങ്ങളും ഹൈന്ദവ വിശ്വാസങ്ങൾക്ക് സമാനമായതാണ് എന്നതാണ് വസ്തുത. ഹൈന്ദവ വിശ്വാസ ങ്ങളോട് കിടപിടിക്കുന്നതോ ചിലപ്പോഴെങ്കിലും അതിനെ കടത്തിവെട്ടുന്നതോ ആണ് മിക്ക ദർഗ്ഗക ളുടെയും ഐതിഹ്യങ്ങൾ. മാത്രമല്ല മിക്ക ദർഗ്ഗകളുടേയും രൂപഭാവങ്ങൾ പോലും ഹൈന്ദവ ക്ഷേത്ര സംസ്കാരങ്ങളിൽ നിന്നും കടമെടുത്തതാണ്. കൂടാതെ ദർഗ്ഗകളിൽ നടക്കുന്ന ആചാരങ്ങ ളിൽ പോലും ഹൈന്ദവാചാരങ്ങളുടെ സ്വാധീനം കാണാം. ചിലപ്പോഴെങ്കിലും ഹൈന്ദവാചാര ങ്ങളെ കടത്തിവെട്ടുന്നതാണ് ദർഗ്ഗകളിലെ ആചാരങ്ങൾ. ഹൈന്ദവ ക്ഷേത്രങ്ങളിൽ വിഗ്രഹ ങ്ങൾക്ക് സമർപ്പിക്കുന്ന പൂമാലകളും മറ്റും അവസാനം ചപ്പു ചവറുകളുടെ കൂട്ടത്തിൽ ഉപേക്ഷി ക്കുകയാണ് പതിവ്. പക്ഷെ ദർഗ്ഗകളിൽ അർപ്പിക്കുന്ന പൂവുകളും എണ്ണയും മറ്റു നിവേദ്യങ്ങളും ഭക്തർ കൊണ്ടുപോയി പുണ്യത്തിനു വേണ്ടി ഉപയോഗിക്കുന്നത് കാണാം. ദർഗ്ഗകളിൽ നിന്നും ബർക്കത്തിന് എന്ന പേരിൽ എടുക്കുന്ന പൂവിതളുകൾ വർഷങ്ങളോളം ഉണങ്ങിക്കരിഞ്ഞ അവ സ്ഥയിലും ഖുറാഫികൾ ഉപയോഗിക്കാറുണ്ട്. ഇവിടങ്ങളിൽ അലങ്കരിക്കുന്ന ഏത് വസ്തുവി നെയും ഇത്തരം അന്ധവിശ്വാസികൾ ഭക്തിയോട് കൂടിയാണ് കാണാറുള്ളത്. ചിലപ്പോഴെങ്കിലും ഹിന്ദു സഹോദരങ്ങൾ പോലും ക്ഷേത്രങ്ങളിൽ കാണിക്കാത്ത ഭക്തിയാണ് ദർഗ്ഗകളിൽ വന്ന് കാണിക്കാറുള്ളത്. ദർഗ്ഗകളിലും പരിസരത്തുമായി നടമാടുന്ന ഹൈന്ദവ ചുവയുള്ള ആചാര ങ്ങളും ക്ഷേത്ര മാതൃകയിൽ പണി കഴിപ്പിച്ച പല ദർഗ്ഗകളും ഹൈന്ദവ വിശ്വാസികളെ അത്ര കണ്ട്

സ്വാധീനിച്ചിരിക്കുന്നു എന്ന് വ്യക്തം. ഇത്തരത്തിൽ പെട്ട ഒരു ദർഗ്ഗയാണ് തമിഴ് നാട്ടിലെ തഞ്ചാവൂർ ജില്ലയിലെ ഒരു ഗ്രാമ പ്രദേശമായ മുത്തുപ്പേട്ടയിൽ സ്ഥിതി ചെയ്യുന്ന ദാവൂദുൽ ഹക്കീമിന്റെ ദർഗ്ഗ.

ആരാണീ ദാവൂദുൽ ഹക്കീം? അങ്ങിനെ ഒരാളുണ്ടോ? എങ്ങിനെയാണ് ദാവൂദുൽ ഹക്കീം എന്ന വ്യക്തിയുടെ പേരിൽ മുത്തുപ്പേട്ടയിൽ ഒരു ദർഗ്ഗ കെട്ടിപ്പൊക്കപ്പെട്ടത്? എന്താണ് അതിനു പിന്നിലെ ഐതിഹ്യം? ഇതേക്കുറിച്ചുള്ള അന്വേഷണം നിരവധി ഊഹാപോഹങ്ങളിലും സ്വപ്നത്തിലധിഷ്ടിതമായ കെട്ടുകഥകളിലുമാണ് നമ്മെ കൊണ്ടെത്തിക്കുക. മുത്തുപ്പേട്ടയിലെ ഒരു സാധാരണ കൃഷിക്കാരൻ കണ്ടു എന്ന് പറയുന്ന ഒരു സ്വപ്നത്തിൻമേലാണ് മുത്തുപ്പേട്ട ദാവൂദുൽ ഹക്കീമിന്റെ ദർഗ്ഗ ഉയർന്നത്. പ്രസ്തുത കൃഷിക്കാരൻ ഒരിക്കൽ തരിശായിക്കിടക്കുന്ന ഒരു സ്ഥലം കൃഷിക്കു വേണ്ടി ഉഴുതുകൊണ്ടിരിക്കുമ്പോൾ അയാളുടെ കലപ്പ ഒരു കല്ലിന്മേൽ തടഞ്ഞത്രെ. അതൊരു ഖബ്റിന്റെ ഭാഗമായിരുന്നത്രെ. അത് ഖബ്റാണെന്നറിയാത്ത കർഷകൻ അതിന്റെ കല്ല് ഒന്ന് അടർത്തി നോക്കി പോലും. പെട്ടെന്ന് അവിടെ നിന്ന് രക്തം പൊടിയുകയും അതു കണ്ട് പ്രസ്തുത കൃഷിക്കാരന്റെ കാഴ്ച ശക്തി നഷ്ടപ്പെട്ടതായും മൊയ്തീൻഷാ എന്ന വ്യക്തി എഴുതിയ മുത്തുപ്പേട്ട ചരിത്രത്തിൽ കാണുന്നു. ഈ ഖബ്റിന്റെ കല്ല് എടുത്തു മാറ്റിയതുകൊണ്ടാണ് തന്റെ കാഴ്ച ശക്തി നഷ്ടപ്പെട്ടതെന്ന് മനസ്സിലാക്കിയ കൃഷിക്കാരൻ തപ്പിത്തടഞ്ഞ് ആ കല്ല് പൂർവ്വ സ്ഥാനത്ത് വെച്ച് ഖേദിക്കുകയും ചെയ്തത്രെ! അതോടെ അയാൾക്ക് കാഴ്ച ശക്തി തിരിച്ചു കിട്ടിയതായും പ്രസ്തുത പുസ്തകം പറയുന്നു. എന്നാൽ ഇർഷാദ് ബുക്ക് സ്റ്റാൾ പുറത്തിറക്കിയ കെ.എം. മുഹമ്മദ് കുഞ്ഞി ഫൈസി രചിച്ച ദക്ഷിണേന്ത്യൻ സിയാറത്ത് ഡയറിയിൽ ഈ കഥ വിവരിക്കുന്നത് മറ്റൊരു രൂപത്തിലാണ്. കഥാപാത്രം പ്രസ്തുത കൃഷിക്കാരൻ തന്നെ. പക്ഷെ കൃഷിക്കാരന്റെ അനുഭവങ്ങൾ വ്യത്യസ്തമാണ്. രക്തം കണ്ട കൃഷിക്കാരൻ ബോധം കെട്ട് വീണതായാണ് ദക്ഷിണേന്ത്യൻ സിയാറത്ത് ഡയറിയിൽ കാണുന്നത്. ആദ്യം ഉദ്ധരിച്ച ചരിത്രകാരൻ കൃഷിക്കാരന്റെ കാഴ്ച നഷ്ടപ്പെട്ടതായി പറയുമ്പോൾ കാഴ്ച നഷ്ടപ്പെട്ട വിവരം ഫൈസി അറിയുന്നില്ല. ഏതായാലും പ്രസ്തുത വാർത്ത നാടാകെ അറിയുകയും ഓടിക്കൂടിയ നാട്ടുകാർ രക്തം ഒലിക്കുന്ന രീതിയിൽ അവിടെ ഒരു മയ്യിത്ത് കാണുകയും ആ മയ്യിത്ത് സംരക്ഷിക്കാൻ രണ്ടു പേരെ നിയോഗിക്കുകയും പിന്നീട് ഈ മയ്യിത്തിന്റെ വിവരങ്ങളെല്ലാം ഈ സംരക്ഷകർക്ക് സ്വപ്നം മുഖേന അറിയിക്കപ്പെട്ടതായും ദക്ഷേണേന്ത്യൻ സിയാറത്ത് ഡയറിയിൽ തട്ടിവിടുന്നുണ്ട്. എന്നാൽ ഈ മയ്യിത്തിനെക്കുറിച്ച് സ്വപ്നം കണ്ടത് മേൽ പറഞ്ഞ രണ്ടു പേരല്ലെന്നും മറിച്ച് കൃഷിക്കാരനാണെന്നും മൊയ്തീൻഷാ രചിച്ച കറാമത്ത് പുസ്തകത്തിൽ കാണുന്നു. മാത്രവുമല്ല, പ്രസ്തുത പുസ്തകത്തിൽ മയ്യിത്ത് കണ്ടതായ വിവരം പറയുന്നുമില്ല. അതു പോകട്ടെ വൈരുദ്ധ്യ കഥകളും കള്ളക്കറാമത്തുകളും ചാർത്തപ്പെട്ട ദർഗ്ഗകളാണല്ലോ ഇന്ത്യയിലുള്ളത് മുഴുവനും. ആ ഒരു പൊതു സ്വഭാവത്തിൽ നിന്ന് ദാവൂദുൽ ഹക്കീമിനെ മാത്രം മാറ്റി നിർത്തുന്നത് ശരിയല്ല. എന്തായാലും ബാക്കി കലാപരിപാടികളൊക്കെ സ്വപ്നത്തിലൂടെയാണ് നടക്കുന്നതെന്നതിൽ ഒരു ചരിത്രകാരനും അഭിപ്രായവ്യത്യാസമില്ല.

മൂസാ നബിയിൽ വിശ്വസിച്ച, തൗറാത്തിൽ അവഗാഹം നേടിയ ഒരു മഹാ വ്യക്തിയായിരുന്നു ദാവൂദുൽ ഹക്കീമെന്ന് കറാമത്ത് പുസ്തകങ്ങളിൽ കാണുന്നു. തന്നെക്കുറിച്ച് ജനങ്ങളെ അറിയിക്കണമെന്നും തന്റെ ഖബ്റിന് സമീപം ജനങ്ങളെ താമസിപ്പിക്കണമെന്നും ദാവൂദുൽ ഹക്കീം സ്വപ്നത്തിലൂടെ അറിയിച്ചത്രെ! ഇതെല്ലാം പല രൂപത്തിലും പല കറാമത്ത് പുസ്തകങ്ങളിലും തട്ടിവിടുന്ന കള്ളക്കഥകളല്ലാതെ ഇതിന് ചരിത്രത്തിന്റെ പിൻബലമില്ല. ഇസ്ലാമിൽ പ്രവാചകൻമാരുടെ സ്വപ്നങ്ങൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. അല്ലാത്ത ആരുടെ സ്വപ്നമായാലും, അത് സ്വർഗ്ഗം ഭൂമിയിൽ ഇറങ്ങി വരുന്ന സ്വപ്നമായാലും അതിനനുസരിച്ച് വിശ്വാസാചാരങ്ങൾ അനുഷ്ഠിക്കാൻ ഒരു മുസ്ലിമിനും പാടില്ല തന്നെ. അല്ലെങ്കിൽ തന്നെ മൂസാ നബിയുടെ കാലത്ത് ജീവിച്ചതായി പറയപ്പെടുന്ന ഒരു വ്യക്തിയുടെ മയ്യിത്തിന് ഇസ്ലാമിൽ എന്ത് പ്രത്യേകതയാണുള്ളത്? ആ മയ്യിത്തിന് എന്തൊരു ദൗത്യമാണ് ലോകത്ത് നിർവ്വഹിക്കാനുള്ളത്? മൂസാ നബിയുടെ കാല ശേഷം എത്രയോ നൂറ്റാണ്ടുകൾക്ക് ശേഷമാണ് മുഹമ്മദ് നബി(സ) ഈ ഭൂമിയിൽ നിയോഗിതനാവുന്നത്. മഹാനായ റസൂൽ(സ) തന്റെ ജീവിത കാലത്ത് വരും കാലങ്ങളിൽ സംഭവിക്കാൻ

പോകുന്ന പല കാര്യങ്ങളെക്കുറിച്ചും പ്രവചനങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ പലതും പുലർന്നിട്ടുമുണ്ട്. ഇനിയും പലതും പുലരാനിരിക്കുന്നു. എന്നാൽ മൂസാ നബിയുടെ കാലത്ത് ജീവിച്ചിരുന്ന ഇങ്ങിനെ ഒരു വ്യക്തിയെക്കുറിച്ചോ അയാളുടെ മയ്യിത്ത് വെളിവാകുന്നതിനെക്കുറിച്ചോ നേരിയ സൂചനയെങ്കിലുമുള്ള ഒരൊറ്റ ഹദീസുപോലുമില്ല. കാരണം വ്യക്തമാണ്. ഇങ്ങിനെ ഒരു വ്യക്തി മൂസാ നബിയുടെ കാലത്ത് ജീവിച്ചിരുന്നതായി നബി(സ)ക്ക് മനസ്സിലായിട്ടില്ല. ഖുറാഫികൾ കെട്ടിച്ചമക്കുന്ന കഥകളിലല്ലാതെ അടിസ്ഥാന പ്രമാണങ്ങളിലൊന്നിലും ഇങ്ങിനെ ഒരു വ്യക്തി പരാമർശിക്കപ്പെടുന്നേയില്ല.

പ്രശ്നങ്ങളും പ്രയാസങ്ങളുമായി വരുന്ന ആരും തന്നെ പരിഹാരമില്ലാതെ മുത്തുപ്പേട്ട ദർഗ്ഗയിൽ നിന്ന് മടങ്ങുന്നില്ല എന്നും കറാമത്ത് പുസ്തകങ്ങൾ വെടിപൊട്ടിക്കുന്നുണ്ട്. കറാമത്തുകൾ മുഖേന എല്ലാവരുടേയും പ്രശ്നങ്ങൾ പരിഹരിച്ചതായി നൂറുക്കണക്കിന് ഉദാഹരണങ്ങളും പ്രസ്തുത പുസ്തകങ്ങളിൽ നിരത്തിയിട്ടുണ്ട്. ഇതാകട്ടെ എല്ലാ ദർഗ്ഗകളെക്കുറിച്ചും പറയുന്ന സ്ഥിരം പല്ലവിയാണുതാനും. ക്വുബൂരികളുടെ ഈ അവകാശവാദപ്രകാരം ഇന്ത്യാ രാജ്യത്തെ കോടിക്കണക്കിന് അന്ധവിശ്വാസികളായ ജനങ്ങൾക്ക് അസുഖം മൂലം ആശുപത്രികളിൽ പോകേണ്ട യാതൊരു ആവശ്യവുമില്ല. കാരണം, ഇന്ത്യയിൽ ഇത്തരത്തിൽ സ്വപ്നത്തിലൂടെയും അല്ലാതെയും കെട്ടിപ്പടുത്ത ആയിരക്കണക്കിന് ദർഗ്ഗകളാണ് ഉള്ളത്. ക്വുബൂരികളുടെ വാദപ്രകാരം ഇത്തരം ദർഗ്ഗകൾ സർവ്വരോഗ സംഹാരിയാണ്. ആകാശത്തിനു താഴെയുള്ള ഏത് അസുഖത്തിനും ദർഗ്ഗകളിൽ മരുന്നുണ്ട്. (എയ്ഡ്സ് എന്ന മഹാരോഗം മാത്രം ഒരു ദർഗ്ഗകളിൽ നിന്നും മാറിയതായി ഒരു കറാമത്ത് പുസ്തകത്തിലും രേഖപ്പെടുത്തപ്പെട്ടിട്ടില്ല.) എന്നിട്ടും ഇത്തരം അന്ധവിശ്വാസികളിൽ ഭൂരിഭാഗവും അസുഖങ്ങൾ വന്നാൽ ആയിരങ്ങൾ മുടക്കി ആശുപത്രികളിൽ അഭയം തേടുന്നവരാണ്. പിന്നെയും എല്ലാ അസുഖങ്ങളും മാറുന്ന കേന്ദ്രങ്ങളാണ് ഇത്തരം ദർഗ്ഗകൾ എന്ന് ഇവറ്റകൾ പ്രചരിപ്പിക്കുന്നത് എന്തിനാണ്? ഉത്തരം ലളിതം. അതവരുടെ വയറ്റുപ്പിഴപ്പിന്റെ മാർഗ്ഗങ്ങളാണ്. ഇത്തരം കറാമത്ത് പുസ്തകങ്ങൾ എഴുതിയും വിറ്റും കിട്ടുന്ന കാശുകൊണ്ടാണ് അസുഖം വന്നാൽ ആശുപത്രികളിൽ പോയി ചികിത്സിക്കാറുള്ളത് എന്നതാണ് ഏറ്റവും വലിയ തമാശ. ദാവൂദുൽ ഹക്കീമിന്റെ പ്രധാനപ്പെട്ട ഒരു കറാമത്തായി പറയപ്പെടുന്നത് ഉറക്കത്തിൽ നടക്കുന്ന ഓപ്പറേഷനാണത്രെ! ഇങ്ങിനെ സ്വപ്നത്തിൽ ഓപ്പറേഷൻ നടത്തുന്ന സംഭവം മറ്റു നിരവധി ദർഗ്ഗകളുടെ പേരിലും വെച്ചുകെട്ടാറുണ്ട്. പക്ഷെ അത്ഭുതമെന്ന് പറയട്ടെ, ഉണർച്ചയിൽ നാലാൾ കാൺകെ ഇന്നുവരെ ഇവരുടെ ഒറ്റ വലിയ്യും ഒരു ഓപ്പറേഷനും നടത്തിയതായ ചരിത്രം ആരും പറയുന്നില്ല. സ്വപ്നത്തിൽ സംഭവിച്ചു എന്ന് ആർക്കും എന്തും പറയാമല്ലോ. മറ്റൊരാൾക്ക് പരിശോധിക്കാനോ പരീക്ഷിക്കാനോ കഴിയാത്ത രംഗമാണല്ലോ ഉറക്കവും സ്വപ്നവും. അതുകൊണ്ട് തന്നെ ഈ ഖുറാഫികൾ തട്ടിവിടുന്ന കഥയിലധികവും സ്വപ്നവുമായി ബന്ധപ്പെട്ടതാണ്.

മുത്തുപ്പേട്ട ദർഗ്ഗാ പരിസരത്ത് മൂന്ന് ജാറങ്ങളാണ് ഉള്ളത്. അതിൽ പ്രധാനം ദാവൂദുൽ ഹക്കീമിന്റേത് തന്നെ. അതിനു പറമെ ഫാത്വിമാ ബീവി, ആറ്റക്കോയ മോണ്ടർ എന്നിവരുടേതാണ് മറ്റു രണ്ടു ജാറങ്ങൾ. മുത്തുപ്പേട്ടയിലും പരിസരത്തും സിയാറത്തിന് വരുന്നവർ നല്ലൊരു വിഭാഗം ഹിന്ദുക്കളാണ്. ഹിന്ദുക്കളെ ഇങ്ങോട്ട് ആകർഷിക്കാൻ പ്രധാന കാരണം ദർഗ്ഗയുടെയും പരിസരത്തും കാണുന്ന ഹൈന്ദവ ചുവയുള്ള ചുറ്റുപാടുകളാണ്. അഞ്ചു തട്ടുള്ള നിലവിളക്ക്, ശ്രീ ചക്രത്തിന്റെ രൂപങ്ങൾ, ഭദ്ര ദീപം തുടങ്ങിയ ഹൈന്ദവ ചിഹ്നങ്ങൾ ദർഗ്ഗക്കകത്തു കാണാം. സ്വപ്ന ചികിത്സക്കു പുറമേ കേസും കോടതിയും മറ്റും ഏർവാടിയിലെന്ന പോലെ മുത്തുപ്പേട്ടയിലുമുണ്ട്. കേസ് വിധിയാകാൻ വേണ്ടി വർഷങ്ങളോളം കാത്തുകെട്ടിക്കിടക്കുന്ന ക്വുബൂരി പുരോഹിതൻമാർ പോറ്റി വളർത്തുന്ന അന്ധവിശ്വാസത്തിന്റെ ഇരകളെ മുത്തുപ്പേട്ടയിലും നിരവധി കാണാം.

മുത്തുപ്പേട്ടയിൽ കാണുന്ന മറ്റൊരു ജാറമായ ഫാത്വിമാ ബീവി ഒരു വലിയ്യത്താണെന്നൊന്നും ഖുറാഫികൾ പറയുന്നില്ല. ദാവൂദുൽ ഹക്കീമിന്റെ ബന്ധുവുമല്ല ഈ സ്ത്രീ. മറിച്ച് ദാവൂദുൽ

ഹക്കീമിന്റെ ദർഗ്ഗ പരിപാലിച്ചിരുന്ന സ്ത്രീയാണത്രെ ഇവർ! പക്ഷെ ഇവർക്കും കറാമത്തിന് കുറ വൊന്നുമില്ല. ഇവരുടെ ദർഗ്ഗക്കു മുന്നിലും സന്ദർശകർ കുറവല്ല. അന്ധവിശ്വാസത്തിന്റെ ബലിയാ ടുകൾ ഈ ദർഗ്ഗക്കു മുന്നിലും ഏങ്ങിക്കരയുന്നത് മുത്തുപ്പേട്ടയിലെ സദാ കാഴ്ചയാണ്.

സമീപത്തു തന്നെയുള്ള മറ്റൊരു ദർഗ്ഗ ആറ്റക്കോയ മോണ്ടർ എന്നു വിളിക്കപ്പെടുന്നയാളുടേതാ ണ്. ഇയാൾ ആരാണെന്നോ ഇയാൾക്കും ദാവൂദുൽ ഹക്കീമിനും തമ്മിലുള്ള ബന്ധമെന്താ ണെന്നോ ഖുറാഫികൾ ഇറക്കിയ കള്ളക്കറാമത്ത് പുസ്തകങ്ങളിൽ കാണുന്നില്ല. ഇയാളെക്കുറിച്ച് ദർഗ്ഗാ നിവാസികൾ പറയുന്ന കഥകളിലാകട്ടെ നിറയെ വൈരുദ്ധ്യമാണ്താനും. ഇയാളും ഏതെ ങ്കിലും രീതിയിൽ ദാവൂദുൽ ഹക്കീമിന്റെ ദർഗ്ഗയുമായി ചുറ്റിപ്പറ്റി ജീവിച്ചിരുന്ന ആളായിരിക്കാം. അല്ലാഹുവിനെ മറന്ന് ജീവിക്കുന്ന ക്വുബൂരികൾക്ക് ദർഗ്ഗയായാൽ മതിയല്ലോ. അതിനുള്ളിൽ ആരാണെന്നോ അയാളും ഇസ്‌ലാമും തമ്മിലുണ്ടായിരുന്ന ബന്ധമെന്താണെന്നോ തലച്ചോർ മര വിച്ച അന്ധവിശ്വാസികൾക്ക് അന്വേഷിക്കേണ്ട കാര്യമില്ലല്ലോ. അല്ലെങ്കിലും ഈ സാംസ്കാരിക കേരളത്തിൽ പോലും സമസ്തക്കാർ വലിയ്യുകളെന്ന പേരിൽ താങ്ങി നടക്കുന്നവരിൽ ഭൂരിഭാ ഗവും ഇസ്‌ലാമിന് എതിര് പ്രവർത്തിച്ചവരോ ഇസ്‌ലാമുമായി യാതൊരു ബന്ധവും പുലർത്താതി രുന്ന ഭ്രാന്തൻമാരോ ആയിരുന്നല്ലോ. ഇസ്‌ലാമിക പ്രബോധന രംഗത്ത് ലോകത്ത് മുൻപന്തിയിൽ നിൽക്കുന്ന ഈ കൊച്ചു കേരളത്തിലെ അവസ്ഥ ഇതാണെങ്കിൽ മത–സാംസ്കാരിക–വിദ്യഭ്യാസ രംഗത്ത് എത്രയോ പിന്നാക്കം നിൽക്കുന്ന കേരളത്തിനു പുറത്തുള്ള അന്ധവിശ്വാസികളുടെ കാര്യം പറയാനുണ്ടോ?

# ഇടിയങ്ങര ശൈഖ് ദർഗ

**അമീർ ഒതുക്കുങ്ങൽ**

ഇസ്‌ലാം അങ്ങേയറ്റം വിരോധിച്ചതാണ് ക്വബ്‌റുകളുമായി ബന്ധപ്പെട്ട് നടക്കുന്ന തിൻമകൾ. ഇത്തരം തിൻമകളിൽ ഏറ്റവും വലുത് ക്വബ്ർ കെട്ടിപ്പൊക്കൽ തന്നെയാണ്. ആ ഒരു തിന്മ ഉടലെടുക്കുന്നതോടെ അതിന്റെ അനുബന്ധമായി നരവധി തിന്മകൾ നടമാടുന്നു. കെട്ടി ഉയർത്താത്ത ക്വബ്‌റിനരികിൽ ഉറൂസും കൊടികുത്തു നേർച്ചയും സുജൂദും ത്വവാഫും പൂമൂടലും മറ്റു തിൻമകളും നടക്കാറില്ല. ഇതെല്ലാം നടക്കണമെങ്കിൽ ആദ്യം ക്വബ്ർ കെട്ടിപ്പൊക്കണം. ക്വബ്ർ സിയാറത്തിന്റെ ലക്ഷ്യമായി ഇസ്‌ലാം പറഞ്ഞത് മരണ ചിന്ത ഉണ്ടാകലും പരലോക വിചാരം ഉടലെടുക്കലും ആണ്. ഈ രണ്ട് വികാരങ്ങളുണ്ടാകാൻ ഏത് സാധാരണക്കാരന്റെ ക്വബ്ർ സന്ദർശിച്ചാലും മതിയാകും. അമുസ്‌ലിമിന്റെ ക്വബ്ർ സന്ദർശിച്ചാൽ പോലും ഈവികാരം ഉണ്ടാകും. പക്ഷേ കേരള ക്വുബൂരികൾ ക്വബ്ർ സിയാറത്ത് നടത്തുന്നതും സിയാറത്ത് ടൂർ സംഘടിപ്പിക്കുന്നതും ഇസ്‌ലാം പറഞ്ഞ ലക്ഷ്യം വെച്ചല്ല. ആയിരുന്നെങ്കിൽ നാഗൂറിലേക്കും അജ്മീറിലേക്കും ഏർവാടിയിലേക്കും മറ്റും സിയാറത്ത് ടൂർ സംഘടിപ്പിക്കേണ്ടതില്ലല്ലോ. തങ്ങളുടെ വിളിപ്പാടരികെയുള്ള മഹല്ല് ക്വബ്ർസ്ഥാൻ സന്ദർശിച്ചാൽ മതിയാകും. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് സിയാറത്ത് ടൂർ സംഘടിപ്പിക്കുന്ന ക്വുബൂരി മുസ്‌ലിയാക്കളെ സ്വന്തം നാട്ടിലെ ക്വബ്ർസ്ഥാനിൽ നാം കാണാറുമില്ല. ഇസ്‌ലാം ഉദ്ദേശിക്കുന്ന ക്വബ്ർ സിയാറത്ത് എന്താണെന്നൊ, അതിനുവേണ്ടുന്നതെന്താണെന്നൊ മുസ്‌ലിയാക്കൾ സാധാരണക്കാരന് ഒരിക്കലും പറഞ്ഞ് കൊടുക്കാറുമില്ല. അങ്ങിനെ പറഞ്ഞ് കൊടുത്താൽ തങ്ങളുടെ വരുമാനത്തിന്റെ അടിക്കല്ലിളകുമെന്ന് മുസ്‌ലിയാക്കൾക്കറിയാം. അതുകൊണ്ട് തന്നെ ക്വബ്ർ കെട്ടിപ്പൊക്കാനും അവിടങ്ങളിൽ നടക്കുന്ന മറ്റു തിൻമകൾക്കും ഫത്‌വകൾ വാരിക്കോരി നൽകാൻ ക്വുബൂരി മുഫ്തിമാർ മടികാണിക്കാറില്ല. ക്വബ്‌റിങ്ങൽ പൂവിതറാനും അവിടങ്ങളിൽ വിളക്കുകത്തിക്കാനും ത്വവാഫും സഅ്‌യും നടത്താനും യഥേഷ്ടം ഫത്‌വകൾ ക്വുബൂരീ മുഫ്തിമാർ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അനാചാരങ്ങളുടെ കേളീകേന്ദ്രങ്ങളായ ജാറങ്ങളിൽ നിന്നാണ് ഇവരുടെ പല സ്ഥാപനങ്ങളും ദൈനംദിന ചിലവുകൾക്ക് ഫണ്ട് കണ്ടെത്തുന്നത്. പട്ടിണികിടക്കുന്നവന് ഒരുനേരത്തെ അന്നം നൽകാത്ത അറുപിശുക്കനും ദർഗകളിൽ നോട്ടുകൾ വിതറുമെന്ന് ക്വുബൂരീ മുഫ്തിമാർക്കറിയാം. കേരളത്തിലെ അറിയപ്പെടുന്ന പല ദർഗകളിലും വാർഷികവരുമാനങ്ങൾ കോടികളാണ്. ഇത്തരം ദർഗകൾ ഒരുവർഷത്തിന് ലേലം ചെയ്തും വിറ്റും ക്രയവിക്രയം നടത്തിയാണ് സമസ്തയെന്ന ക്വുബൂരി പ്രസ്ഥാനം ഇവിടെ ജന്മംകൊണ്ടതും നിലയുറപ്പിച്ചതും. മമ്പുറം സയ്യിദ് അലവി തങ്ങളുടെ പേരിലുള്ള ദർഗ ചെമ്മാട് ദാറുൽ ഹുദക്ക് കൈമാറ്റം ചെയ്തതിനെചൊല്ലിയുണ്ടായ പുകിലുകൾ നാം മറന്നിട്ടില്ല. കേരളത്തിൽ അറിയപ്പെടുന്ന പല ദർഗകളും ഔദ്യോഗിക ക്വുബൂരികളുടെ കൈവശമാണുള്ളത്. അതിൽ അരിശംപൂണ്ട കാന്തക്വുബൂരികൾ ആ ദർഗകൾക്ക് സമാന്തരം പണിതും സമാന്തര കറാമത്തുകൾ വെച്ചുകെട്ടിയും തങ്ങളുടെ പെട്ടിയിലേക്കും പണം വീഴ്ത്താൻ ശ്രമിക്കുന്നു. ക്വുബൂരീ സ്ഥാപനമായ ചെമ്മാട് ദാറുൽ ഹുദ മമ്പുറം ദർഗയുടെ വരുമാനംകൊണ്ടാണ് പ്രധാനമായും നടന്നുപോകുന്നത്. അതുപോലെ മറ്റൊരു സ്ഥാപനമായ നന്തിദാറുസ്സലാം കോഴിക്കോട്ടെ ഇടിയങ്ങര ശൈഖ് പള്ളി ദർഗയിൽ നിന്നുള്ള വരുമാനംകൊണ്ടാണ് കാര്യമായ ഉപജീവനം നടത്തുന്നത്.

കോഴിക്കോട് നഗരത്തിലാണ് ഇടിയങ്ങര എന്ന സ്ഥലം സ്ഥിതിചെയ്യുന്നത്. നേർച്ചകളുടെ കാര്യത്തിൽ കുപ്രസിദ്ധിയാർജ്ജിച്ചതാണ് ഇടിയങ്ങര ജാറം. ഇവിടുത്തെ നേർച്ച ഉൽപന്നങ്ങൾ കൗതു

കവും തമാശയുമുണ്ടാക്കുന്നതുമാണ്. വിവിധ രൂപങ്ങളിലുള്ള അപ്പങ്ങളാണ് ഇവിടത്തെ നേർച്ചവസ്തു. മനുഷ്യശരീരത്തിലെ വിവിധ അവയവങ്ങളുടെ രൂപത്തിലാണ് അപ്പങ്ങൾ നിർമ്മിക്കുക. കണ്ണപ്പവും മൂക്കപ്പവും ചെവിയപ്പവും കയ്യപ്പവും കാലപ്പവും എല്ലാം ഇവിടെ നേർച്ചയായി എത്താറുണ്ട്. കണ്ണിന് രോഗം വന്നാൽ കണ്ണപ്പം, കാതിന് രോഗം വന്നാൽ കാതപ്പം............. ഇങ്ങനെ...... കുട്ടികൾക്ക് വിരശല്യമുണ്ടായാൽ അതിന് പ്രതിവിധിയായി വിരയപ്പവും ഇവടെ നേർച്ചയാക്കുന്നു. ഇത്തരം അപ്പങ്ങൾ വിൽക്കുന്ന നൂറുകണക്കിന് കടകൾ ഇടിയങ്ങരയിൽ കാണാം. ഈ കടകളിൽ നിന്ന് അപ്പങ്ങൾ വാങ്ങി അന്ധവിശ്വാസികളായ ഖുബൂരികൾ ദർഗയിലേക്ക് നേർച്ചയാക്കുന്നു. എന്തൊക്കെ കഥകൾ പടച്ചുണ്ടാക്കിയാലും അതെല്ലാം ഉൾകൊണ്ട് അതിനനുസരിച്ച് താളംചവിട്ടുന്നവരാണ് പാമര ഖുബൂരികൾ. അത്രക്കും വിപണനസാധ്യതയാണ് ദർഗകൾക്കുള്ളത്. കൊടിയ ജാഹിലുകളായിരുന്ന മക്കയിലെ മുശ്‌രിക്കും അല്ലാഹുവല്ലാത്തവരുടെ പേരിൽ നേർച്ചയാക്കിയിരുന്നു. പക്ഷെ അതിന് ഇന്നത്തെ ഖുബൂരികളേക്കാൾ മാന്യതയുണ്ടായിരുന്നു. അവർ കൃഷി ഉൽപന്നങ്ങളും മൃഗങ്ങളേയുമായിരുന്നു നേർച്ചയാക്കിയിരുന്നത്. ഇത്തരത്തിലുള്ള വൃത്തികെട്ട ഒരു നേർച്ച അവർക്കും പരിചയമില്ലായിരുന്നു. അന്ധവിശ്വാസങ്ങളുടെ കാര്യത്തിൽ മക്കയിലെ മുശ്‌രിക്കിന്റെ ഉസ്താദുമാരാകാൻ പറ്റിയവരാണ് ഇന്നത്തെ ഖുബൂരീ പണ്ഡിറ്റുകൾ.

ഇടിയങ്ങര ദർഗയിൽ മറപെട്ട് കിടക്കുന്നുവെന്ന് പറയപ്പെടുന്ന ശംസുദ്ദീനുൽ മുഹമ്മദ്ബ്നു അലാഉദ്ദീനിൽ ഹിംസിയ്യ് എന്ന വ്യക്തിയുടെ ചരിത്രപുസ്തകവും ഖുബൂരികൾ പുറത്തിറക്കിയിട്ടു ്. നാല് നൂറ്റാണ്ട് മുമ്പ് കോഴിക്കോട് വ്യാപാരത്തിനായി കപ്പൽമാർഗ്ഗം എത്തിയെന്ന് പറയപ്പെടുന്ന അലാഉദ്ദീൻ ഹിമ്മസിയിൽനിന്നാണ് കുപ്രസിദ്ധ അപ്പവാണിഭനേർച്ചയുടെ ഉൽഭവമായി ഖുബൂരികൾ പറയുന്നത്. വ്യാപാരം കഴിഞ്ഞ് തന്റെ കപ്പൽ മടങ്ങിപ്പോയിട്ടും അലാഉദ്ദീൻ ഹിമ്മസി മടങ്ങിപ്പോയില്ലത്രേ. കോഴിക്കോട്തന്നെ കൂടിയ മൂപ്പർക്ക് നാട്ടുകാർ അവിടെനിന്നും പെണ്ണും കെട്ടിച്ചുകൊടുത്തു. അതിലുണ്ടായ കുട്ടിയാണത്രെ ശംസുദ്ധീൻ മുഹമ്മദ്ബ്നു അലാഉദ്ദീൻ ഹിംസിയ്യ്. എന്തായാലും മകൻ ജനിച്ചുകഴിഞ്ഞപ്പോൾ അലാഉദ്ദീന് നാട്ടിലേക്കുതന്നെ തിരിച്ചുപോകണമെന്ന് തോന്നിയത്രേ. താങ്കൾ പോയാൽ ഞാനും മകനും എങ്ങനെ ജീവിക്കുമെന്ന് ചോദിച്ച ഭാര്യയോട് അലാഉദ്ദീൻ പറഞ്ഞത് ഇതായിരുന്നുവത്രേ. ''നിന്നെയും മോനെയും അല്ലാഹു സംരക്ഷിക്കും. എല്ലാം അവനിൽ ഭരമേൽപിക്കുക. നമ്മുടെ മോൻ ഈ നാടിന്റെ അഭയകേന്ദ്രമായിത്തീരും'' സ്വന്തം ഭാര്യയോടും എല്ലാം അല്ലാഹുവിൽ അർപ്പിക്കാനാണ് അലാഉദ്ദീൻ പറഞ്ഞത്. എന്നാൽ നാട്ടുകാർക്ക് ഭരമേൽപ്പിക്കാനും അഭയംതേടാനും തന്റെ മോനും!!!.

തികച്ചും സന്യാസത്തിലൂടെയാണ് ശംസുദ്ദീൻ വളർന്നത്. കാട്ടിലും മലയിലും ധ്യാനവും തപസ്സുമായി ശംസുദ്ദീൻ കഴിച്ചുകൂട്ടി. കാട്ടിലും മലയിലും ധ്യാനവുമായി നടന്നിരുന്ന സ്വഭാവം അല്ലാഹുവിന്റെ പ്രവാചകന്മാർക്കോ പ്രവാചകരിൽ നിന്ന് മാതൃക ഉൾകൊണ്ട സ്വഹാബിമാർക്കോ ഉണ്ടായിട്ടില്ല. പക്ഷെ ഖുബൂരി സൂഫികൾ മാതൃക സ്വീകരിച്ചത് പ്രവാചകനിൽ നിന്നല്ല. അവരുടെ സൂഫിഗ്രന്ഥങ്ങൾ പലതും ഹൈന്ദവ പുരാണങ്ങളുമായും അവരുടെ ധ്യാനം ഹൈന്ദവ സന്യാസിമാരുടെ തപസ്സുമായും ബന്ധമുള്ളതാണ്. സൂഫിസത്തിൽ ഹൈന്ദവത ചെലുത്തിയ സ്വാധീനം സൂഫിസത്തെക്കുറിച്ച് ആധികാരികമായി പഠനം നടത്തിയവരൊക്കെ രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ഇത്തരം സൂഫികളിൽ അനുഗ്രഹം വാങ്ങാനെത്തുന്നവരിൽ നല്ലൊരു ശതമാനം ഹൈന്ദവരുമുള്ളത്. ഇടിയങ്ങരയിലെ കഥാപുരുഷൻ ശംസുദ്ദീനും നാനാമതസ്തരുടെ അഭയകേന്ദ്രമായിരുന്നു എന്ന് ഇദ്ദേഹത്തെക്കുറിച്ചുള്ള ഖുബൂരി ചരിത്രങ്ങൾ പറയുന്നുണ്ട്.

പിന്നീടങ്ങോട്ട് ഇരുപത്തഞ്ച് വർഷത്തോളം ഷംസുദ്ദീൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അനേകം മക്ബ്വറകൾ സന്ദർശിച്ച് ചുറ്റിയടിച്ചു. ഖാദിരിയ്യ, ചിശ്തിയ്യ ത്വരീഖത്തുകൾ പ്രചരിപ്പിച്ചും കാലം കഴിച്ചുകൂട്ടി. ഇരുപത്തഞ്ച് വർഷത്തിന് ശേഷം നാട്ടിൽ തിരിച്ചെത്തിയ ഷംസുദ്ദീൻ നാട്ടുകാരുടെ അഭയകേന്ദ്രമായും ഇസ്‌ലാം മതത്തിന്റെ കാവലാളായും മാറിയതായി ഖുബൂരി പുസ്തകങ്ങൾ പറയുന്നു. എന്നാൽ അദ്ദേഹം ഇസ്‌ലാമിന്റെ വളർച്ചയും ഉന്നതിയും ആഗ്രഹിച്ചിരുന്നോ എന്ന് ചിലർക്കെങ്കിലും സംശയംതോന്നുന്ന ചിലകാര്യങ്ങളും പുസ്തകത്തിലുണ്ട്. അത് കാണുക. ഷംസുദ്ദീനോട് ഒരു അമുസ്‌ലിം വന്നുപറയുന്നു.

''ഞാൻ മുസ്‌ലിമല്ല, എനിക്ക് ഇസ്‌ലാം മതത്തിൽ ചേരണം. കലിമ ചൊല്ലിത്തരണം.
നിന്നോടാര് പറഞ്ഞു ഇസ്‌ലാമിൽ ചേരാൻ?
ആരും പറഞ്ഞിട്ടല്ല, ഞാൻ സ്വയം വന്നതാണ്. എന്നെ തള്ളിക്കളയരുത്.
ഞാനൊന്നാലോചിക്കട്ടെ, നീ പിന്നീട് വാ.''
*(ശൈഖ് ശംസുദ്ദീൻ മുഹമ്മദ്ബ്നു അലാഉദ്ദീൻ ഷിംസിയ്യ് (റ). പേജ്. 31)*

ഷംസുദ്ദീനും ഒരു അമുസ്‌ലിമും തമ്മിൽ നടന്ന സംഭാഷണമാണ് മുകളിൽ കൊടുത്തത്. ഒരു അമുസ്‌ലിം ഇസ്‌ലാമിൽ ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ കൊടുത്ത മറുപടിയിലെ ധിക്കാരം കണ്ടില്ലേ. ഷംസുദ്ദീന്റെ കുടുംബത്തിലെ റേഷൻ കാർഡിൽ എന്റെയും പേര് ചേർക്കണമെന്ന് ആവശ്യപ്പെട്ടതുപോലെയാണ് ടിയാന്റെ പ്രതികരണം. ഇസ്‌ലാംമതമെന്നാൽ ഏതെങ്കിലും ഒരുത്തന്റെ കുടുംബസ്വത്തല്ല. അല്ലാഹുവിന്റെയും പ്രവാചകന്റെയും വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കാനാരെങ്കിലും തയ്യാറായാൽ അവന് പിന്നെ കലിമചൊല്ലി ഇസ്‌ലാമിൽ അംഗമാകാം. അതിന് സമസ്തക്കാരുടെ ശൈഖന്മാരുടെ അനുവാദത്തിന്റെ ആവശ്യമുണ്ടോ? ഉണ്ടെന്ന രീതിയിലാണ് ഖുബൂരിയുടെ ജൽപനങ്ങൾ. സി.എം. മടവൂരിനെക്കുറിച്ച് എഴുതിയ പുസ്തകത്തിലുമുണ്ട് ഈ ബഡായി. ഒരവസരത്തിൽ സി.എം. മടവൂർ അമുസ്‌ലിംകളെ വിളിച്ച് ഇസ്‌ലാമിൽ ചേരാൻ അനുവാദം നൽകിയിരുന്നുവെന്ന് വലിയ പോരിശയിൽ പ്രസ്തുത പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിസ്കരിക്കാതെയും നോമ്പ് നോൽക്കാതെയും മീശയും താടിയും വടിച്ചും സ്വർണാഭരണങ്ങൾ ധരിച്ചും തികച്ചും അനിസ്‌ലാമിക രീതിയിൽ ജീവിച്ചിരുന്ന ഒരു ഭ്രാന്തന്റെ അനുവാദം വേണമത്രേ അമുസ്‌ലിംകൾക്ക് ഇസ്‌ലാം സ്വീകരിക്കാൻ!!!

ഹിജ്റ 950 റജബ് മാസത്തിൽ ശംസുദ്ദീൻ മരണപ്പെട്ടതായി പറയപ്പെടുന്നു. മരണപ്പെട്ടതോ അതോ മരിക്കുന്നതിന് മുമ്പോ കുഴിച്ചിട്ടതോ എന്ന് സംശയമുണ്ട്. ശംസുദ്ദീന്റെ കറാമത്തായി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവം വായിച്ചാൽ ആ സംശയം സ്വാഭാവികമാണ്. ശംസുദ്ദീന്റെ ഒരു ആത്മസുഹൃത്തായിരുന്നുവത്രേ അലിയ്യുൻനാശിരി. അലിയ്യുന്നാശിരിയും ശംസുദ്ദീനും തമ്മിൽ ഒരു കറാറുണ്ടായിരുന്നുവത്രേ. ആദ്യം മരിക്കുന്നവന്റെ മയ്യിത്ത് അപരൻ കുളിപ്പിക്കണമെന്ന്. ഏതായാലും ആദ്യം മരിച്ചത് ശംസുദ്ദീനാണ്. അങ്ങനെ മയ്യിത്ത് കുളിപ്പിച്ചപ്പോൾ സംശയം തീർക്കാൻ ശംസുദ്ദീൻ കണ്ണ് തുറന്നുനോക്കിയത്രേ. ''വിഷമിക്കണ്ട, ഞാൻ തന്നെയാണ് കുളിപ്പിക്കുന്നത്'' എന്ന് അലിയ്യുന്നാശിരി മറുപടി പറഞ്ഞുപോലും. മയ്യിത്ത് കുളിപ്പിക്കുമ്പോൾ കണ്ണ് തുറന്നുവെങ്കിൽ അതിനർത്ഥം ആൾക്ക് ജീവനുണ്ടെന്നാണ്. ഹജ്ജിന് പോയപ്പോൾപോലും നാട്ടിലുള്ള സംഭവങ്ങളെല്ലാം അദൃശ്യമായി യഥാസമയം അറിഞ്ഞിരുന്നു എന്ന് പറയപ്പെട്ടിരുന്ന ഒരാൾക്ക് തന്റെ മയ്യിത്ത് കുളിപ്പിക്കുന്നത് ആരാണെന്നറിയാൻ കണ്ണ് തുറന്നുനോക്കേണ്ടതുണ്ടോ?

ഇന്ന് ഇടിയങ്ങരയിൽ സ്ഥിതി ചെയ്യുന്ന ദർഗയിലല്ല ശംസുദ്ദീനെ മറവ് ചെയ്തിരുന്നത് എന്നത് മറ്റൊരു തമാശ. കോഴിക്കോട്ടെ കടൽക്കരയോട് ചേർന്ന് ചാരിയാണത്രേ ആദ്യം മറവ് ചെയ്തിരുന്നത്. അത് വായിക്കുക. ''പെട്ടന്ന് കടൽക്ഷോഭമുണ്ടായി. കടൽ കരയിലേക്ക് തള്ളിക്കയറുന്നു. കര ഇടിയുന്നു. തെങ്ങുകൾ കടപുഴകി വീഴുന്നു. പല വീടുകളും കടലെടുത്തുപോയി. ശൈഖിന്റെ മക്ബറയും അതിനോട് ചേർന്നുള്ള പള്ളിയും അപകടാവസ്ഥയിലാണ്. ഒരു രാത്രി കോഴിക്കോട് ഖാസിയും ചില പൗരപ്രമുഖന്മാരും ഒരു സ്വപ്നംകണ്ടു. ശൈഖ് അവരോട് സംസാരിക്കുന്നു. ''എന്റെ ഖബ്ർ വെള്ളത്തിൽ പെടാൻ പോകുന്നു. എന്നെ ഉയർന്ന സ്ഥലത്തേക്ക് മാറ്റുക'' *(അ.പു. പേജ്. 48)* അങ്ങിനെ ജനങ്ങൾ ഖബ്ർ തുറന്നുനോക്കി. മയ്യിത്തിന് ഒരു കേടും ഇല്ലായിരുന്നത്രേ. ആ മയ്യിത്ത് ഇടിയങ്ങരയിലേക്ക് കൊ    ുവന്ന് സംസ്കരിച്ചതാണ്പോലും!.

മയ്യിത്ത് കുളിപ്പിക്കുമ്പോൾ കണ്ണ് തുറന്നുനോക്കിയ ആൾക്ക് കടൽക്ഷോഭമുണ്ടായപ്പോൾ സ്വയം എങ്ങോട്ടെങ്കിലും മാറിക്കിടന്നുകൂടായിരുന്നോ എന്നൊന്നും വായനക്കാർ ചോദിക്കരുത്. കാരണം ഇത് കഥയാണ്. കഥയിൽ ചോദ്യമില്ല. ഖുബൂരീ കഥകളാകുമ്പോൾ ഒട്ടും ചോദ്യം പാടില്ല.

# നിസാമുദ്ദീൻ ദർഗ, ദൽഹി

**അമീർ ഒതുക്കുങ്ങൽ**

അനാചാരങ്ങളുടേയും തിന്മകളുടേയും കൂത്തരങ്ങുകളാണ് സകല ദർഗകളും. കേരള ത്തിൽ ഇത്തരം ദർഗകൾ നിരവധിയുണ്ട്. ഇവിടെ നടക്കുന്ന അനാചാരങ്ങളും തിന്മകളും മുജാ ഹിദുകൾ ജനങ്ങൾക്ക് മുമ്പിൽ എൽ.സി.ഡി. പ്രദർശനത്തിലൂടെ കാണിക്കാൻ തുടങ്ങിയപ്പോൾ അതിന് കേരള ക്വുബൂരികൾ പറഞ്ഞ മറുപടി അതെല്ലാം ഉത്തരേന്ത്യയിലാണെന്നും അതിന് തങ്ങ ളുമായി യാതൊരു ബന്ധവുമില്ലെന്നുമായിരുന്നു. ഉത്തരേന്ത്യയിലായാലും ദക്ഷിണേന്ത്യയിലാ യാലും അത്തരം പ്രവർത്തനങ്ങൾക്ക് കേരള ക്വുബൂരി പണ്ഡിതന്മാർ ഫത്‌വകൾ നൽകിയിട്ടുണ്ടെ ന്നത് മനപൂർവ്വം വിസ്മരിക്കാനാണ് ഈ ക്വുബൂരികൾ ശ്രമിക്കുന്നത്. കേരളത്തിലെ ദർഗകളിൽ നിന്ന് ശിർക്കും ബിദ്അത്തും യഥേഷ്ടം വാരിക്കൂട്ടിയിട്ടും സായൂജ്യമടയാത്തവർ ഉത്തരേന്ത്യയി ലേക്കും സിയാറത്ത് ടൂറിന് ആളുകളെ ആട്ടിത്തെളിക്കുന്നത് നാം പതിവായി കാണാറുണ്ട്. പത്തും പതിനഞ്ചും ദിവസം നീണ്ടുനിൽക്കുന്ന ഇത്തരം സിയാറത്ത് ടൂറുകളിൽ ഉത്തരേന്ത്യ യിലെ മുഴുവൻ ദർഗകളും സന്ദർശിച്ച് ഒരു ഹജ്ജ് കഴിഞ്ഞ് വരുന്ന പ്രതീതിയോടെയാണ് ക്വുബൂ രികൾ കേരളത്തിൽ കാല് കുത്താറുള്ളത്.

കേരള ക്വുബൂരികളുടെ ആശാകേന്ദ്രവും അവലംബവുമായ ദർഗകളിലൊന്നാണ് ഡൽഹി യിൽ സ്ഥിതിചെയ്യുന്ന നിസാമുദ്ദീൻ ദർഗ. ദർഗകളുമായി ബന്ധപ്പെട്ട് എന്തൊക്കെ തിന്മകളുണ്ടോ അതെല്ലാം അഭംഗുരം നിസാമുദ്ദീനിൽ നടക്കുന്നുണ്ട്. ഈ ദർഗ ഉത്തരേന്ത്യയിലാണെന്ന് പറഞ്ഞ് ഒരിക്കലും കേരള ക്വുബൂരികൾക്ക് കൈകഴുകാനാവില്ല. കാരണം, ക്വുബൂരീ പണ്ഡിതന്മാർ ദർഗ യുമായി ബന്ധപ്പെട്ട് അനുവദിച്ച കാര്യങ്ങൾ തന്നെയാണ് നിസാമുദ്ദീനിൽ നടക്കുന്നത്. ദൽഹി യിലും പരിസരത്തും പഠിക്കുകയും താമസിക്കുകയും ചെയ്യുന്ന കേരള ക്വുബൂരികൾ ആഴ്ചയിൽ ഒരിക്കലെങ്കിലും ഇവിടെയെത്തി ഇവിടെ നടക്കുന്ന ആചാര അനുഷ്ഠാനങ്ങളിൽ പങ്കെടുക്കാറു ണ്ട്. ആരാണ് നിസാമുദ്ദീൻ? നിസാമുദ്ദീന്റെ ചരിത്രം എന്ത്? അതിലേക്ക് വെളിച്ചം വീശുകയാണ് ഈ ലേഖനത്തിലൂടെ.

1238ൽ ഉത്തർപ്രദേശിലെ സോത്ത് നദിയുടെ തീരത്തെ ബുദൗനിലാണ് നിസാമുദ്ദീൻ ജനിച്ച തെന്ന് പറയപ്പെടുന്നു. മുഹമ്മദ്ബിൻ അഹമദ് ബിൻ ഡാനിയൽ അൽ ബുഖാരിയെന്നാണ് നിസാ മുദ്ദീന്റെ പേര് എന്ന് ഡോക്ടർ ഹുസൈൻ രണ്ടത്താണി രചിച്ച നിസാമുദ്ദീൻ ചരിത്രത്തിൽ പറയു ന്നു. ആ പേരിൽ തുടങ്ങുന്നു നിസാമുദ്ദീന്റെ വൈരുദ്ധ്യ ചരിത്രം. സൈതുമുഹമ്മദ് നിസാമി രചിച്ച പുസ്തകത്തിൽ പറയുന്നത് മുഹമ്മദ് അഹമ്മദ് ബ്നു അലിയ്യുൽ ബുഖാരി എന്നാണ് നിസാമുദ്ദീന്റെ പേര് എന്നാണ്. നിസാമുദ്ദീൻ തികച്ചും ഒരു സൂഫിയായിട്ടായിരുന്നു ജീവിതം കഴി ച്ചുകൂട്ടിയത്. സൂഫികളെ സംബന്ധിച്ചിടത്തോളം അവരുടെ ലോകം വേറെയാണ്. അവരുടെ ചിന്തയും പ്രവർത്തനവും വേറെയാണ്. അതിന് ഇസ്‌ലാമിനേക്കാൾ ബന്ധം ഹൈന്ദവ വിശ്വാസ ത്തോടാണ്. സമസ്തക്കാർ ഇന്ന് പരിചയപ്പെടുത്തുന്ന ഏതെങ്കിലും ഒരു സൂഫിയുടെ ജീവിതരീതി ഒരൊറ്റ പ്രവാചകനോ സ്വഹാബത്തിനോ ഉണ്ടായിരുന്നില്ല എന്ന് മനസ്സിലാക്കുമ്പോൾ സൂഫി സവും ഇസ്‌ലാമും തമ്മിലുള്ള ബന്ധം മനസ്സിലാകും. ചിന്തയും മസ്തിഷ്കവും ഷണ്ഡീകരിച്ച് സമൂഹത്തോടും കുടുംബത്തോടുമുള്ള ബാധ്യതകളിൽ നിന്ന് ഒളിച്ചോടി ഏകാന്തജീവിതം നയി ക്കുന്ന സൂഫികളിലും സൂഫിസത്തിലും മാധുര്യം കണ്ടെത്തിയത് ക്വുബൂരികളും അതിനെ

പ്രോത്സാഹിപ്പിക്കുന്നത് ഇസ്‌ലാമിന്റെ ശത്രുക്കളായ പാശ്ചാത്യ ലോബിയുമാണ്. ഖുബൂരി സമൂഹം അതിൽ അനുഭൂതി കണ്ടെത്തുമ്പോൾ ഇസ്‌ലാമിന്റെ ശത്രുക്കൾ സൂഫിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ കാരണം വേറെയാണ്. മുസ്‌ലിം സമൂഹത്തിന്റെ ചിന്തയും പ്രവർത്ത നങ്ങളും മരവിപ്പിച്ച് അവരെ ഒന്നിനും കൊള്ളരുതാത്തവരാക്കാനാണ് ഇസ്‌ലാമിന്റെ ശത്രുക്കൾ സൂഫിസത്തെ പ്രോത്സാഹിപ്പിക്കുന്നത്. സൂഫിസമാണ് യഥാർത്ഥ ഇസ്‌ലാം എന്ന് അവർ പ്രത്യ ക്ഷമായും പരോക്ഷമായും സൂചിപ്പിക്കുന്നതിന്റെ കാരണം മറ്റൊന്നല്ല.

നിസാമുദ്ദീന്റെ പല പ്രവർത്തനങ്ങളിലും പ്രവാചകന്റേയോ സ്വഹാബത്തിന്റെയോ മാതൃക കാണുന്നില്ല എന്നതാണ് രസകരം.നിസാമുദ്ദീന്റെ ആരാധനാ രീതികളെക്കുറിച്ച് ഖുറാഫീ ചരിത്രം പറയുന്നത് കാണുക.

''അധികദിവസങ്ങളിലും നിസാമുദ്ദീൻ ഔലിയ വ്രതമെടുക്കും. രാത്രിയിൽ നോമ്പിനുള്ള അത്താഴം കൊണ്ടുവരുന്ന ജോലി ഖാജാ അബ്ദുറഹിമാനാണ്. അൽപം മാത്രം അത്താഴം കഴിച്ച ശേഷം ബാക്കി ബന്ധുക്കൾക്കും കുട്ടികൾക്കും കൊടുക്കാൻ നിർദ്ദേശിക്കും. പലപ്പോഴും ഔലിയ അത്താഴം കഴിക്കാറില്ല.'' (നിസാമുദ്ദീൻ ഔലിയ പേജ്. 26).

ഇതാണ് സൂഫികളുടെ ജീവിതരീതി. അല്ലാഹു അനുവദിച്ചതും പുണ്യമാക്കിയതും ഒഴിവാക്കു ക. അനുവദിക്കാത്ത പലതും ചെയ്യുക. നോമ്പിന് അത്താഴം കഴിക്കൽ വളരെ പുണ്യമാണെ ന്നാണ് തിരുനബി പഠിപ്പിച്ചിട്ടുള്ളത്. പക്ഷെ അതൊന്നും സൂഫികൾക്ക് ബാധകമല്ല. മാത്രവുമല്ല, ഏറ്റവും വലിയ മുത്തഖിയായ മുഹമ്മദ് നബി(സ്വ) പോലും ചെയ്യാത്ത ആരാധനാരീതികൾ നിസാമുദ്ദീൻ ചെയ്തിരുന്നുവെന്ന് ചരിത്രകാരന്മാരായ ഖുറാഫികൾ ബ്ലണ്ടടിക്കുന്നു. നിസാമുദ്ദീ നെപറ്റി പറയുന്നത് കാണുക.

''നാനൂറോ അഞ്ഞൂറോ റക്അത്ത് രാത്രി നമസ്കരിക്കാറുള്ള ഔലിയക്ക് അക്കാരണത്താൽ യാതൊരു ക്ഷീണവും കാണാറേ ഇല്ലത്രേ. അൽപം മാത്രം ഉറങ്ങിയെങ്കിലായി.'' (അതേ പുസ്ത കം. പേജ്. 26)

ഇതിൽപരം ഒരു ബഡായി വേറെ എന്തുണ്ട്. എത്ര ചുരുക്കിയാലും ഒരു റക്അത്ത് നമസ്കരി ക്കാൻ രണ്ട് മിനിട്ട് വേണം. അപ്പോൾ അഞ്ഞൂറ് റക്അത്തിന് എത്ര സമയം വേണമെന്ന് വായന ക്കാർ കണക്ക് കൂട്ടുക. രാത്രി നമസ്കാരം ഇശാക്ക് ശേഷമാണല്ലോ. ഇശാക്ക് ശേഷം സുബ്ഹി വരെ എത്ര മണിക്കൂർ കിട്ടും. മാത്രവുമല്ല, ഇതിനിടയിൽ അൽപം ഉറങ്ങാറുമുണ്ടായിരുന്നു എന്ന് വായിക്കുമ്പോഴേ ബഡായി പൂർത്തിയാകൂ. ''ഔലിയാക്കന്മാരുടെ കറാമത്ത്കൊണ്ട് ഏത് കാര്യ ങ്ങളും സാധിക്കും വഹ്ഹാബീ'' എന്നായിരിക്കും ഖുറാഫീ വാദം. അങ്ങനെയാണെങ്കിൽ പിന്നെ അതിലെവിടെ ത്യാഗത്തിന്റെ അംശം?

സംഗീതം ഹറാമാണെന്നാണ് തിരുനബിയുടെ ഹദീസുകളിലുള്ളത്. അത് പൈശാചിക രാഗമാ ണെന്നുപോലും മഹാന്മാർ പറഞ്ഞിട്ടുണ്ട്. നിസാമുദ്ദീന്റെ കാലത്തും സംഗീതത്തിനെ ശക്തമായി എതിർത്തിരുന്ന പണ്ഡിതന്മാർ ഉണ്ടായിരുന്നുവെന്ന് ചരിത്ര പുസ്തകം പറയുന്നു. പക്ഷെ നിസാ മുദ്ദീന്റെ ഖാൻഖാഹിൽ ഈ ചടങ്ങ് ഇടക്കിടെ സംഘടിപ്പിക്കാറുണ്ടായിരുന്നുവത്രേ. വാദ്യോപകര ണങ്ങളോടുകൂടിയ ഖവാലി സൂഫികൾക്ക് എന്നും ലഹരിയാണ്. അത് പൈശാചികമാണെന്ന് ഇസ്‌ലാം പറഞ്ഞിട്ടുണ്ടെങ്കിലും അതിലും ആത്മീയ അനുഭൂതി സൂഫികൾ കണ്ടെത്തുന്നു.

പതിനാറാം വയസ്സിൽ ദൽഹിയിലെത്തിയ നിസാമുദ്ദീൻ ദൽഹിയിൽ തന്നെ പിന്നീട് തമ്പടി ക്കുകയാണുണ്ടായത്. ഇതിനിടയിൽ ദൽഹിയിൽ മാറിമാറി ഭരണം നടത്തിയിരുന്ന മുസ്‌ലിം രാജാ ക്കന്മാരോട് ഇടഞ്ഞും ഇണങ്ങിയുമായാണ് നിസാമുദ്ദീൻ കഴിഞ്ഞിരുന്നത്. പലപ്പോഴും ഭരണ കർത്താക്കൾക്ക് പുല്ലുവിലപോലും നിസാമുദ്ദീൻ കൽപിച്ചിരുന്നില്ല. ഒരു രാജാവിനോട് പ്രജകാ

ണിക്കേണ്ട അനുസരണം ഒരിക്കലും നിസാമുദ്ദീൻ കാണിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ പല രാജാക്കന്മാരും നിസാമുദ്ദീന്റെ ശത്രുത പിടിച്ചുപറ്റിയിരുന്നു. ചിശ്തിയ്യാ ത്വരീഖത്തിന്റെ മശായിഖും പ്രചാരകനുമായിരുന്നു നിസാമുദ്ദീൻ. 1325ലാണ് നിസാമുദ്ദീൻ മരണപ്പെടുന്നത്. ജീവിതകാലത്ത് തന്നെ നിസാമുദ്ദീന്റെ മുന്നിൽ ശിഷ്യന്മാർ സുജൂദ് ചെയ്യാറുണ്ടായിരുന്നുവെന്ന് ചരിത്രം പരിശോധിച്ചാൽ കാണാം. മരണശേഷവും അതിന് മാറ്റമൊന്നുമില്ല. ഇന്ന് നിസാമുദ്ദീന്റെ ദർഗയിലാണ് സുജൂദ് എന്നുമാത്രം. പക്ഷെ രസകരമായ ഒരു വസ്തുത തന്റെ ക്വബ്റിന് മുകളിൽ ഒരു കുടീരം പണിയുന്നത് നിസാമുദ്ദീന് ഇഷ്ടമില്ലായിരുന്നുവെന്നാണ്. ക്വുറാഫികൾതന്നെ പറയട്ടെ.

''ചില അനുയായികൾ അവരുടെ വലിയ കൊട്ടാരങ്ങളിൽ ഔലിയക്ക് അന്ത്യവിശ്രമമൊരുക്കാൻ ആഗ്രഹിച്ചു. ഔലിയ പറഞ്ഞു: ''വേണ്ട എന്നെ ഒരു തുറന്ന സ്ഥലത്ത് മറവ് ചെയ്താൽ മതി'' *(നിസാമുദ്ദീൻ ഔലിയ പേജ്. 67)*

നിസാമുദ്ദീന് ശേഷം പൂർണതയെത്തിയ ഒരു ശൈഖ് ഇനിയുണ്ടാവില്ലെന്നാണ് ഖുറാഫികൾ പറയുന്നത്. പക്ഷെ നിസാമുദ്ദീന് ശേഷം ആയിരക്കണക്കിന് ആളുകളെ ക്വുബൂരികൾ ഔലിയയായി അവരോധിച്ചിട്ടുണ്ട്. ഓരോരുത്തരെക്കുറിച്ചും ഇതുപോലെ എന്തെങ്കിലും ബഡായി പൊട്ടിച്ചുകൊണ്ടിരിക്കും. തന്നെ ഒരു തുറന്ന സ്ഥലത്ത് മറവ് ചെയ്താൽ മതിയെന്ന് നിസാമുദ്ദീൻ പറഞ്ഞെങ്കിലും പിൽക്കാലത്ത് ക്വുബൂരി അനുയായികൾ അവിടം വലിയ ദർഗ പണിത് ആരാധന തുടങ്ങി. ആ ആരാധന അതിന്റെ മൂർധന്യാവസ്ഥയിലാണ് നിലകൊള്ളുന്നത്. എല്ലാ ശവ്വാൽ മാസത്തിലും അവസാനത്തെ ബുധനാഴ്ച രാവിൽ മൂന്ന് മണിക്ക് നിസാമുദ്ദീന്റെ മക്ബറ പനനീർ ജലംകൊണ്ട് കഴുകാറുണ്ട്. കഴുകിയ ജലം പുണ്യതീർത്ഥമായി വിതരണം ചെയ്യുന്നു. തലച്ചോർ മരവിച്ച ഭക്തന്മാർ സംസം ജലത്തേക്കാൾ പുണ്യത്തോടെയാണ് ആ ജലം ഉപയോഗിക്കുന്നത്. മാത്രവുമല്ല, മക്കത്തുപോയി ഹജ്ജ് ചെയ്യാൻ കഴിവില്ലാത്ത ക്വുബൂരികൾ നിസാമുദ്ദീന്റെ ദർഗ സന്ദർശിച്ചാൽ മതിയത്രെ. ആ ദർഗ സന്ദർശിച്ചാൽ ഹജ്ജ് ചെയ്ത കൂലിയുണ്ട്പോലും. ഖുതുബുദ്ദീൻ ഐബക് ഡൽഹി ഭരിച്ചിരുന്ന കാലത്ത് മുൾത്താനിലെ ശൈഖ് റുകുനുദ്ദീൻ അബ്ദുൽ ഫത്താഹ് എന്ന സൂഫി നിസാമുദ്ദീന്റെ ദർഗ സന്ദർശിച്ചാണ് ഈ സന്തോഷവാർത്ത ക്വുബൂരികളെ അറിയിച്ചത്. പ്രസ്തുത സംഭവം പൂങ്കാവനം ബുക്സ് പ്രസിദ്ധീകരിച്ച 'സൂഫിക്കഥകൾ' എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് കാണുക.

''നിസാമുദ്ദീന്റെ മരണശേഷം അദ്ദേഹത്തിന്റെ മഖ്ബറ സന്ദർശിച്ചപ്പോൾ അബ്ദുൽ ഫത്താഹ് പറഞ്ഞു. ഹജ്ജിനുള്ള പ്രതിഫലം ഈ തീർത്ഥാടനത്തിന് കിട്ടും'' *(പേജ്. 16)*

മഹാനായ നബി(സ്വ)യുടെ ക്വബ്ർ സന്ദർശിച്ചാൽപോലും ഹജ്ജിനുള്ള പ്രതിഫലം ലഭിക്കുമെന്ന് ആരും പറഞ്ഞിട്ടില്ല. പക്ഷെ സൂഫികൾക്ക് എന്തും പറയാം, എന്തും ചെയ്യാം. എന്നിട്ടതെല്ലാം ഇസ്ലാമിന്റെ പേരിൽ വെച്ചുകെട്ടാം. എന്തൊക്കെ ചെയ്താലും അതേറ്റുപിടിക്കാനും അവരെ ആദരിക്കാനും ക്വബ്റാരാധകരായ ജനങ്ങളുണ്ടാകും.

ദർഗകൾ ഇസ്ലാമിക വിരുദ്ധമാണെന്ന് ഒറ്റയടിക്ക് മനസ്സിലാക്കാൻ ചെറിയൊരു ഉദാഹരണം കൂടി. പരിശുദ്ധ ഇസ്ലാം മതത്തെ വളരെയധികം നിന്ദിക്കുകയും തകർക്കാൻ ശ്രമിക്കുകയും ചെയ്തിരുന്ന ഒരു മുസ്ലിം നാമധാരിയായിരുന്നു അക്ബർ ചക്രവർത്തി. പക്ഷെ ആ അക്ബർ ചക്രവർത്തിക്ക് ഉത്തരേന്ത്യയിലെ ഒരുവിധം ദർഗകളുമായിയൊക്കെ അടുപ്പമുണ്ട്. അത്തരം ദർഗകൾ പരിപോഷിപ്പിക്കാനും സംരക്ഷിക്കാനും അക്ബർ ധാരാളം സമ്പത്ത് തന്നെ ചിലവഴിച്ചിരുന്നു. നിസാമുദ്ദീൻ ദർഗയിലും അക്ബർ തന്റെ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. നിസാമുദ്ദീൻ ദർഗക്ക് മുകളിലുള്ള മാർബിൾ കുടീരം നിർമ്മിച്ചത് അക്ബർ ചക്രവർത്തിയാണ്. അക്ബർ ചക്രവർത്തി ദർഗകളെ സംരക്ഷിച്ചിരുന്നതും അതിന് വേണ്ടി ധനം ചെലവഴിച്ചതും ഇസ്ലാമിനോടുള്ള സ്നേഹംകൊണ്ടായിരുന്നില്ലെന്ന് ചരിത്രം പഠിക്കുന്ന ഏത് കുട്ടിക്കും അറിയാം.

നിസാമുദ്ദീന്റെ ദർഗക്ക് സമീപംതന്നെ ദൽഹി ദർബാറിലെ രാജകവിയായിരുന്ന അമീർ കുസ്രുവിന്റേതെന്ന് പറയപ്പെടുന്ന ഒരു ദർഗയുമുണ്ട്. എന്നാൽ അമീർ കുസ്രുവിനെ അടക്കം ചെയ്തിരിക്കുന്നത് ലാഹോറിലാണെന്നും പറയപ്പെടുന്നു. നിസാമുദ്ദീൻ ദർഗയിൽ നടക്കാത്ത അനിസ്ലാമിക പ്രവർത്തനങ്ങളില്ല. ദർഗയെ മൂടിയിരിക്കുന്ന പുതപ്പിനടിയിലേക്ക് ഒട്ടകപക്ഷി തല പൂഴ്ത്തുംപോലെ തലപൂഴ്ത്തി സുജൂദ് ചെയ്യുന്ന രംഗം ദർഗയിൽ നിത്യകാഴ്ചയാണ്. മാത്രവുമല്ല, ദർഗയുടെ വാതിലിൽ തൂങ്ങിക്കിടക്കുന്ന ചങ്ങലമുക്കിയ വെള്ളംപോലും ഭക്തർ ഏറെ പുണ്യ മായി കരുതുന്നു.

നിസാമുദ്ദീൻ ജീവിച്ചിരുന്ന കാലത്ത് ഇഷ്ടപ്പെടുകയും തന്റെ ഖാൻഖാഹിൽ വെച്ച് നടത്തപ്പെ ടുകയും ചെയ്തിരുന്ന ഖവാലി ദർഗയിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. ഒരൊറ്റപ്രാവശ്യം പള്ളിയിൽപോവാത്തവൻപോലും ഈ ഖവാലിയിൽ ആടിപ്പാടി അതിൽ ലഹരിക ണ്ടെത്തുന്നതായി കാണാം. അതിന് പുറമെ പുഷ്പാർച്ചനയും ഹൈന്ദവാചാരത്തിന് സമാനമായ ദീപാരാധനയും ഇവിടെ നടക്കുന്നു. ഏതായാലും നിസാമുദ്ദീൻ ജീവിച്ചിരുന്ന കാലത്ത് അദ്ദേഹ ത്തിന്റെ പലപ്രവർത്തികളും മരണപ്പെട്ടതിന് ശേഷം നിസാമുദ്ദീന്റെ പേരിൽ മുരീദുമാർ കാട്ടിക്കൂ ട്ടുന്ന കോപ്രായങ്ങളും ഇസ്ലാമിന്റെ അക്കൗണ്ടിൽ വരവ് വെക്കാൻ യാതൊരു നിർവ്വാഹവുമില്ല. ഇത്തരം ദർഗകളെ ഭയഭക്തിയോടെ കാണുകയും പൂജിക്കുകയും ചെയ്യുന്ന ഖുബൂരികൾ ലോക ത്തിന്റെ പലഭാഗങ്ങളിലുമുണ്ട്. അവർ കേരളത്തിലും കുറവല്ല. ലോകത്തിന്റെ ഇതരഭാഗങ്ങളിൽ ശിയാക്കൾ എന്നപേരിലാണ് ഇത്തരക്കാരെ അറിയപ്പെടുന്നതെങ്കിൽ കേരളത്തിൽ സമസ്തക്കാർ എന്നപേരിലാണ് ഇവർ അറിയപ്പെടുന്നത് എന്ന വ്യത്യാസമേയുള്ളൂ.

# നാട്ടുകൽ മഖാം

## അമീർ ഒതുക്കുങ്ങൽ

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ നിന്നും മണ്ണാർക്കാട്ടേക്ക് പോകുന്ന വഴിയിലാണ് നാട്ടുകൽ എന്ന പ്രദേശം. ഏതൊരു സത്യവിശ്വാസിയുടെയും ഹൃദയം ഭേദിക്കുന്ന കാഴ്ചയാണ് നാട്ടുകല്ലിൽ നമുക്ക് കാണാൻ കഴിയുക. ''നാട്ടുകല്ല് മഖാം'' എന്ന പേരിൽ ഇവിടെ സ്ഥിതി ചെയ്യുന്ന ഒരു മഖാമാണ് ആരോരും അറിയാത്ത ഈ പ്രദേശത്തെ കുപ്രസിദ്ധിയിലേക്കുയർത്തിയത്. മറ്റുള്ള ശിർക്ക് കേന്ദ്രങ്ങളിൽ നിന്നും വിത്യസ്ഥമായി ഇവിടെ ജാറത്തിനേക്കാളും പോരിശ കൽപിക്കപ്പെടുന്നത് ജാറത്തിനുള്ളിൽ രണ്ടാൾ ഉയരത്തിൽ ഉയർന്ന് നിൽക്കുന്ന ഒരു കല്ലിനാണ്. ആ കല്ലില്ലെങ്കിൽ ഇവിടെ ജാറവുമില്ല, പ്രശസ്തിയുമില്ല, ഈ കല്ലിന്റെ ഒരു കഷ്ണം റോഡിനരുകിൽ കിടക്കുന്നുണ്ട്. പ്രസ്തുത കല്ലിൽ ''ഇതിൽ ചവിട്ടരുത്'' എന്ന് എഴുതി വെച്ചിട്ടുമുണ്ട്. ഇതിൽ നിന്ന് തന്നെ ഈ കല്ലിന് ഖുറാഫികൾ നൽകുന്ന പ്രാധാന്യം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ജാറത്തിനുള്ളിൽ കുത്തനെ നിർത്തിയ കല്ലിനെ ആളുകൾ തൊട്ടു മുത്തുകയും വണങ്ങുകയും ചെയ്യുന്നത് ഇവിടെ പതിവ് കാഴ്ചയാണ്. ശിർക്കിന് വീര്യം കൂട്ടാൻ ഈ കല്ലിന് ചുവട്ടിൽ ഏതാനും നിലവിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്. സദാ എരിയുന്ന ചന്ദനത്തിരിയും നിർത്താതെ കത്തുന്ന നിലവിളക്കും കുത്തനെ നിർത്തിയ ഒരു കല്ലും ഉള്ളിൽ കെട്ടി ഉയർത്തിയ ഒരു ജാറവും, ഇങ്ങനെ ശിർക്കിന്റെ ഒരു മൊത്തവിതരണ കേന്ദ്രമാണ് ഇന്ന് നാട്ടുകല്ല് മഖാം. ഇടമുറിയാത്ത ക്വുർആൻ പാരായണവും കൂട്ടസിയാറത്തിന് വരുന്ന മുസ്‌ലിയാക്കൻമാരുടെ തൊണ്ട ഇടറിയുള്ള കപട പ്രാർഥനയും കാണുമ്പോൾ അല്ലാഹുവിനെക്കുറിച്ച് മനസ്സിലാക്കിയിട്ടില്ലാത്ത സാധാരണ മുസ്‌ലിം ഈ ശിർക്കൻ കേന്ദ്രത്തിലേക്ക് ഒഴുകിയെത്തുന്നു. അല്ല, മുസ്‌ലിയാക്കൻമാർ പാമര മുസ്‌ലിംകളെ ഇവിടേക്ക് ആട്ടിത്തെളിക്കുന്നു. സങ്കടങ്ങളും ആവലാതികളും അല്ലാഹുവിന്റെ മുന്നിൽ മാത്രം അർപ്പിക്കേണ്ട മുസൽമാൻ ഒരു കല്ലിന് മുന്നിൽ നിന്ന് കൺമിടറി കരയുന്നതു കാണുമ്പോൾ ഈ സമുദായത്തിന്റെ അധഃപതനമോർത്ത് നമുക്കൊന്ന് പൊട്ടിക്കരയുകയെങ്കിലും ചെയ്യാം. ഒപ്പം, ഇത്തരം ശിർക്കൻ കേന്ദ്രങ്ങളിലേക്ക് പാവങ്ങളെ ആട്ടിത്തെളിച്ച് സ്വന്തം കീശ വീർപ്പിക്കുന്ന പുരോഹിതൻമാരുടെ കരാളഹസ്തങ്ങളിൽ നിന്നും ഈ സമുദായത്തെ നീ രക്ഷിക്കണേ നാഥാ......എന്ന് നെഞ്ചുരുകി പ്രർഥിക്കുകയും ചെയ്യാം.

മറ്റുള്ള പല ജാറങ്ങൾ പോലെതന്നെ നാട്ടുകല്ല് മഖാമിന്റെ ചരിത്രവും കുറേയേറെ ഊഹാപോഹങ്ങളിലും കെട്ടു കഥകളിലും അധിഷ്ഠിതമാണ്. തോന്നിയവന് തോന്നിയപോലെയൊക്കെ പൊടിപ്പും തൊങ്ങലും വെച്ചു പ്രചരിപ്പിച്ച് വിടാവുന്ന ഒന്നാണ് ഇവരുടെ കറാമത്തുകൾ എന്നിരിക്കെ നാട്ട് കല്ല് മഖാമിന്റെ അടിസ്ഥാനവും ഇവരോട് ചോദിക്കൽ അനൗചിത്യമാവും. പ്രമാണങ്ങളുടെ പിൻബലത്തേക്കാൾ പാമരൻമാരുടെ പിന്തുണയിൽ ദീൻ കെട്ടിപ്പടുക്കുന്ന 'സുന്നി' പുരോഹിതൻമാർക്ക് ഒരു കല്ലിനെ തൊട്ടു മുത്താനും അതിനോട് സങ്കടം പറയാനും വൈമനസ്യം ഒട്ടും കാണില്ല. ഈ മഖാമിൽ മറവ് ചെയ്യപ്പെട്ട (അതുപോലും സംശയമാണ്) മനുഷ്യന്റെ പേരോ ഊരോ ചരിത്രമോ രേഖകളിലില്ല. ശിർക്കും കുഫ്റും പ്രചരിപ്പിച്ച് കീശവീർപ്പിക്കാൻ ഇവർ പുറത്തിറക്കിയ ''ദക്ഷിണേന്ത്യൻ ചരിത്രഭൂമിയിലൂടെ'' എന്ന ഡോക്യുമെന്ററിയിൽ നാട്ടുകല്ല് മഖാമിൽ അന്ത്യവിശ്രമം കൊള്ളുന്നത് വലിയുല്ലാഹി ഇസ്ഹാഖ്(റ) ആണെന്ന് പറയുന്നുണ്ട്. യഥാർത്ഥത്തിൽ ആ പേര് പോലും വ്യാജമാണ്. ഒരു ജാറമാവുമ്പോൾ അതിനൊരു പേര് വേണമെന്ന നിലക്ക് ഇടക്കാലത്ത് ആരൊക്കെയോ ചാർത്തിക്കൊടുത്തതാണ് ഇസ്ഹാഖ് എന്ന പേര്. പക്ഷെ പിൽക്കാലത്ത്, ഏതെങ്കിലും പേര് നൽകിയാൽ മഹാന് ഇഷ്ടപ്പെട്ടില്ലെങ്കിലോ

എന്ന് കരുതി പേര് ഒഴിവാക്കുകയായിരുന്നുവെന്നാണ് ഈ പ്രദേശത്തെ ഒരു കാരണവർ ഇസ്‌ലാഹിന്റെ (ഇസ്വാഹ് മാസിക) പ്രവർത്തകരോട് പറഞ്ഞത്.

ശൂന്യതയിൽ പടച്ചുണ്ടാക്കിയ നാട്ടുകല്ല് മഖാമിന്റെ ഒരു ഏകദേശം ചരിത്രം ഇങ്ങനെയാണ്: വാഹന സൗകര്യം ദൗർലഭ്യമായിരുന്ന ഒരു നൂറ്റാണ്ട് മുമ്പ് പെരിന്തൽമണ്ണയിലേക്ക് കച്ചവടാവി ശ്യത്തിന് വേണ്ടി നടന്ന് പോയിരുന്ന സംഘത്തിലെ ഒരാൾ ഇവിടെ വെച്ച് മരണപ്പെടുകയും, അവിടെ തന്നെ അയാളെ ഖബ്റടക്കപ്പെടുകയും ചെയ്തത്രേ: പ്രസ്തുത ഖബ്റിലെ മീസാൻകല്ല് ക്രമേണ ക്രമേണ പൊങ്ങിവരികയും അങ്ങനെ മറ്റൊരു മഹാൻ ആ വഴി പോയപ്പോൾ തന്റെ കയ്യിലിരുന്ന വടികൊണ്ട് ഉയർന്ന് നിൽക്കുന്ന കല്ലിനെ ''മതി, ഇത്രയും മതി'' എന്ന് പറഞ്ഞ് അടി ക്കുകയും ആ അടിയുടെ ആഘാതത്തിൽ കല്ല് മുറിഞ്ഞ് ചാടുകയും ചെയ്തത്രേ: ആ മുറിഞ്ഞ് ചാടിയ കഷ്ണമാണ് പോലും റോഡിൽ കിടക്കുന്നത്.

ഈ ചരിത്രത്തിന്റെ സാധുതയും പിൻബലവും വെറും ഊഹാപോഹങ്ങളാണ്, കാരണം പലരും പലരീതിയിൽ ഈ മഖാമിന്റെ ചരിത്രം പറയാറുണ്ട്. പക്ഷെ അതിനേക്കാളേറൊക്കെ സാധ്യത മറ്റൊന്നിനാണ്. ചില മലയോരങ്ങളിലും മറ്റും ഇത്തരത്തിലുള്ള കല്ലുകൾ ധാരാളം കാണാറുണ്ട്. ഇതുപോലെയുള്ള ഒരു കല്ല് കാട് മൂടിക്കിടന്ന നാട്ട്കല്ല് പ്രദേശത്തും ഉണ്ടായിരി ക്കാം. ആ കല്ലിനെ ചുറ്റിപ്പറ്റി ഇബ്ലീസിന്റെ തലച്ചോറുള്ള ഏതെങ്കിലുമൊരു ഖുറാഫി മെനഞ്ഞെ ടുത്ത കഥയായിരിക്കാം നാട്ടുകല്ലിലെ ഈ കറാമത്ത്.

എന്തൊക്കെയായാലും ഈ കല്ലിനെ നിലനിർത്തി പൂജനടത്തേണ്ടത് തങ്ങളുടെ വിശ്വാസ–സാ മ്പത്തിക ഭദ്രതക്ക് ആവശ്യമായത് കൊണ്ട് ഇതിനെ ന്യായീകരിക്കാൻ ഖുർആനിലെ ആയത്ത് പോലും ഓതാൻ തുടങ്ങിയിരിക്കുന്നു മുസ്‌ലിയാക്കൻമാർ. ഏതെങ്കിലും പ്രത്യേക രൂപത്തിലുള്ള കല്ലോ മരമോ മണ്ണോ കണ്ടാൽ അവിടെ ഒരു മഹാൻ അന്ത്യവിശ്രമം കൊള്ളുന്നുണ്ട് എന്ന് പറ യാൻ മുസ്‌ലിയാക്കൻമാർക്ക് യാതൊരു മടിയുമില്ല (ദർഗകൾ, മഹാൻമാർ അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലങ്ങളാണ് എന്ന ഖുറാഫികളുടെ വാദം പോലും തെറ്റാണ്. കാരണം ഇവരുടെ വാദം മഹാൻമാർക്ക് മരണ ശേഷം കഴിവു കൂടുമെന്നാണ്. അതോടുകൂടി ലോകത്തുള്ള എല്ലാ ഖുറാഫികളുടെയും പ്രാർഥന കേൾക്കുക, അതിന് പരിഹാരം നൽകുക എന്നീ ഭാരിച്ച ഉത്തരവാ ദിത്വം ഇയാളുടെ തലയിലായി, മരണപ്പെട്ട മഹാന് വിശ്രമിക്കാൻ പിന്നെ എവിടെ സമയം? അത് കൊണ്ട് 'അന്ത്യവിശ്രമം കൊള്ളുന്ന' എന്ന പരാമർശം ദയവായി ഇനി പറയാതിരിക്കുക, കാരണം ഖുറാഫികളുടെ വാദപ്രകാരം മഹാൻമാർ അന്ത്യമില്ലാത്ത പരിശ്രമത്തിലാണ്).

കല്ലുകളെയും മരങ്ങളെയും രൂപപ്പെടുത്തി അതിന് പിന്നിൽ ഏതെങ്കിലും മഹാന്റ ഐതിഹ്യം പറഞ്ഞ് അവയോട് ഇസ്തിഗാസ നടത്തുന്നവർക്ക് ഈ വിഷയത്തിൽ മക്കയിലെ മുശ്രിക്കുമായി എന്ത് വ്യതിരിക്തതയാണുള്ളത്.? തങ്ങൾ രൂപപ്പെടുത്തിയ ഈ കല്ലുകൾ തങ്ങളെ സഹായിക്കു മെന്ന വിശ്വാസം മക്കയിലെ മുശ്രിക്കിനുമില്ലായിരുന്നു. മറിച്ച്, ഈ കല്ലിന് പിന്നിലുള്ള മഹാൻ തങ്ങളെ സഹായിക്കുമെന്ന് തന്നെയായിരുന്നു അവരുടെ വിശ്വാസം. നാട്ടുകല്ലിലെ കല്ലിനെ വണങ്ങുകയും മുത്തുകയും ചെയ്യുന്ന ഒരാളുടെ വിശ്വസം ഈ കല്ലുമായി ബന്ധപ്പെട്ട മഹാൻ തന്നെ സഹായിക്കുമെന്നാണ്. ഭൂതക്കണ്ണാടി വെച്ച് നോക്കിയാലും രണ്ട് കൂട്ടരും തമ്മിലുള്ള അന്തരം ഈ വിഷയത്തിൽ നമുക്ക് കാണാൻ കഴിയില്ല.

വിശ്വാസികൾക്ക് തൊട്ട് ചുംബിക്കാൻ ഒരൊറ്റ കല്ല് മാത്രമേ അല്ലാഹു അനുവദിച്ചിട്ടുള്ളൂ. അത് കഅ്ബയിൽ സ്ഥാപിതമായ ഹജറുൽ അസ്‌വദ് എന്ന കല്ലാണ്. അത് പോലും ആകല്ല് സ്ഥാപിച്ച ഇബ്രാഹീം നബി(അ)യിൽ നിന്ന് പുണ്യം പ്രതീക്ഷിച്ചാൽ അത് ശിർക്കുമാണ്. മറിച്ച് അല്ലാഹുവിൽ നിന്ന് പുണ്യം പ്രതീക്ഷിച്ച് കൊണ്ടായിരിക്കണം അത് ചെയ്യേണ്ടത്. മക്കയിലെ ഹജറുൽ അസ്‌വദ് ചൂണ്ടികാണിച്ചു കൊണ്ട് മറ്റുള്ള കല്ലുകളെ തൊട്ട് വണങ്ങാൻ വിശ്വാസിക്ക് പാടില്ല തന്നെ. ഇതെല്ലാം വിശ്വസികൾക്ക് ബാധകമാണ്. പക്ഷെ അല്ലാഹുവിന്റെ പരിശുദ്ധിയെ

കുറിച്ച് യാതൊരറിവുമില്ലാത്ത, അനുഗ്രഹം ലഭിക്കുമ്പോൾ അല്ലാഹുവിന് ശുക്റ് ചെയ്യേണ്ടതിനു പകരം ജാറത്തിൽ നേർച്ചയിടുന്ന, ദുരിതങ്ങൾ വരുമ്പോൾ അല്ലാഹുവിനു മുന്നിൽ കൈ നീട്ടാതെ ദർഗകളിൽ പോയി തലതല്ലികരയുന്ന ക്വുബൂരികൾക്ക് എന്തുമാവാം, അവർക്ക് ക്വുർആൻ ബാധകമല്ല, പ്രവാചകന്റെ നിർദ്ദേശങ്ങൾ സ്വീകാര്യമല്ല. സലഫു സ്വാലിഹുകളുടെ പ്രവർത്തനങ്ങൾ മാതൃകയുമല്ല, മറിച്ചു ക്വുർആനിനേയും ഹദീസിനെയും പരസ്യമായി വ്യഭിചരിച്ചാലും തങ്ങളുടെ സ്ഥാപനങ്ങളിലേക്കും ബാങ്ക് ബാലൻസുകളിലേക്കും കനം കൂട്ടാൻ കല്ലായാലും, മുള്ളായാലും, മുരടായാലും, കാഞ്ഞീരകുറ്റിയായാലും അവിടെ ഒരു ആരാധനാകേന്ദ്രമാക്കിമാറ്റാൻ അവർക്ക് യാതൊരു മടിയുമില്ല. അത്തരത്തിലൊന്നാണ് നാട്ട് കല്ല് മഖാമും.

# മൂന്നുപെറ്റുമ്മ ജാറം

**അമീർ ഒതുക്കുങ്ങൽ**

ദർഗ്ഗകൾ കഥപറയുമ്പോൾ എന്ന അന്വേഷണ പരമ്പരക്ക് തുടക്കമിടുമ്പോൾ മനസ്സിലുണ്ടായിരുന്നത്, കേരളത്തിൽ ഇന്ന് സമസ്തക്കാർ കൊ ുനടക്കുന്ന ഔലിയാക്കളെന്ന് വിളിക്കുന്ന ചിലരുടെ ജീവചരിത്രവും അവ ഇസ്‌ലാമുമായി എത്രത്തോളം ബന്ധമുണ്ട് എന്നത് ഖുബൂരികൾതന്നെ പുറത്തിറക്കിയ പുസ്തകങ്ങളിലൂടെതന്നെ വിലയിരുത്തുക എന്നതുമായിരുന്നു. പക്ഷെ മഖ്ബറകളുടെ ഉള്ളറകൾതേടി ഒരുപറ്റം ഇസ്‌ലാഹി പ്രവർത്തകർ മൂന്നുവർഷത്തോളം ഇന്ത്യയുടെ ഒരറ്റംമുതൽ മറ്റേ അറ്റംവരെയുള്ള ദർഗകളിലൂടെ ചുറ്റിക്കറങ്ങുകയും അവിടെയുള്ള അന്തേവാസികളിൽനിന്നുതന്നെ അഭിമുഖങ്ങൾ തയ്യാറാക്കി അത് വിലയിരുത്തുകയും ചെയ്തപ്പോൾ ഞെട്ടിക്കുന്ന വിവരങ്ങളാണ് ലഭ്യമായത്. പലപ്പോഴും ഇവർ മുസ്‌ലിംകളോ അതോ ഹൈന്ദവരോ അതുമല്ലെങ്കിൽ ഇസ്‌ലാമിന്റെ പേരിൽ പ്രവർത്തിക്കുന്ന പുതിയൊരു മതവിഭാഗമോ എന്ന് ആത്മാർത്ഥമായും തോന്നിപ്പോകുന്ന രീതിയിലായിരുന്നു ഓരോ ദർഗയിലേയും അവിടുത്തെ വിചിത്രമായ വിശ്വാസ ആചാരങ്ങളുടേയും രീതി. ഹൈന്ദവ വിശ്വാസാചാരങ്ങളും ശീഇസവും സൂഫിസവും കൂട്ടിക്കുഴച്ച ഒരു അവിയൽ വിശ്വാസാചാരമാണ് ദർഗകളുമായി ബന്ധപ്പെട്ടു നടക്കുന്നത്. അതുകൊണ്ടുതന്നെ ഏതൊരു ദർഗയിലേയും വിശ്വാസാചാരങ്ങൾ ഇസ്‌ലാമല്ലാത്ത ഏത് മതവിശ്വാസികൾക്കും ഉൾകൊള്ളാനും ആചരിക്കാനും മാത്രം വിശാലമാണ്. കേരളത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന ദർഗകളിലെ ഭക്തന്മാരിൽ നല്ലൊരു ശതമാനവും ഹൈന്ദവരായത് ഇതുകൊണ്ടാണ്. ഇസ്‌ലാമിലെ ഏക ദൈവ വിശ്വാസത്തിലും ഏകദൈവം വിളംബരം ചെയ്ത ആചാരങ്ങളിലും തൃപ്തിയും അനുഭൂതിയും ലഭിക്കാത്ത ഖുബൂരികൾ ദർഗകളിൽ സായൂജ്യം കണ്ടെത്തുമ്പോൾ മുപ്പത്തിമുക്കോടി ദേവകളെ പൂജിക്കുന്ന ഹൈന്ദവ വിശ്വാസികളും ദർഗകളിൽ അഭയം കണ്ടെത്തുന്നു. ഒരേ സമയം പൊട്ടുതൊടുകയും അതിന് മുകളിൽ തൊപ്പിധരിക്കുകയും ചെയ്യുന്ന വിചിത്രമനുഷ്യരേയും അവരുടെ ആചാരങ്ങളേയും കാണണമെങ്കിൽ ദർഗകളിൽ തന്നെ പോകണം. ''ഞാനാരാധിക്കുന്നതിനെ നിങ്ങൾ ആരാധിക്കുന്നില്ല, നിങ്ങൾ ആരാധിക്കുന്നതിനെ ഞാൻ ആരാധിക്കുകയുമില്ല, നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്കെന്റെ മതം'' എന്ന കണിശവും കർക്കശവുമായ വിശ്വാസനിലപാടാണ് പരിശുദ്ധ ഖുർആനിന്റേതെങ്കിൽ ഖുർആനിൽനിന്നും ബഹുദൂരം അകന്ന ഖുബൂരികൾ ഹൈന്ദവിശ്വാസ ആചാരങ്ങൾ കടമെടുക്കുന്നതും ഇത്തരം ദർഗകളിൽ ഹൈന്ദവർ കുത്തിമറിയുന്നതും പുതുമയല്ല. ഇന്ത്യയിലെ പല ദർഗകളിലും ഹൈന്ദവ വിശ്വാസാചാരങ്ങളുടെ സ്വാധീനം വളരെ വലുതാണ്. ഹൈന്ദവർക്ക് നിലവിളക്കുണ്ടെങ്കിൽ ഖുബൂരികൾക്കുമുണ്ട് നിലവിളക്ക്. ആ വിളക്കിന്റെ തട്ടുകൾക്കനുസരിച്ചാണ് ശിർക്കും തൗഹീദും വേർതിരിയുന്നതെന്ന പരിഹാസ്യമായ ഫത്‌വകളും ഇവിടെ ജന്മം കൊണ്ടിട്ടുണ്ട്. നിലവിളക്കുമായി ബന്ധപ്പെട്ട ഒരു ചോദ്യം പൊന്മള അബ്ദുൽ ഖാദർ മുസ്‌ലിയാരോട് ചോദിച്ചപ്പോൾ ലഭിച്ച മറുപടി, ''ഹൈന്ദവ നിലവിളക്കിന് ഒരുപാട് തട്ടുകളുണ്ടെന്നും നമ്മുടേതിന് അതില്ല'' എന്നുമായിരുന്നു. ഹൈന്ദവ ക്ഷേത്രങ്ങളിൽ ശയനപ്രദക്ഷിണമുണ്ടെങ്കിൽ ദർഗകളിലുമുണ്ട് ശയനപ്രദക്ഷിണം. ക്ഷേത്രങ്ങളിൽ തുലാഭാരമുണ്ടെങ്കിൽ ദർഗകളിലുമുണ്ട് തുലാഭാരം. രണ്ടിടങ്ങളിലും ഇല്ലാത്ത ഒരേയൊരു സാധനം മാത്രമേയുള്ളൂ. അതാണ് ഏകദൈവ ആരാധന. ഹൈന്ദവ വിശ്വാസപ്രകാരം സൃഷ്ടികളെ പരിപാലിക്കേണ്ട ഉത്തരവാദിത്വങ്ങളും ജോലികളും ദൈവങ്ങൾക്ക് വിഭജിച്ചുനൽകിയിരിക്കുകയാണ്. സൃഷ്ടിപ്പ് ബ്രഹ്മാവിന്റേതാണെങ്കിൽ സംഹാരം ശിവന്റേതാണ്. ഐശ്വര്യത്തിനും സമ്പത്തിനും ഒരു ദേവിയാണെങ്കിൽ അറിവിന് മറ്റൊരു ദേവി

യാണ്. വിഘ്നം നീക്കാൻ ഗണപതിയാണ്. അങ്ങനെയങ്ങനെ പോകുന്നു അവരുടെ വിചിത്രമായ വിശ്വാസാചാരം.

ഏതാണ്ട് അതിനോട് സമാനമോ അല്ലെങ്കിൽ അതിനപ്പുറമോ ആണ് ക്വുബൂരികൾ കൊണ്ടുനടക്കുന്ന പല ദർഗകളിലേയും വിശ്വാസാചാരങ്ങൾ. സന്താനസൗഭാഗ്യത്തിന് ഒരു ദർഗ. പാമ്പിൻ വിഷത്തിന് വേറൊരു ദർഗ. മംഗല്യ സൗഭാഗ്യത്തിന് മറ്റൊരു ദർഗ. തടസ്സങ്ങൾ നീങ്ങാൻ വേറൊന്ന്. അൽഭുതകരവും അമ്പരപ്പിക്കുന്നതുമാണ് ക്വുബൂരി ചര്യകൾ. ഹൈന്ദവ സന്യാസങ്ങളിൽ നിന്ന് ഊർജ്ജം ഉൾകൊണ്ട സൂഫിസവും ആ സൂഫികളെ കെട്ടുപിണഞ്ഞുകിടക്കുന്ന ദർഗാസമ്പ്രദായങ്ങളും അവിടെ നടക്കുന്ന ആചാരങ്ങളും ഇസ്ലാമികമായിരിക്കണമെന്ന് നാം ആഗ്രഹിക്കുന്നതാണ് അന്യായം.

ഇസ്ലാമിന്റെ പേരിൽ നടക്കുന്ന ഈ പേക്കൂത്തുകൾ പലതും മുജാഹിദുകൾ വെളിച്ചത്ത് കൊണ്ടുവന്നപ്പോൾ, പൊതുജനം അതുകണ്ട് മൂക്കത്ത് വിരൽവെച്ചപ്പോൾ ''അതെല്ലാം ഉത്തരേന്ത്യയിലാണെന്നും ആ രക്തത്തിൽ ഞങ്ങൾക്ക് പങ്കില്ലെന്നും'' പറഞ്ഞ് കൈ കഴുകാനാണ് സമസ്തയുടെ പിലാത്തോസുമാർ ശ്രമിച്ചത്. ഇസ്ലാമിനോടുള്ള സ്നേഹംകൊണ്ടൊന്നുമല്ല അങ്ങനെ തടിയൂരാൻ ഈ പുരോഹിതന്മാരെ പ്രേരിപ്പിച്ചത്. മറിച്ച്, തങ്ങൾ പറയുന്നതെല്ലാം അണ്ണാക്ക് തൊടാതെ വിഴുങ്ങുന്ന ഒരു തലമുറയല്ല ഇപ്പോൾ ഉള്ളതെന്ന തിരിച്ചറിവും മുജാഹിദുകൾ ഇവിടെ ശക്തരാണെന്ന ഭയപ്പാടുമാണ് അവരെ അങ്ങനെ പറയാൻ പ്രേരിപ്പിച്ചത്. എന്നാൽ ഇതെല്ലാം നടക്കുന്നത് ഉത്തരേന്ത്യയിലാണോ? അല്ല. കേരളത്തിലും സമസ്ത ക്വുബൂരികളുടെ ഇടയിൽ ഇത്തരം ആചാരങ്ങൾ നടക്കുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിലെ മൂന്നുപെറ്റുമ്മജാറം ഇത്തരത്തിൽ പെട്ട ഒന്നാണ്.

നാലുദർഗകളാണ് ഇവിടെയുള്ളത്. മൂന്നുമക്കളുടേയും ഒരു മാതാവിന്റെയും എന്നാണ് ഐതിഹ്യം. എന്നാൽ ഏതാണ് ഈ പെറ്റുമ്മയെന്നോ ആരാണ് അവരുടെ മക്കളെന്നോ ചോദിച്ചാൽ കൈ മലർത്താൻ മാത്രമാണ് ദർഗയുടെ അന്തേവാസികൾക്കുപോലും സാധിക്കുന്നത്. ഏതാണ് ഈ മൂന്ന് പെറ്റുമ്മ? എവിടുത്തുകാരിയാണവർ? അവർ മുസ്ലിമായിരുന്നുവോ? അവരുടെ ചരിത്രമെന്ത്? ആ ചരിത്രത്തിൽ ഇസ്ലാമിന്റെ അംശമുണ്ടോ? അതോ അങ്ങനെയൊരു പെറ്റുമ്മതന്നെയുണ്ടോ? അതുമല്ലെങ്കിൽ ഈ ദർഗകൾക്കുള്ളിൽ ശവത്തിന്റെ എന്തെങ്കിലും ഒരുഅംശമുണ്ടോ? അറിയില്ല. മുള്ളിലും മുരടിലും കല്ലിലും കരടിലുമെല്ലാം ഭക്തിയുടെ സായൂജ്യം കണ്ടെത്തുന്ന ക്വുബൂരികൾക്ക് അത് അറിയണമെന്നുമില്ല.

വർഷങ്ങൾക്ക് മുമ്പ് കാടുപിടിച്ച് മനുഷ്യവാസമില്ലാതെ കിടന്നിരുന്ന സ്ഥലമാണിത്. അക്കാലത്ത് ഈ സ്ഥലത്ത് ഒരു പള്ളിയുണ്ടായതായി പറയപ്പെടുന്നുണ്ട്. കാട്ടിൽപള്ളി എന്ന പേര് വരാൻ കാരണം ഇതാണ്. വിറക് പെറുക്കാനോ മറ്റോ ഈ കാട്ടിൽ വന്ന സ്ത്രീകളാരോ ഇവിടെ ഒരു സ്ത്രീ പ്രസവിച്ചുകിടക്കുന്നതായി കണ്ടു എന്നതാണ് ഐതിഹ്യത്തിന്റെ തുടക്കം. ആ സ്ത്രീകൾ ആളുകളെ കൂട്ടിച്ചെന്നപ്പോൾ ഈ സ്ത്രീയും മൂന്നുമക്കളും മറപെട്ടുകിടക്കുന്നതായി കണ്ടത്രേ. അവിടെ തുടങ്ങുന്നു കെട്ടുകഥകൾ. ഈ സ്ത്രീ അറേബ്യയിൽനിന്നും വന്ന ഒരു ബീവിയാണെന്നതായിരുന്നു ആദ്യത്തെ വെടി. ഈ സ്ത്രീയേയും മക്കളേയും ജീവനോടെ കണ്ടവരോ സംസാരിച്ചവരോ ആരുമില്ല. പിന്നെങ്ങനെയാണ് അറേബ്യയിൽനിന്ന് വന്നതാണെന്ന് ക്വുബൂരികൾക്ക് മനസ്സിലായത്? എങ്ങനെയാണ് അത് ബീവിയാണെന്ന് മനസ്സിലായത്? ആ മയ്യിത്തിന്റെ അരികിൽ നിന്ന് വല്ല പാസ്പോർട്ടോ മറ്റുവല്ല തിരിച്ചറിയൽ കാർഡോ ക്വുബൂരികൾക്ക് കിട്ടിയോ? ഇനി അങ്ങനെയൊരു സ്ത്രീയേയും കുട്ടിയേയും കണ്ടിട്ടുണ്ടെങ്കിൽതന്നെ ഒരുപക്ഷെ ഏതെങ്കിലും നാട്ടിൽ നിന്ന് തെണ്ടിത്തിരിഞ്ഞുവന്ന ആരോരുമില്ലാത്തവരായിരിക്കാം. ഒരുപക്ഷെ പട്ടിണികിടന്ന് മരിച്ചതാകാം. അല്ലെങ്കിൽ വല്ല കാട്ടുമൃഗങ്ങളോ മറ്റുവല്ല നരാധമന്മാരോ വകവരുത്തിയതാകാം. എന്നിട്ടാരുമറിയാതെ കുഴിച്ചിട്ടതാകാം. യാഥാർത്ഥ്യത്തോട് അടുത്തുനിൽക്കുന്നത് ഇതൊക്കെയാണ്. മറ്റുരീതിയിലുള്ള പ്രചാരണങ്ങൾ വെറും മിഥ്യാസങ്കൽപങ്ങളാണ്. ഒരു ബീവിയെന്ന വാഴ്ത്തപ്പെടലുകൾക്ക് പിൻബലമുണ്ടാക്കാനായിരിക്കാം സ്വദേശം അറേബ്യയാക്കി

ഖുബൂരികൾ അവതരിപ്പിച്ചത്. ഈ സ്ത്രീ മുസ്‌ലിമാണോ എന്നതിന് യാതൊരു രേഖയുമില്ല. മറിച്ച്, അമുസ്‌ലിമാകാനാണ് സാധ്യതയേറെയും. കാരണം, അറേബ്യയിലുള്ള ഒരു ബീവിക്ക് തെണ്ടിത്തിരിഞ്ഞ് മരിക്കാനായി മാത്രം കണ്ണൂരിലെ പാപ്പിനിശ്ശേരിയിൽ എത്തേണ്ട കാര്യമില്ല. ഈ സ്ഥലം അക്കാലത്ത് ഒരു അമുസ്‌ലിമിന്റെ കയ്യിലായിരുന്നുതാനും.

ഇതിന് മറ്റൊരു ഐതിഹ്യം കൂടിയുണ്ട്. പണ്ടുകാലത്ത് ആരുടെയൊക്കെയോ പശുക്കൾ ഈ സ്ഥലത്ത് മേഞ്ഞുനടക്കുകയും ആ പശുക്കളെ ആരോ അടിച്ചുവീഴ്ത്തുകയും ചില രാത്രികളിൽ അവിടം വെളിച്ചം കാണാറുണ്ടായിരുന്നുവെന്നും പ്രചരിച്ച ചില കഥകളുടെ അടിസ്ഥാനം ചില ആലിമീങ്ങളോട് അന്വേഷിച്ചപ്പോൾ അവർ പുറത്തുവിട്ടതാണത്രേ മൂന്നുപെറ്റുമ്മക്കഥ. ചുരുക്കിപ്പറഞ്ഞാൽ ഇതിന്റെ ഉറവിടം അന്വേഷിക്കാൻ മിനക്കെട്ടാൽ ഉള്ളിത്തോല് പൊളിച്ചതുപോലെ അവസാനം ശൂന്യമായി മാറും.

എന്നാൽ എന്തുകഥ കിട്ടിയാലും അതിന്മേൽ കെട്ടിമറിയുന്ന ഖുബൂരികൾക്ക് ഈ മൂന്ന് പെറ്റുമ്മക്കഥയും വിശ്വസിച്ച് അംഗീകരിക്കാൻ യാതൊരു പ്രയാസവുമുണ്ടായില്ല. അവർ അത് വിശ്വസിച്ചു. ഭക്തി തേടി അവിടെയെത്തി. ഒരു ശിർക്കിന്റെ കേന്ദ്രംകൂടി തുറക്കപ്പെട്ടു. തങ്ങളാൽ ആകും വിധം ഓരോരുത്തരും കള്ളക്കറാമത്തുകൾ പ്രചരിപ്പിച്ചു. ഇന്ന് ഖുബൂരികൾക്ക് ഒഴിച്ചുകൂടാനാവാത്ത ഒരു കേന്ദ്രമാണ് മൂന്നുപെറ്റുമ്മജാറം. സ്ത്രീകളുടെയും കുട്ടികളുടെയും സ്പെഷ്യലിസ്റ്റാണ് ഈ ജാറം. സ്ത്രീകളേയും കുട്ടികളേയും ബാധിക്കുന്ന എന്ത് പ്രശ്നങ്ങളും ഇവിടെനിന്ന് പരിഹരിക്കപ്പെടുമെന്ന് അന്ധവിശ്വാസികളായ ഖുബൂരികൾ ഉറച്ചുവിശ്വസിക്കുന്നു.

പത്ത് വർഷം മുമ്പുവരെ ചന്തയും മറ്റു കച്ചവടങ്ങളും ഈ ദർഗയുടെ കോമ്പൗണ്ടിൽതന്നെയായിരുന്നു. ഇന്നതൊന്നുമില്ല. പകരം എരിവും പുളിവും ആവശ്യത്തിലുമപ്പുറം ചേർത്ത് ശിർക്ക് അഭംഗുരം വിറ്റുകൊണ്ടിരിക്കുന്നു. ഇവിടുത്തെ വഴിപാടുകളും നേർച്ചകളും അതിവിചിത്രങ്ങളും പരിഹാസ്യവുമാണ്. സ്ത്രീകളുടെ ആർത്തവസംബന്ധമായ ക്രമക്കേടുകൾക്കുപോലും ഇവിടം നേർച്ചയർപ്പിക്കപ്പെടുന്നു എന്നതാണ് രസകരം. കുഞ്ഞുടുപ്പുകൾ, പട്ടുവസ്ത്രങ്ങൾ, ചുവപ്പുകൊടി എന്നിവയാണ് ഇവിടുത്തെ പ്രധാന നേർച്ചവസ്തുക്കൾ. സ്ത്രീകൾക്കുണ്ടാകുന്ന ക്രമം തെറ്റിയ ആർത്തവത്തിനാണത്രേ ചുവപ്പുകൊടി നേർച്ചയാക്കുന്നത്. തമിഴ്നാട്ടിലും കർണ്ണാടകയിലുമുള്ള ചില ക്ഷേത്രങ്ങളിൽ ഇത്തരം ആചാരങ്ങൾ കണ്ടുവരാറുണ്ട്. അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്ത് ഞങ്ങളാണ് നിലനിറുത്തിപ്പോരുന്നത് എന്ന് നാഴികക്ക് നാൽപത് വട്ടം ആക്രോശിക്കുന്ന സമസ്ത പണ്ഡിതന്മാരുടെ മൂക്കിൻചുവട്ടിലാണ് ഈ വക പേക്കൂത്തുകൾ നടമാടുന്നത് എന്ന് ഓർക്കുക. ആർക്കും പ്രതിഷേധമില്ല. പരിഭവവുമില്ല. മഹല്ലിൽ നിന്ന് പുറത്താക്കലില്ല. ബഹിഷ്കരണവുമില്ല. കാരണം വ്യക്തമാണ്. ഇത്തരം ദർഗകളിൽ നടക്കുന്ന 'കറാമത്തു'കളുടെ വിറ്റാദായങ്ങളുടെ ഒരു ഓഹരി ഈ പുരോഹിതന്മാരുടെ പോക്കറ്റിലും വന്നുവീഴുന്നുണ്ട്. കാശ് കിട്ടിയാൽ പാറ ചേറാക്കിമാറ്റാനുള്ള ഏത് ഫത്‌വകളും ന്യായീകരണങ്ങളും ഇവരുടെ പക്കൽ റെഡിയാണല്ലോ. തങ്ങളുടെ അനുയായികൾ ചെയ്യുന്നത് ഹൈന്ദവ വിശ്വാസമായാലും സാക്ഷാൽ ജൂത ആചാരമായാലും കേരളത്തിലെ ഖുബൂരി പണ്ഡിറ്റുകൾക്ക് യാതൊരു പ്രശ്നവുമില്ല. ഹൈന്ദവ മഠങ്ങളിലും ക്രിസ്ത്യൻ ധ്യാനകേന്ദ്രങ്ങളിലും തങ്ങളുടെ അനുയായികളുടെ പങ്ക് വലുതാണ് എന്ന് തിരിച്ചറിഞ്ഞ ഖുബൂരി പൗരോഹിത്യം ഇപ്പോൾ അതിന് തടയിടാൻ ശ്രമിക്കുന്ന മാർഗ്ഗങ്ങൾ ഇതൊക്കെയാണ്. ആ ആചാരങ്ങൾ പൂർണമായും ഇസ്‌ലാമീകരിക്കുക. അതിന് ഏതെങ്കിലും ഒരു ജാറം കിട്ടിയാൽ മതി. പേരൊക്കെ അനുയോജ്യമായത് ഖുബൂരികൾ കണ്ടെത്തും. നാലെണ്ണം പെറ്റതാണെങ്കിൽ നാല് പെറ്റുമ്മജാറം. ഒന്നു പെറ്റതാണെങ്കിൽ ഒന്നുപെറ്റുമ്മ ജാറം. ഇനി ഒന്നും പെറാത്തതാണെങ്കിൽ മച്ചിയുമ്മ ജാറം. പേരിനാണോ ഖുബൂരികൾക്ക് പഞ്ഞം. അല്ലെങ്കിൽ ഒരു പേരിലാണോ ഖുബൂരികളുടെ 'കറാമത്തു'കൾ നിലകൊള്ളുന്നത്?

# എരുമാട് മഖാം

**അമീർ ഒതുക്കുങ്ങൽ**

സ്വർഗ്ഗത്തിലേക്കടുക്കുവാനും നരകത്തിൽ നിന്ന് അകലുവാനുമുള്ള ഒരു മാർഗ്ഗവും ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാതെ പോയിട്ടില്ല എന്നാണ് മഹാനായ റസൂൽ(സ) നമ്മോട് പറഞ്ഞത്. പക്ഷെ നബി തങ്ങളേക്കാൾ വലിയ ഔലിയാക്കളേയും സ്വഹാബത്തിനേക്കാൾ വലിയ നബി സ്നേഹികളേയും ഈ സമുദായത്തിന് മുന്നിൽ അവതരിപ്പിച്ച് അതിര് കവിഞ്ഞ ഖുറാഫികൾ മതത്തിന്റെ പേരിൽ കെട്ടിയു ാക്കിയ വിശ്വാസങ്ങളും ആചാരങ്ങളും കുറച്ചൊന്നുമല്ല. സ്വർഗ്ഗത്തിലേക്കടുക്കുവാനുള്ള പലകാര്യങ്ങളും നബി തങ്ങൾ പൂഴ്ത്തിവെച്ച് വഫാത്തായിപ്പോയി എന്ന മട്ടിലാണ് പുരോഹിതന്മാരുടെ നടപടികൾ. തന്റെ സമുദായത്തിൽ വരുംകാലങ്ങളിൽ സംഭവിക്കാനുള്ള ദുരന്തങ്ങളും വിശ്വാസവൈകല്യങ്ങളും വഹ്‌യിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി കാണുകയും പ്രവചിക്കുകയും ചെയ്ത മുത്തുനബി അങ്ങനെയുള്ള ഘട്ടത്തിൽ തന്റെ ചര്യയിലേക്കും പരിശുദ്ധ ക്വുർആനിലേക്കും മടങ്ങണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു. ഏതൊരു സാധാരണക്കാരനും മരണാസന്നനായി കിടക്കുമ്പോൾ തന്റെ കുടുംബാംഗങ്ങളെ ഓർമ്മിപ്പിക്കുക അതിപ്രാധാന്യമുള്ള സംഗതികളായിരിക്കും. അതൊരുപക്ഷേ തന്റെ മക്കൾക്ക് വരാനിരിക്കുന്ന ഗുണങ്ങളെക്കുറിച്ചാകാം. അല്ലെങ്കിൽ സംഭവിക്കാനിരിക്കുന്ന ഒരു മഹാദുരന്തത്തെക്കുറിച്ചുള്ള മുന്നറിയിപ്പാകാം. മുൻകഴിഞ്ഞ സമുദായങ്ങൾക്ക് സംഭവിച്ച അപകടകരമായ ഒരുപാളിച്ചയെക്കുറിച്ച് ഓർമ്മിപ്പിക്കുകയും അത്തരം ഒന്ന് തന്റെ സമുദായത്തിന് വരാതിരിക്കാൻ മുന്നറിയിപ്പ് നൽകുകയും ചെയ്തുകൊണ്ടാണ് മഹാനായ റസൂൽ(സ്വ) നമ്മോട് വിടപറഞ്ഞത്. 'ജൂത ക്രിസ്ത്യാനികളെ അല്ലാഹു ശപിച്ചിരിക്കുന്നുവെന്നും അവർ തങ്ങളുടെ പ്രവാചകന്മാരുടെ ക്വബ്റുകളെ ആരാധനലായങ്ങളാക്കി'യെന്നും വഫാത്തിന്റെ സമയത്ത് നബി തങ്ങൾ ആവർത്തിച്ചുപറഞ്ഞത് അത്തരം ഒരു വിശ്വാസ വ്യതിചലനം തന്റെ സമുദായത്തിന് വന്നുഭവിക്കുമെന്ന് ഭയപ്പെട്ടതുകൊണ്ടുതന്നെയായിരുന്നു. നബി തങ്ങൾ എന്താണോ ഭയപ്പെട്ടിരുന്നത് അത് അക്ഷരാർത്ഥത്തിൽതന്നെ സംഭവിച്ചുകൊണ്ടിരിക്കുകയാണ് ഇന്ന്. പക്ഷെ ഈ വിഷയത്തിൽ ജൂതക്രൈസ്തവരെപ്പോലും കവച്ചുകൊണ്ടാണ് മുസ്‌ലിം സമുദായത്തിന്റെ പോക്ക്. ക്രൈസ്തവർ അവരുടെ പ്രവാചകന്മാരുടേയോ അല്ലെങ്കിൽ പുണ്യാത്മാക്കളുടേയോ ക്വബ്റുകൾ മാത്രമാണ് കെട്ടിപ്പൊക്കൽ. കേരളത്തിലെ ക്രൈസ്തവ സമുദായത്തെ എടുത്ത് പരിശോധിച്ചാൽ അവർക്കിടയിൽ പോലും ഇന്ന് ജാറസമ്പ്രദായം തുലോം തുച്ഛമാണ്. ഒരു ആയുഷ്കാലം മുഴുവൻ തങ്ങളുടെ സഭക്കുവേണ്ടി സേവനം അനുഷ്ഠിച്ച് 'മാതൃകാജീവിതം' നയിച്ച് മരണപ്പെട്ടുപോയവരുടെ പേരിൽ മാത്രമാണ് അവർ ജാറം പണിയാറ്. എന്നാലും ആ പുണ്യാത്മാവിനോട് അവർ നേരിട്ട് പ്രാർത്ഥിക്കാറുമില്ല. അവരെ ഇടയാളരാക്കി യേശുവിനോട് പ്രാർത്ഥിക്കാറാണ് പതിവ്.എന്നാൽ ഈ ഉത്തമ സമുദായത്തിന്റെ സ്ഥിതി അതിലും പരിതാപകരമാണ്. ഏത് അണ്ഡന്റെയും അടകോടന്റെയും ശവം കിട്ടിയാലും കുഴിച്ചിട്ട് ദർഗകൾ കെട്ടാൻ മാത്രം ഈ സമുദായത്തിലെ ഒരു വിഭാഗം മാറിയിരിക്കുന്നു എന്നതാണ് ദുഖകരം. ഓച്ചിറയിലെ ദാമോദരനെ ഖുറാഫികൾ ഉപ്പാപ്പയാക്കിയും അയാളുടെ ദർഗ കാന്തപുരം ഉദ്ഘാടനം ചെയ്തതും നമുക്കറിയാം. ഇവിടെ ആർക്കാണ് ഭ്രാന്ത്? സമസ്തക്കാരുടെ ഔലിയാക്കൾക്കോ അതോ ഭ്രാന്തന്മാരെ പിടിച്ച് ഔലിയാക്കളാക്കിയ പണ്ഡിതഷണ്ഡന്മാർക്കോ?

തങ്ങൾ നിർമ്മിച്ചെടുത്ത ജാറത്തിനും അതിനെ ചുറ്റിപറ്റി മെനഞ്ഞെടുക്കുന്ന കള്ളക്കറാമത്ത് കഥകൾക്കും മേൽവിലാസവും വിശ്വാസ്യതയും ലഭിക്കാൻ ഇവർ കണ്ടെത്തിയ ഒരു ഒറ്റമൂലി

പ്രയോഗമാണ് മക്കയും മദീനയും. ഇവരുടെ ഓരോ ഔലിയയും മക്കയിലും മദീനയിലും ജനിച്ച വരായാണ് പരിചയപ്പെടുത്താറ്. അല്ലെങ്കിൽ 'അറേബ്യയിൽ' എന്ന് ഒറ്റവാക്കിൽ പറയും. അറേ ബ്യയിൽ എവിടെ? ഇങ്ങനെ ഒരു വലിയ്യിനെക്കുറിച്ചോ അയാളുടെ പരമ്പരയെക്കുറിച്ചോ അറേ ബ്യയിൽ ആർക്കെങ്കിലും അറിയുമോ? അതൊന്നുമില്ല. ഒരുവിധം 'ഔലിയാ'ക്കളൊക്കെ അറേബ്യ യിൽവെച്ച് നബി തങ്ങൾ സ്വപ്നത്തിലൂടെ വന്ന് ഇന്ത്യയിലേക്ക് റിക്രൂട്ട് ചെയ്തവരാണ്. ചിലർക്ക് സ്വപ്നത്തിലാണെങ്കിൽ മറ്റുചിലർക്ക് നബിതങ്ങൾ ക്വബ്റിൽനിന്ന് പുറത്തേക്ക് കയ്യുംകാലും നീട്ടി ഇന്ത്യയിലേക്കുള്ള റൂട്ട് വരെ കാണിച്ചുകൊടുത്തവരുണ്ടത്രെ.?

അങ്ങനെ അറേബ്യയിൽ ജനിച്ച ഒരാളായാണ് കുടക് ജില്ലയിലെ എരുമാട് മഖാമിൽ കിടക്കു ന്നുവെന്ന് പറയപ്പെടുന്ന സൂഫീ ശഹീദിനെപ്പറ്റിയും ഇവർ പരിചയപ്പെടുത്തുന്നത്. മദീന യിൽനിന്നും ഭാരതത്തിലെത്തി പല നാടുകളിൽ തെണ്ടിത്തിരിഞ്ഞ് അവസാനം മൈസൂരിനടുത്ത ഒരു മലമുകളിൽ ദിവസങ്ങളോളം താമസിച്ച ശേഷം കുടക് ജില്ലയിലെ വീരാജ്പേട്ട താലൂക്കിൽ പൊന്നംപേട്ടക്കടുത്ത കൂറ്റനാട് എന്ന സ്ഥലത്ത് ഒരുപുഴവക്കിൽ സൂഫീ ശഹീദ് സ്ഥിരതാമസമാ ക്കിയത്രേ. കൂടെ ഒരു സ്ത്രീ ഉണ്ടായിരുന്നതായും പറയപ്പെടുന്നു. ആ സ്ത്രീ ഏതായാലും ഭാര്യ യായിരുന്നില്ല. അതാരാണെന്ന് ഒരു ഉറപ്പും സൂഫീ ശഹീദിന്റെ കറാമത്ത് പുസ്തകത്തിൽ കാണു ന്നുമില്ല. ഈ സ്ഥലത്തുവെച്ച് സൂഫീ ശഹീദ് ഒരുപിടി മണ്ണുവാരി അടുപ്പിലുള്ള പാത്രത്തിലിട്ട് അത് ഭക്ഷണമായി മാറ്റിയെന്നും പുസ്തകത്തിൽ തട്ടിവിടുന്നുണ്ട്. പക്ഷെ 'മഹാനവർകളുടെ' കറാമത്തുകൊണ്ട് പലർക്കും പലനേട്ടങ്ങളും കിട്ടിയതായി പുസ്തകത്തിൽ പറയുന്നുണ്ടെങ്കിലും ദർഗയുടെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് നിത്യചെലവിന് ബുദ്ധിമുട്ടാണെന്നും എല്ലാവരും സഹാ യിക്കണമെന്നും പുസ്തകത്തിലുണ്ട്. ഏതായാലും ക്വുബൂരികളുടെ ഔലിയാക്കന്മാർ എല്ലാ അനു ഗ്രഹവും ചെയ്യുമെങ്കിലും നോട്ടടിക്കുന്ന പണിമാത്രം അവർക്കില്ല എന്നതാണ് രസകരം. സൂഫീ ശഹീദ് ധ്യാനിച്ചിരുന്ന ആ സ്ഥലം ഇന്ന് പുണ്യസ്ഥലമായിട്ടാണ് ഭക്തർ കാണുന്നത്. ഈസ്ഥല ത്തുകൂടി ഒരു പാലം പണിയണമെന്ന് ബ്രിട്ടീഷുകാർ തീരുമാനിച്ചിരുന്നെങ്കിലും അതിന് ശ്രമിച്ച പ്പോൾ കാട്ടിൽനിന്നും കുറെ പുലികൾ കൂട്ടമായി വന്ന് ഉദ്യോഗസ്ഥന്മാരേയും എഞ്ചിനീയർമാ രേയും തുരത്തിയത്രേ. ജനങ്ങളുടെ പുരോഗതിക്കാണല്ലോ റോഡും പാലവുമൊക്കെ. അതിനും തടസ്സം നിൽക്കുന്നവരാണ് ഇതുപോലെയുള്ള 'ഔലിയാക്കന്മാർ' എന്നാണ് നമുക്ക് മനസ്സിലാവു ന്നത്.

നിരവധി വർഷത്തെ ജീവിതത്തിന് ശേഷം ഇയാളുടെ മരണവും പുസ്തകത്തിൽ വിവരിക്കു ന്നുണ്ട്. ശത്രുക്കൾ സൂഫീ ശഹീദിനെ ചതിയിലൂടെ വകവെരുത്താൻ തീരുമാനിക്കുകയും അതി നുവേണ്ടി കൂടെയുള്ള സ്ത്രീയെതന്നെ തങ്ങളുടെ ഗൂഢാലോചനയിൽ ചേർക്കുകയും ചെയ്ത ത്രെ. പതിവുപോലെ ഒരുദിവസം വീട്ടിലേക്ക് കയറിവന്ന സൂഫീശഹീദിനെ വീട്ടിൽ ഒളിച്ചിരുന്ന അക്രമികൾ വെടിവെച്ചുവീഴ്ത്തുകയും ചെയ്തത്രെ. വെടികൊണ്ട സൂഫീശഹീദ് അടുത്തുള്ള ഒരു പാടത്തിന് നടുവിലുള്ള പാറയിലേക്ക് ഇഴഞ്ഞുചെന്ന് അതിൽ കിടന്നു. മൂന്നുദിവസം ഇദ്ദേഹ ത്തിന് ദാഹം തീർത്തുകൊടുത്തത് ഒരു പശുവായിരുന്നുപോലും. ഓരോ ദിവസവും പശുവന്ന് വായിലേക്ക് പാൽചുരത്തിക്കൊടുക്കുമായിരുന്നുപോലും. കുടകിലെ മുഴുവൻ ജനങ്ങളുടേയും ആശാകേന്ദ്രമായിരുന്ന ഒരു മനുഷ്യൻ മൂന്നുദിവസം വെടികൊണ്ട് കിടന്നിട്ടും ഒരുകുട്ടിപോലും അത് അറിഞ്ഞില്ല എന്നതാണ് വൈരുദ്ധ്യം. എല്ലാ മറഞ്ഞകാര്യങ്ങളും അറിയുന്ന 'ഔലിയ'യായ സൂഫീ ശഹീദ് തന്നെ കൊല്ലാൻ ശത്രുക്കൾ വീട്ടിൽ ഒളിച്ചിരുന്നതും തന്റെ കൂടെയുള്ള സ്ത്രീ ശത്രുക്കളുടെ കൂടെ കൂടിയതുപോലും അറിഞ്ഞില്ല എന്നതാണ് അതിലും വലിയ വൈരുദ്ധ്യം. ഏതായാലും മൂന്നാംദിവസം പശു ഓടിപ്പോകുന്നത് കണ്ട ഉടമസ്ഥൻ പിറകെ ചെന്നപ്പോഴാണ് സൂഫീ ശഹീദ് മരിക്കാറായി കിടക്കുന്നത് കണ്ടത്. സൂഫി കിടന്നിരുന്ന ആ പാറക്കല്ലും ഇന്ന് ഭക്തന്മാരുടെ ആശാകേന്ദ്രമാണ്. ഈ പാറക്കല്ല് പുണ്യമേറിയതാണെന്ന് വിശ്വസിച്ച് ഭക്തന്മാർ ഇത് ആദരവോടെ സംരക്ഷിച്ചുപോരുന്നു. സത്യത്തിൽ ഈ മനുഷ്യന്റെ പേര് പോലും ആർക്കുമ റിയില്ല. എന്തെങ്കിലും ഒന്ന് വിളിക്കണമല്ലോ എന്ന് കരുതിയാണ് സൂഫീ എന്ന പേരിട്ടത്. കൊല്ല പ്പെട്ടതിന് ശേഷം പേരിന്റെകൂടെ ഒരു ശഹീദും കൂടി ചേർത്തുകൊടുത്തു. അങ്ങനെ സൂഫീ ശഹീദ് ആയിമാറി.

വിലക്കപ്പെട്ട കനി ഭക്ഷിച്ചതുകൊണ്ട് മനുഷ്യരെല്ലാം പാപികളാണെന്ന ക്രൈസ്തവരുടെ ജന്മ പാപസിദ്ധാന്തംപോലെ ഇവിടെയും ഉണ്ട് ഒരു അസാധാരണ വിശ്വാസം. സൂഫിയെ ചതിക്കാൻ കൂട്ടുനിന്നത് ഒരു സ്ത്രീയായതുകൊണ്ട് സ്ത്രീകൾക്ക് ഈ മഖാം സന്ദർശിക്കുന്നതിന് കടുത്ത വിലക്കുള്ളതായും പുസ്തകത്തിൽ കാണുന്നു. സൂഫിയെ കൊല്ലാൻ കൂട്ടുനിൽക്കുക മാത്രമേ സ്ത്രീ ചെയ്തിട്ടുള്ളൂ. കൊന്നത് പുരുഷന്മാർതന്നെയാണ്. അങ്ങനെയാണെങ്കിൽ പുരുഷ ന്മാർക്കും മഖാം സന്ദർശിക്കാൻ വിലക്ക് വേണ്ടേ? അതില്ലതാനും.

മതപരമായ അറവുകൾക്കുവേണ്ടിയും റാത്തീബുപോലുള്ള ചടങ്ങുകൾക്ക് ആവശ്യമായ ഭക്ഷണത്തിനുള്ള ഇറച്ചിക്കും ഇവിടെ മാട് വർഗ്ഗത്തിൽപെട്ട പശു, എരുമ, പോത്ത്, മൂരി, കാള എന്നിവകളെ അറുക്കാറില്ലത്രേ. സൂഫീ ശഹീദിന് മരണസമയത്ത് പാൽകൊടുത്ത പശുവിനോ ടുള്ള ആദരസൂചകമായിട്ടാണത്രേ ഈ സമ്പ്രദായം. പശുവിനോടുള്ള ആദരവ് കാരണം ഗോവധം നിരോധിക്കണമെന്ന് ഹൈന്ദവ വർഗ്ഗീയകക്ഷികൾ ആവശ്യപ്പെടുമ്പോൾ അത് നടപ്പിൽ വരുത്തിയ മുസ്‌ലിം വിഭാഗമാണ് എരുമാട് മഖാമുകാർ. ഇവിടെയുള്ള കറാമത്തിനേയും വിശ്വാ സത്തേയും പരിഹാസരൂപത്തിൽ സമീപിക്കുന്നവരെ നേരിടാൻ മഖാമിനുള്ളിൽ ഒരു തേനീച്ച ക്കൂട്ടം ഉണ്ടത്രേ. പരിഹസിക്കുന്നവരെ തേനീച്ച കുത്തിയോടിക്കുമെന്ന് സാരം. പക്ഷെ ദർഗക ളുടെ പൊള്ളത്തരങ്ങൾ തേടി എത്തുന്ന ഒരു മുജാഹിദ് പ്രവർത്തകനേയും തേനീച്ച പോയിട്ട് ഒരു സാധാ ഈച്ചപോലും ഇവിടെനിന്നും കുത്തിയിട്ടില്ല എന്നത് വേറെകാര്യം.

ഖുറാഫികൾക്ക് ആയിരക്കണക്കിന് ദർഗകൾ ഉ ങ്കിലും സൂഫീശഹീദ് ദർഗയെപ്പോലെ പെട്ടെന്ന് ഉത്തരംകിട്ടുന്ന ദർഗവേറെ ഇല്ലായെന്നും അവകാശപ്പെടുന്നുണ്ട് പുസ്തകത്തിൽ. വിവി ധമതക്കാരുടെ ആരാധനയും ആചാരങ്ങളും കൂട്ടിക്കുഴഞ്ഞ ഒരു സമ്പ്രദായംതന്നെയാണ് എരുമാ ടുമുള്ളത്. ഇവിടത്തെ ഉറൂസ് ഹിന്ദു–മുസ്‌ലിം മതസൗഹാർദ്ദത്തിന്റെ ഉത്തമമാതൃകയായാണ് ഇവർ അവകാശപ്പെടുന്നത്. അത് വായിക്കുക: ''പരിശുദ്ധമായ സ്ഥലത്ത് സിയാറത്തിനായി വരുന്ന ഭക്തജനങ്ങളെ സ്വീകരിക്കുവാൻ സൂഫീ ശഹീദിന്റെ ആരാധനാ മണ്ഡപത്തിന്റെ നടയിൽ ഒരുഭാഗത്ത് നെറ്റിയിൽപൊട്ടും കഴുത്തിൽ രുദ്രാക്ഷമാലയും അണിഞ്ഞ ഹിന്ദുവും മറുഭാഗം മുഖത്ത് താടിയും തലയിൽ തൊപ്പിയും നെറ്റിയിൽ നമസ്കാര തഴമ്പുമുള്ള മുസ്‌ലിമും ഇരുന്നു കൊണ്ട് സ്വീകരിക്കുന്ന കാഴ്ച ഭക്തി സ്ഫുരിക്കുന്നതും മതസൗഹാർദ്ധത്തിന്റെ മകുടോദാഹര ണവുമാണ്. ഈ കാഴ്ച കാണാൻ നാടിന്റെ നാനാഭാഗത്തുനിന്നും ജാതി–മത ഭേദമന്യേ അവിടെ യെത്തുന്നു.'' *(എരുമാട് സൂഫീ ശഹീദ് പേജ്. 16, 17)*

ഇതെല്ലാം നടത്തുന്നത് ഈ ഉത്തമസമുദായത്തിന്റെ മക്കളാണ് എന്നതിലേറെ അത്ഭുതം ഇതി നൊക്കെ സാക്ഷാൽ കാന്തപുരത്തിന്റെയും സഹപണ്ഡിതന്മാരുടേയും അനുഗ്രഹാശിസ്സുകൾ ഉണ്ടെന്നതാണ്. ഇവിടെയുള്ള അനാഥ അഗതി മന്ദിരം കുണ്ടൂർ അബ്ദുൽ ഖാദർ മുസ്‌ലിയാരുടെ പ്രാർത്ഥനയോടെ കാന്തപുരം അബൂബക്കർ മുസ്‌ലിയാരാണ് ഉദ്ഘാടനം ചെയ്തത്. അല്ലെങ്കിലും ഓച്ചിറ ദാമോദരന്റെ ജാറം ഉദ്ഘാടനം ചെയ്ത കാന്തപുരത്തിന് പിന്നെയെന്ത് എരുമാട് മഖാ മിലെ അനാചാരങ്ങൾ?

സൂഫീ ശഹീദിന്റെ മഖാമിനടുത്തുതന്നെ മറ്റൊരു ദർഗയും കൂടിയുണ്ട്. അയാളുടെ പേര് സയ്യിദ് ഹസൻ സഖാഫൽ ഹള്റമി എന്നാണത്രേ. അയാളെപറ്റിയും കുറെ ബഡായി പുസ്തക ത്തിൽ പൊട്ടിക്കുന്നുണ്ട്. അയാളുടെ കറാമത്ത് മൂസാ നബിയുടെ മുഅ്ജിസത്ത്പോലെ പലതും ഉണ്ടത്രേ. ഇസ്‌ലാമിൽ ഒരു പ്രവാചകന്റെ മുഅ്ജിസത്തല്ല മറ്റൊരു പ്രവാചകനുള്ളത്. പക്ഷെ എല്ലാ പ്രവാചകന്മാരുടേയും മുഅ്ജിസത്ത് കറാമത്തിന്റെപേരിൽ ഇവരുടെ ഔലിയാക്കന്മാരി ലുണ്ട് എന്നാണ് ഖുറാഫി പുരോഹിതന്മാർ പ്രചരിപ്പിക്കുന്നത്. എന്തുവിശ്വസിക്കാനും തയ്യാറുള്ള തലയില്ലാത്ത ഒരു സംഘം കൂടെയുണ്ടാകുമ്പോൾ ഇവന്മാർക്ക് എന്താണ് പറഞ്ഞുകൂടാത്തത്.

# മണവാട്ടി ജാറം

**അമീർ ഒതുക്കുങ്ങൽ**

വിവരമില്ലാത്ത പൊതുജനങ്ങൾ വിശ്വാസപരമായി വഴിപിഴക്കുന്നതിന്റെ പ്രധാനകാരണം പുരോഹിതൻമാരുടെ അബദ്ധജടില ഫത്‌വകളും നടപടി ക്രമങ്ങളുമാണ് എന്നതാണ് വസ്തുത. ജനങ്ങൾ തൗഹീദ് ഉൾക്കൊണ്ട് ജീവിക്കാൻ തുടങ്ങിയാൽ തങ്ങൾക്ക് പിന്നീട് പിടിച്ച് നിൽക്കാൻ ആവില്ല എന്നത് പുരോഹിതൻമാർ ഐക്യകണ്ഠേന തിരിച്ചറിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ അജ്ഞത യിൻമേലാണ് പൗരോഹിത്യമെന്ന ഇത്തിൾ കണ്ണികൾ തഴച്ച് വളരുക. ഈ പുരോഹിതന്മാരുടെ വഴി പിഴച്ച ഫത്‌വകൾ ജനങ്ങളെ വിശ്വാസപരമായി എത്രത്തോളം വ്യതിചലിപ്പിച്ചു എന്നതിന്റെ ഉദാഹരണങ്ങൾ ദർഗകളും അതിനെ ചുറ്റിപ്പറ്റി നടക്കുന്ന അനിസ്‌ലാമിക പ്രവർത്തനങ്ങളും തന്നെയാണ്. കെട്ടി ഉയർത്തിയ മൺകൂനയിലെല്ലാം അഭയം തേടാവുന്ന രീതിയിലേക്ക് ജനങ്ങൾ അധഃപ്പതിച്ചത് പുരോഹിതൻമാരുടെ പൈശാചിക ഫ്ത്‌വകൾ മൂലമാണ്. കേരളത്തിൽ സ്ഥിതി ചെയ്യുന്ന പല ദർഗകളിലും കുടികൊള്ളുന്നത് ആരാണെന്ന കാര്യം അതിന്റെ കൈകാര്യ കർത്താക്കൾക്ക്പോലും തിട്ടമില്ല. ഒരു ദർഗയോ അല്ലെങ്കിൽ ഒരു അനാഥ ശവമോ കണ്ടാൽ അതിനെ ചുറ്റിപ്പറ്റി കഥകൾ മെനഞ്ഞുണ്ടാക്കുക എന്ന ഒരു നിസ്സാര പണിമാത്രമെ പുരോഹിതന്മാർക്കുള്ളൂ. ബാക്കിയുള്ള ആചാരങ്ങൾ ജനങ്ങൾ ആയിക്കൊള്ളും. ഓരോരുത്തരുടേയും ഭാവനക്ക് അനുസരിച്ചും പ്രദേശത്തിനനുസരിച്ചും കഥകൾക്ക് നിറവും മണവും കൂടും. അതിനനുസരിച്ച് ജനങ്ങൾ വിശ്വാസപരമായി നിയന്ത്രണം വിടുകയും ചെയ്യും. കേരളത്തിൽ ഇന്ന് സമസ്തക്കാർ കൊണ്ട് നടക്കുന്ന മിക്ക ജാറങ്ങളുടെ ചരിത്രവും ഹൈന്ദവ ഐതിഹ്യങ്ങളുമായി വളരെയേറെ സാമ്യമുളളതാണ്. ഇത്തരത്തിൽ ഒന്നാണ് കാസർഗോഡ് ജില്ലയിലെ വൈക്കത്തുള്ള മണവാട്ടി ജാറവും അതിന് പിന്നിൽ പറഞ്ഞ്കേൾക്കുന്ന ഐതിഹ്യങ്ങളും.

വലിയ്യത്തുല്ലാഹി മണവാട്ടി ബീവി മഖാം എന്ന പേരിലാണ് ഈ മഖാം അറിയപ്പെടുന്നത്. മണവാട്ടി എന്ന് ആരെങ്കിലും പേരിടുമോ എന്ന ശങ്ക സമസ്ത ക്വുബൂരികളെക്കുറിച്ച് അറിയാവുന്നവർക്കുണ്ടാകില്ല. സമസ്തക്കാരുടെ മിക്ക ജാറങ്ങളിലും ഉണ്ട് എന്ന് പറയപ്പെടുന്നവർക്ക് ഇസ്‌ലാമികമായ ഒരു പേര് പോലും ഇല്ല എന്നതാണ് രസകരം. അന്ത്രു,കോയ,ബീരാൻ തുടങ്ങിയ പേരുകളിലാണ് ഇവർ അറിയപ്പെടുന്നത്. ചിലർക്ക് പേര് പോലും ഇല്ല എന്നതാണ് വാസ്തവം. പാലക്കാട് ജില്ലയിലെ നാട്ടുകല്ല് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ദർഗക്ക് പേരില്ല. അത്തരക്കാർ വലിയ്യുല്ലാഹി, വലിയ്യത്തുല്ലാഹി എന്നീ പൊതു പേരിലാണ് അറിയപ്പെടുന്നത്. അജ്ഞാത ജഢങ്ങൾക്ക് പേര് നിർമിച്ച് കൊടുക്കുന്നവർക്ക് പിന്നീട് അതിന്റെ പിന്നിലൊരു ചരിത്രവും സൃഷ്ടിക്കാൻ പ്രയാസമില്ല. അങ്ങനെ കെട്ടിവെച്ച പേരും ചരിത്രവുമാണ് സമസ്തക്കാരുടെ മിക്ക ഔലിയാക്കൾക്കുമുള്ളത്. അത്തരത്തിൽ ഒന്നു തന്നെയാണ് മണവാട്ടി ജാറവും. ഹൈന്ദവ ഐതിഹ്യങ്ങളിലെ യക്ഷിക്കഥകളുമായി നല്ല സാമ്യമുണ്ട് മണവാട്ടി ജാറത്തിന്റെ ചരിത്രത്തിന്. വെള്ളവസ്ത്രമുടുത്ത് പാതിരാത്രികളിൽ പാലമരച്ചുവട്ടിൽ പ്രത്യക്ഷപ്പെടുന്ന യക്ഷികൾ ഹൈന്ദവ ഐതിഹ്യങ്ങളിൽ സജീവമാണല്ലോ.

കാട്ടിൽ വിറക് പെറുക്കാൻ പോയ രണ്ട് ഹൈന്ദവ സ്ത്രീകൾ കാട്ടിൽ മരത്തിന് ചുവട്ടിൽ നിൽക്കുന്ന ഒരു മണവാട്ടിയെ കണ്ടത്രെ. മണവാട്ടി അവരോട് വെറ്റിലയും അടക്കയും ചോദിച്ചു. അതുമായി ചെന്നപ്പോൾ മണവാട്ടിയെ കാണാനുണ്ടായിരുന്നില്ലത്രെ. ഇത്രയുമാണ് കഥയുടെ ചുരുക്കം. ഇത് പോരേ ക്വുബൂരികൾക്ക് ജാറമുണ്ടാക്കാൻ. ഹൈന്ദവ ഐതിഹ്യങ്ങളിൽ പാലമര

ച്ചുവട്ടിലും പനയുടെ ചുവട്ടിലും പാതിരാത്രി പ്രത്യക്ഷപ്പെട്ട് വഴിപോക്കരോട് ചുണ്ണാമ്പ് ചോദിക്കുകയും ചുണ്ണാമ്പുമായി ചെല്ലുന്നവരുടെ കണ്ഠം പിളർന്ന് ചോര കുടിക്കുകയും ചെയ്യുന്ന കഥകൾ നാം വായിക്കാറുള്ളതാണല്ലോ. ഹൈന്ദവ ഐതിഹ്യങ്ങളിലെ യക്ഷികൾ ചോദിക്കാറുള്ളത് ചുണ്ണാമ്പാണെങ്കിൽ മണവാട്ടി ബീവി ചോദിച്ചത് അടക്കയും വെറ്റിലയുമാണ് എന്ന് മാത്രം.

മണവാട്ടിയെ കണ്ടവിവരം അന്നത്തെ ഖാളിയെ ജനങ്ങൾ അറിയിച്ചത്രേ. ഇപ്പോഴത്തെ ഖാളിയായ സയ്യിദ് മുഹമ്മദ് മദനി തങ്ങളുടെ ബാപ്പയായിരുന്നു അന്നത്തെ ഖാളി. അതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് ചില സ്വപ്ന ദർശനങ്ങൾ ഉണ്ടായതോടെ മണവാട്ടി ജാറത്തിന്റെ ഉത്ഭവമായി. മണവാട്ടി വെറ്റില ചോദിച്ചതിന്റെ സ്മരണക്കായി ഇവിടെ നേർച്ച അർപ്പിക്കുന്നത് വെറ്റിലയും അടക്കയുമാണ്. അറുപത്തി അഞ്ച് വർഷമായി ഇവിടെ ഉറൂസ് നടക്കുന്നു. ഉറൂസ് സമയത്ത് നൂറ് കണക്കിന് കുട്ടികൾ നിറയെ തുമ്മാൻ (വെറ്റിലയും അടക്കയും ഉൾപെടെയുള്ള മുറുക്കാന് വടക്കൻ ഭാഷയിൽ തുമ്മാൻ എന്നാണ് പറയുക) ഇവിടെ കാണിക്കയായി അർപ്പിക്കപെടുന്നു. എല്ലാ വ്യാഴാഴ്ച്ചയും നാലര മണിമുതൽ അഞ്ചര മണിവരെ നടക്കുന്ന കൂട്ടുപ്രാർത്ഥനക്ക് ശേഷം ചക്കരകഞ്ഞിയും തുമ്മാനും ഇവിടെനിന്നും പ്രസാദമായി നൽകുന്നു. ഈ പ്രസാദം വീടുകളിൽ സൂക്ഷിച്ച് ജനങ്ങൾ രോഗശമനത്തിനും മറ്റും ഉപയോഗിക്കുന്നു.

മറ്റെല്ലാ ജാറങ്ങളിലെപ്പോലെ ഇവിടെയും ചൂഷണത്തിന് ഇരകളാകുന്നത് സ്ത്രീകളാണ്. വിവാഹവും സന്താന സൗഭാഗ്യവും ഏതൊരു സ്ത്രീയുടെയും അടങ്ങാത്ത ആഗ്രഹമാണ്. അത്കൊണ്ട് തന്നെ വിവാഹം നടക്കാനും സന്താനങ്ങളെ ലഭിക്കാനുമാണ് മിക്കജാറങ്ങളിലും കൂടുതലും നേർച്ചകൾ ലഭിക്കാറുള്ളത്. മണവാട്ടി ജാറത്തിലും ഇത് തന്നെയാണ് സ്ഥിതി. മണവാട്ടി ജാറത്തിൽ തൂക്കിയിട്ടിരിക്കുന്ന വളകൾ കൊണ്ട് പോയി അണിഞ്ഞാൽ വിവാഹ സൗഭാഗ്യവും സന്താന സൗഭാഗ്യവും ലഭിക്കുമെന്നാണ് ക്വുബൂരികൾ വിശ്വസിക്കുന്നത്. ആ വിശ്വാസത്തിന് ബലം കിട്ടാൻ കള്ളക്കറാമത്ത് കഥകളുമായി ഈ  സമുദായത്തിന്റെ തീരാശാപമായ മുസ്‌ലിയാക്കൻമാർ ഇവിടെയും സജീവമായി രംഗത്തുണ്ട്. വലിയ വലിയ കറാമത്തുകളൊന്നും നിരത്താനില്ലെങ്കിലും താൻ ഏതൊരു കാര്യത്തിന് പുറത്തിറങ്ങിയാലും തനിക്കത് സാധിക്കാറുണ്ടെന്ന് ഇവിടെയുള്ള മുസ്‌ലിയാർ പറയുന്നു.

ചുറ്റുമുള്ള ക്വബ്റുകളിൽ മണവാട്ടി ബീവിയുടെ ബന്ധുക്കളാണത്രെ അടക്കം ചെയ്യപ്പെട്ടിരിക്കുന്നത്. ഏതൊ ഒരു മരച്ചുവട്ടിൽ കണ്ടു എന്ന് പറയപ്പെടുന്ന ഒരു സ്ത്രീക്ക് എങ്ങനെ ബന്ധുക്കൾ ഉണ്ടായി എന്ന ചോദ്യത്തിന് കൃത്യമായ ഒരു ഉത്തരം ദർഗാപരിപാലകർ പറയുന്നില്ല. വിശ്വാസികൾക്കിടയിൽ സ്വീകാര്യത ലഭിക്കാൻ മണവാട്ടിയെ യമനുമായി ബന്ധപ്പെടുത്തുന്ന ഒരു കഥയും പ്രചരിക്കുന്നുണ്ട്. പക്ഷെ എന്തൊക്കെ കഥകൾ പ്രചരിച്ചാലും അതൊക്കെ വെറും ഊഹാപോഹങ്ങൾ എന്നതിലുപരി അതിന് യാതൊരു അടിസ്ഥാനവും ഇല്ല. ഇതിന്റെ ഐതിഹ്യം പലരും പല രീതിയിലാണ് പറയുന്നത്. എല്ലാം കൂടി ചേർത്ത് വെച്ചാൽ വൈരുദ്ധ്യങ്ങളുടെ നീണ്ട നിര തന്നെയുണ്ട്. എന്ത് വൈരുദ്ധ്യങ്ങളുണ്ടായാലും, ഇനി മയ്യിത്ത് തന്നെയില്ലെങ്കിലും കുറച്ച് സിമന്റും മണലും പച്ച പെയിന്റും ഉണ്ടായാൽ അതിലേക്കുള്ള ആളെയും അതിന്റെ ചരിത്രവും ക്വുബൂരികൾ കഥകളിലൂടെ കണ്ടെത്തും. ആ കഥകൾ തങ്ങളാലാവും വിധം പ്രചരിപ്പിക്കുകയും ചെയ്യും. അതിന് എല്ലാ വിധ ആശീർവാദവും നൽകാൻ പുരോഹിതൻമാർ റെഡിയായിട്ട് നിൽക്കുമ്പോൾ മണവാട്ടി ജാറവും മണവാളൻ ജാറവും അമ്മായിഅമ്മ ജാറവും നാത്തൂൻ ജാറവും അങ്ങനെ പല പേരുകളിലും രൂപത്തിലും ഭാവത്തിലും ജാറങ്ങളും ഉണ്ടാകും. സമസ്തക്കാരുടെ മിക്ക ജാറങ്ങളുടെ ചരിത്രത്തിനും ഹൈന്ദവ വിശ്വാസങ്ങളുമായി അടുത്ത സാമ്യം ഉള്ളത് കൊണ്ട് ഇത്തരം ജാറങ്ങളിൽ ഹൈന്ദവരുടെ സാന്നിധ്യം വളരെ വലുതാണ്. തങ്ങളുടെ വിശ്വാസങ്ങളുമായി സാമ്യമുള്ള ചരിത്രങ്ങളായത്കൊണ്ട് ഹൈന്ദവർക്കും ഇത് ഉൾകൊള്ളാൻ യാതൊരു ബുദ്ധിമുട്ടുമില്ല. അന്ധവിശ്വാസത്തിന്റെ വിത്ത് പാകിയാൽ പെട്ടെന്ന് മുളക്കുകയും പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന വടക്കൻ ജില്ലകളിൽ ഇത്തരത്തിൽ രസകരങ്ങളായ നിരവധി ജാറങ്ങളും കഥകളുമുണ്ട്.

# അമ്പംകുന്ന് ബീരാനുപ്പാപ്പ ജാറം

**അമീർ ഒതുക്കുങ്ങൽ**

“ദിക്റിലുമുണ്ട് പ്രത്യേകതകൾ. ഉപ്പാപ്പയാണ് ദിക്ർ ചൊല്ലിക്കൊടുക്കുക. അത് മിക്കവാറും സാധാരണ ദിക്റുകളായിരിക്കുകയില്ല. ഉദാഹരണം: ഉപ്പാപ്പ ആദ്യം നീട്ടിച്ചൊല്ലുന്നു. 'ലാ കണ്ണ ഇല്ലല്ലാഹ്' ഇത് കേൾക്കേണ്ട താമസം പിള്ളേരും മുതിർന്നവരുമൊക്കെ ചങ്കുപൊട്ടുമാറ് ഉച്ചത്തിൽ ഏറ്റുചൊല്ലുന്നു. അങ്ങനെ കുറേ ചൊല്ലിക്കൊടുത്ത ശേഷം ഉപ്പാപ്പതന്റെ കൂടെയുള്ള മൊല്ലാക്കയോട് ചോദിക്കുന്നു. എത്രയായി? മൊല്ലാക്ക വായിൽതോന്നിയ ഒരെണ്ണം പറയും. 'നൂറ്' ഉടനെ ഉപ്പാപ്പ ദിക്ർ മറ്റൊന്നാക്കുന്നു. 'ലാ മൂക്ക ഇല്ലല്ലാഹ്' പിള്ളേരും മുതിർന്നവരും ഏറ്റുചൊല്ലുന്നു. കുറേ ചൊല്ലിയാൽ മൊല്ലാക്കയോട് ചോദിക്കുന്നു.

'എത്രയായി?'

'നൂറ്'

പിന്നെയും ദിക്ർ മാറ്റുന്നു. 'ലാ പല്ല ഇല്ലല്ലാഹ്'

ഈ ഇനത്തിൽ ഒരുപാടുണ്ട് മൂപ്പർ ചൊല്ലുന്ന ദിക്റുകൾ. കല്ലും മുള്ളും ഇല്ലല്ലാഹ്'' *(ബീരാൻ ഔലിയ ഉപ്പാപ്പ പേജ്. 6)*

'സുന്നി'കളുടെ പ്രധാന ഔലിയാക്കളിൽ പെട്ട ഒരാളായ ബീരാൻ ഉപ്പാപ്പയുടെ ദിക്റുകളുടെ രീതിയാണ് മുകളിൽ വിവരിച്ചത്. കേട്ടിട്ട് ഒരു പടുഭ്രാന്തന്റെ ജൽപനങ്ങളായി തോന്നുന്നില്ലേ? സംശയിക്കേണ്ട ഔലിയ ക്വുബൂരികളുടേതാണ്. ഇസ്‌ലാമിന്റേതല്ല. അപ്പോൾ പിന്നെ അൽപ്പം ഭ്രാന്തും ഭ്രാന്തൻ ജൽപനങ്ങളും നിർബന്ധമാണല്ലോ. ഇത് മാത്രമല്ല ബീരാൻ ഉപ്പാപ്പാക്ക് കണ്ണും മൂക്കും ചെവിയും തലയും വാലും കല്ലും മുള്ളും മുരടും എല്ലാം അല്ലാഹുവാണ്. ഇതിനാണ് അദ്വൈത സിദ്ധാന്തമെന്ന് പറയുക. ആ അദ്വൈതത്തിന് അറബിക്കുപ്പായമിട്ട് ക്വുബൂരികൾ അവതരിപ്പിക്കാറുള്ളത് വഹ്ദത്തുൽ വുജൂദ് എന്ന ഓമനപ്പേരിലാണ്. വഹ്ദത്തുൽ വുജൂദ് പ്രകാരം ഈ ലോകത്ത് കാണുന്ന എല്ലാ ചണ്ടിപണ്ടാരങ്ങളിലും അല്ലാഹുവിന്റെ ഉണ്മയുണ്ട്. എന്തുകുന്തത്തിനെ ആരാധിച്ചാലും അത് അല്ലാഹുവിനെ ആരാധിക്കുന്നതുപോലെയാണ്. ആ വഹ്ദത്തുൽ വുജൂദിന്റെ ഒരു ഉൽപന്നം മാത്രമാണ് ബീരാൻ ഉപ്പാപ്പ.

കൊണ്ടോട്ടിക്കടുത്ത ചീക്കോട് ഗ്രാമത്തിലാണ് ബീരാൻ ഉപ്പാപ്പയുടെ ജന്മഗൃഹമെന്ന് ക്വുബൂരികൾ ചരിത്രപുസ്തകത്തിലൂടെ പരിചയപ്പെടുത്തുന്നു. പള്ളിദർസുകളിൽ ഓതുന്നതോടൊപ്പം വീട്ടുകാരെ കൃഷിപ്പണികളിൽ ബീരാൻ സഹായിച്ചിരുന്നത്രെ. അങ്ങനെ ഒരു മുസ്‌ലിമിന്റെ കോലത്തിൽ ജീവിക്കുന്നതിനിടയിലാണ് ബീരാനെ പിശാച് വഴിപിഴപ്പിച്ചത്. ചിലശൈഖുമാരുമായി ബന്ധപ്പെടുത്തിയാണ് പിശാച് ഇയാളെ വഴിപിഴപ്പിച്ചത്. ശൈഖുമാരുമായി ബന്ധപ്പെട്ടാൽ അല്ലാഹുവിലേക്കെത്താനുള്ള കുറുക്കുവഴികളാണ് പിന്നെ അന്വേഷിക്കുക. പ്രവാചകന്മാർ കാണിച്ചുതന്ന 'സിറാത്തുൽ മുസ്ത്വഖീം' എന്ന നേരായ പാത ഇവർക്ക് പറ്റുകയില്ല. അല്ലാഹുവിലേക്കെത്താനുള്ള കുറുക്കുവഴികൾ തപ്പിനടക്കാറാണ് സമസ്തക്കാരുടെ ഔലിയാക്കൾ. ആ കുറുക്കുവഴികൾ കാണാൻ തൗഹീദിന്റെ മലകൾ തുരന്നും ബഹ്റുകൾ മുങ്ങിത്തപ്പിയും ഇവർ കറങ്ങിനടക്കും. അങ്ങനെ തപ്പിത്തപ്പിയാണ് വഹ്ദത്തുൽ വുജൂദിലേക്കെത്തുക. ഇസ്‌ലാം പഠിപ്പിച്ച രീതിയിൽ അല്ലാഹുവിലേക്കെത്തണമെങ്കിൽ ഇബാദത്തുകൾ ചെയ്യണം. ഫർദുകൾ അനുഷ്ഠിക്കണം. സുന്നത്തുകൾ വർദ്ധിപ്പിക്കണം. കറാഹത്തുകൾപോലും ഒഴിവാക്കണം. അതിനൊന്നും സമസ്ത

ക്കാരുടെ ഔലിയാക്കൾക്ക് നേരമില്ല. അതുകൊണ്ട് നേരെ വഹ്ദത്തുൽ വുജൂദിൽ എത്തുക യാണ് പതിവ്. അതിലെത്തിയാൽ പിന്നെ കാണുന്നതെല്ലാം അല്ലാഹുവായി മാറും. അത് ഇവർതന്നെ വിവരിക്കുന്നത് കാണുക.

''ചില റാത്തീബുകളിൽ ഇതുപോലെയുള്ള ദിക്റുകൾ കാണാം. ഉദാഹരണം: ഹാ, ഹൂ, ഹീ, ഹം അല്ലാഹ്. എന്താണിതിനർത്ഥം? അറിഞ്ഞുകൊള്ളുവിൻ അവനും അവളും അവരും ഒക്കെ അല്ലാഹുവിന്റെ ഖുദ്റത്തിന്റെ ചിഹ്നങ്ങളാണ്. അതായത് ദിവ്യചൈതന്യങ്ങളാണ് ഈ കാണുന്ന സർവ്വത്രപ്രപഞ്ചങ്ങളും. ഇതൊന്നും അല്ലാഹുവിന് അന്യമല്ല. ഇതാണ് ആ ദിക്റിന്റെ ആശയം. ലാ മൗജൂദ ഇല്ലല്ലാഹ് എന്നതിന്റെ അതേ ആശയംതന്നെ. അല്ലാഹുവല്ലാതെ പ്രപഞ്ചങ്ങളിലെങ്ങും ഒന്നുമില്ലെന്നർത്ഥം'' *(അതേ പുസ്തകം. പേജ്. 9)*

ഈ അവസ്ഥക്ക് സമസ്തക്കാർ ഇട്ട ചില ഓമനപ്പേരുകളുണ്ട്. രിയാളകൾ, മുറാഖബകൾ എന്നൊക്കെയാണ് ഇതിന് പറയുക. പക്ഷെ കോലവും ശീലവും വെച്ചുനോക്കുമ്പോൾ ഇതിന് മലയാളത്തിൽ കൊടുക്കാൻ പറ്റിയ പേര് വട്ട്, ഭ്രാന്ത്, കിറുക്ക് എന്നൊക്കെയാണ്. കാരണം, ഈ അവസ്ഥയിലെത്തിയാൽ സ്വയബുദ്ധിയുള്ള മനുഷ്യന്മാർ ചെയ്യുന്ന കാര്യങ്ങളാകില്ല ഇവർ ചെയ്യു ക. ബീരാൻ ഉപ്പാപ്പയെപറ്റി പറയുന്നത് നോക്കൂ.

''മാസങ്ങളോളം അന്നപാനീയമില്ലാതെ ധ്യാനനിരതനായി കഴിയുകയായിരുന്നു. അക്കാലത്ത് വന്യജീവികളുമായിട്ടായിരുന്നു കൂട്ട്. ചുള്ളിക്കാട് മലയിലും കുറച്ച്കാലം മുറാഖബയിൽ കഴിച്ചു കൂട്ടി'' *(പേജ്. 12)*

റസൂലും സ്വഹാബത്തും പലപ്പോഴും അന്നപാനീയമില്ലാതെ കഴിച്ചുകൂട്ടിയിട്ടുണ്ട്. അതുപക്ഷെ രിയാളയും മുറാഖബയും അനുഷ്ഠിച്ചിട്ടല്ലായിരുന്നു. തിന്നാനും കുടിക്കാനും കിട്ടാഞ്ഞിട്ടായിരു ന്നു. പക്ഷെ സമസ്തക്കാരുടെ ഔലിയാക്കൾ തിന്നാനും കുടിക്കാനും കിട്ടിയാലും അത് ചെയ്യില്ല. പകരം പട്ടിണികിടന്ന് നാടുവിടും. കുടുംബത്തെ ഉപേക്ഷിച്ച് തെണ്ടാനിറങ്ങും. ചിലപ്പോൾ ഏതെ ങ്കിലും കാട്ടിൽ ചടഞ്ഞുകൂടിയിരിക്കും. സ്വതന്ത്രമായ സ്വൈരവിഹാരത്തിന് കുടുംബം തടസ്സമാ യാൽ ഭാര്യയെ മൊഴിചൊല്ലും, മക്കളെ ഉപേക്ഷിക്കും. ഇങ്ങനെയൊക്കെയാണ് ഇവർ വിലാ യത്തും കറാമത്തും പ്രകടിപ്പിക്കാറുള്ളത്.

ഇയാളുടെ മറ്റൊരു സ്വഭാവത്തെകുറിച്ചുകൂടി പുസ്തകത്തിൽ വിവരിക്കുന്നത് കാണുക:

''ജാതിയും മതവുമൊന്നുമല്ല ഉപ്പാപ്പയുടെ നോട്ടം. എല്ലാ മതക്കാർക്കും സ്വാഗതം. പക്ഷെ മുസ്ലിംകൾ മുസ്ലിംകളായി തന്നെ ജീവിക്കണം. തെമ്മാടികളായ മുസ്ലിംകളെ ഉപ്പാപ്പ എറി ഞ്ഞോടിക്കും. അതേ സമയത്ത് ഇതരമതക്കാരെ സഹർഷം സ്വാഗതം ചെയ്യുന്നതുമാണ്. മുസ്ലിം നാമധാരികളേക്കാൾ പരിഗണന ഇതരമതസ്ഥർക്കാണവിടെ.'' *(പേജ്. 13)*

ഇയാളുടെ അടുത്ത് നാനാ മതസ്ഥരും ഒരുമിച്ച് കൂടിയില്ലെങ്കിലേ അത്ഭുതമുള്ളൂ. മതമില്ലാത്ത വനും വേണമെങ്കിൽ ഇവിടെ ദിക്റുകൾ ചൊല്ലാം. കാരണം ഇയാളുടെ ദിക്ർ ഹൽഖകളിൽ നട ക്കുന്ന ദിക്റുകൾ ഒരു മുഅ്മിൻ ചൊല്ലാൻവേണ്ടി നബി(സ്വ) പഠിപ്പിച്ച ദിക്റുകളല്ല. മുച്ചീട്ടുകളി ക്കാർക്കുവരെ പറ്റിയ ദിക്റുകൾ ഇയാളുടെ കയ്യിലുണ്ട്. 'ലാ മുച്ചീട്ട ഇല്ലല്ലാഹ്' എന്നതാണ് ആ 'മഹത്തായ' ദിക്ർ!!!

നാട്ടുകാരുടെ എല്ലാവരുടെയും ആശാകേന്ദ്രമായിരുന്നു എന്ന് പറയപ്പെട്ടിരുന്ന ബീരാൻ ഉപ്പാ പ്പാക്ക് പക്ഷെ സ്വന്തം വീട്ടുകാരെ നോക്കാനോ ശ്രദ്ധിക്കാനോ താൽപര്യമുണ്ടായിരുന്നില്ല. വീടു മായി വലിയ ബന്ധമില്ലായിരുന്നുവെന്നും ഇടക്കെപ്പോഴെങ്കിലും കയറിച്ചെന്ന് പെട്ടെന്ന് ഇറങ്ങി പ്പോരാറാണ് പതിവ് എന്നും പുസ്തകത്തിൽ പറയുന്നുണ്ട്. മുജാഹിദുകളുടെ കൂട്ടത്തിൽ ഏതെ

ങ്കിലും ഔലിയ ഉണ്ടോ എന്ന് ചില കുട്ടിമുസ്‌ലിയാക്കന്മാരും സ്റ്റേജിൽ കയറിയാൽ ബഡായി പൊട്ടിക്കുന്ന ഒരു മുൻക്വുബൂരി കേന്ദ്രമന്ത്രിയും ഇടക്കിടെ വീരവാദം മുഴക്കി ചോദിക്കാറുണ്ട്. തിരിച്ച് ചോദിക്കട്ടെ. അല്ലാഹുവും റസൂലും പറഞ്ഞതും പഠിപ്പിച്ചതുമായ രീതിയിൽ ജീവിച്ച് മരിച്ചുപോയ എത്രയെണ്ണമുണ്ട് ഇന്ന് കേരളത്തിൽ സമസ്തക്കാർ കൊണ്ടുനടക്കുന്ന 'ഔലിയാക്കളുടെ' കൂട്ടത്തിൽ?.

ഏതായാലും ഇങ്ങനെയൊക്കെ തെണ്ടിത്തിരിഞ്ഞ് വായിൽതോന്നിയത് ദിക്റാക്കിയും വിളിച്ചുകൂവിയും നടന്നിരുന്ന ബീരാൻ ഉപ്പാപ്പ അവസാന നാളുകൾ കഴിച്ചുകൂട്ടിയത് പാലക്കാട് ജില്ലയിലെ അമ്പൻകുന്നിലാണ്. ഏതോ ഒരു മുഹമ്മദ് മുസ്‌ലിയാരുടെ വീട്ടിലായിരുന്നു അന്ത്യനാളുകൾ. മരണപ്പെട്ടപ്പോൾ ഈ മുസ്‌ലിയാരുടെ വീട്ടിനുള്ളിൽതന്നെ മറമാടുകയും ചെയ്തു. ഇന്ന് ഈ മക്ബറ കേരളത്തിലെ ക്വുബൂരികളുടെ പ്രധാനപ്പെട്ട ഒരു ആശാകേന്ദ്രമാണ്. ഇവിടെ ആണ്ടോടാണ്ട് ഗംഭീര നേർച്ചയും മറ്റും നടക്കുന്നു. ഹൈന്ദവാചാരപ്രകാരമുള്ള ഒരു വിധം കാര്യങ്ങളൊക്കെ ഈ ദർഗ്ഗയിൽ നടമാടുന്നുണ്ട്. ഹൈന്ദവാചാരമായ മുട്ടറുക്കൽ ഇവിടുത്തെ ഒരു പ്രധാന ചടങ്ങാണ്. അതിവിടെ നിത്യകാഴ്ചകളുമാണ്. തേങ്ങക്ക് മുകളിൽ കർപ്പൂരം കത്തിച്ച് ചില പ്രത്യേക അപശബ്ദങ്ങൾ മന്ത്രങ്ങൾ എന്നപേരിൽ ചൊല്ലി പെൺകൊടിമാരെ ശരീരത്തിന് ചുറ്റും പലപ്രാവശ്യം ഉഴിഞ്ഞ് മുട്ടറുക്കുന്ന കാഴ്ച ചില കുട്ടിച്ചാത്തൻ മഠങ്ങളിൽ എന്നപോലെ അമ്പംകുന്ന് ജാറത്തിലും കാണാം.

ജാറത്തിന് അടുത്തുതന്നെ അമ്പംകുന്ന് കോയാക്ക ഫണ്ട് എന്നപേരിൽ മറ്റൊരു കേന്ദ്രംകൂടിയുണ്ട്. ഇവിടെയും ക്വുബൂരീ വിശ്വാസികൾ യഥേഷ്ടം എത്തുന്നുണ്ട്. കോഴിക്കോട് ജില്ലക്കാരനായ ഒരു കോയാക്കയാണ് ഇതിന്റെ നിർമ്മാതാവ്. തനിക്ക് ബീരാൻ ഉപ്പാപ്പയിൽനിന്നും അനുഗ്രഹം ലഭിച്ചിട്ടുണ്ടെന്നാണ് ഇയാൾ അവകാശപ്പെടുന്നത്. അതിന്റെ അടിസ്ഥാനത്തിൽ സിമന്റ്കൊണ്ട് പത്തായരൂപത്തിൽ ഒരു സാധനവും ഇവിടെ നിർമ്മിച്ചുവെച്ചിട്ടുണ്ട്. അതിലേക്ക് ജനങ്ങൾ കാശിടുകയും അതിനെ മുത്തിമണക്കുകയും ചെയ്യുന്നു. എന്നാൽ കോയാക്ക ഫണ്ടുകാർ പറയുന്നത് മുഴുവനും പച്ചക്കള്ളമാണെന്നും അവർക്ക് ബീരാൻ ഉപ്പാപ്പയുമായി ഒരു ബന്ധവുമില്ലെന്നും ദർഗയുടെ പരിപാലകർ ഞങ്ങളോട് പറഞ്ഞു. ഇവർതമ്മിലുള്ള പോരും പകയും ഇവിടെ പ്രകടമാണ്. ഇയ്യാംപാറ്റകളെപ്പോലെ ഇങ്ങോട്ടും കൂട്ടത്തോടെ ക്വുബൂരി വിശ്വാസികൾ ഓടിയെത്തുന്നു. അവരെ ചൂഷണം ചെയ്ത് പുരോഹിതന്മാർ തടിച്ചുകൊഴുക്കുന്നു. എന്നിട്ട് ''ഞാനൊന്നുമറിഞ്ഞില്ലേ...'' എന്നമട്ടിൽ ഖുറാഫീ മുസ്‌ലിയാക്കന്മാർ കൈമലർത്തുകയും ചെയ്യുന്നു. എന്തൊക്കെയായാലും ക്വുബൂരികളുടെ ഭ്രാന്തൻ ഔലിയാക്കളായ വേങ്ങര കോയപ്പാപ്പ, സി.എം. മടവൂർ, ഓച്ചിറ കുപ്പസ്വാമി തുടങ്ങിയവർപോലെ വായിൽതോന്നിയതൊക്കെ ദിക്റായി ചൊല്ലിയിരുന്ന ബീരാൻ ഉപ്പാപ്പാക്കും ക്വുബൂരി ഔലിയാക്കളിൽ മുന്തിയ സ്ഥാനമാണുള്ളത്. ക്വുബൂരി ഔലിയാക്കളിൽ സ്ഥാനമില്ലാത്തത് ഒരുവിധം മര്യാദക്കൊക്കെ ആരാധനാമുറകൾ നടത്തി ജീവിച്ചിരുന്നവർക്കാണ്.